# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

പുസ്തകം 61 ലക്കം 10 ജനുവരി 2022



## ഏകീകൃത തദ്ദേശസ്വയംഭരണം യാഥാർത്ഥ്യമാവുമ്പോൾ

എം.വി. ഗോവിന്ദൻ മാസ്റ്റർ

## തദ്ദേശസ്വയംഭരണ പൊതുസർവ്വീസും പൗരകേന്ദ്രീകൃത ഭരണനിർവ്വഹണവും

ഡോ.സി.പി.വിനോദ്

## പഞ്ചായത്തുഭരണവും സ്റ്റാന്റിംഗ് കമ്മിറ്റികളും

കെ.ആർ.രഞ്ജിത്ത്


'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ
നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
നമ്മുടെ
ലക്ഷ്യം
മാലിന്യമുക്ത
കേരളം
പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

പഞ്ചായത്ത്‌രാജ്
ജനുവരി 2022

# അകത്ത്






ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് യാഥാർത്ഥ്യമാവുമ്പോൾ
എം.വി. ഗോവിന്ദൻ മാസ്റ്റർ 5

തദ്ദേശസ്വയം ഭരണ വകുപ്പ് ഏകീകരണം പുതിയ സേവന സംസ്കാരം
ഡി. ബാലമുരളി ഐ.എ.എസ്. 9

തദ്ദേശസ്വയംഭരണ പൊതു സർവീസും പൗരകേന്ദ്രീകൃത ഭരണ നിർവഹണവും
ഡോ. സി.പി. വിനോദ് 13

പ്രാദേശിക ഭരണ മികവ് കൈവരിക്കാൻ കരുത്തുറ്റ ഏകീകൃത ഭരണ വകുപ്പ്
ഡോ. എൻ. രമാകാന്തൻ 17

ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ഡോക്യുമെന്റേഷൻ റിപ്പോർട്ട് സമർപ്പിച്ചു 20

2022-23 കേന്ദ്രബഡ്ജറ്റിലെ കാണാപ്പുറങ്ങൾ
ഹസൈൻ എം. മിന്നത്ത് 21

പഞ്ചായത്ത് ഭരണവും സ്റ്റാന്റിംഗ് കമ്മിറ്റികളും
കെ.ആർ. രഞ്ജിത്ത് 26

ആപ്പുകൾ ആപ്പാക്കുന്ന ലോകം
ടി. ഷാഹുൽ ഹമീദ് 29

വയലേലകളിൽ മാറ്റം വിതക്കുമ്പോൾ
അനീഷ് കുമാർ ബി. 34

എള്ളുകൃഷി എള്ളോളമില്ലാതെയാകുമോ?
മുരളീധരൻ തഴക്കര 40

## പംക്തികൾ

വാർത്തകൾ വിശേഷങ്ങൾ 33
ഊരും പേരും -18 39
എന്ന് വായനക്കാർ 42

ജനുവരി 2022
പുസ്തകം 61 ലക്കം 10
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

പഞ്ചായത്ത്‌രാജ്
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
**എം.വി. ഗോവിന്ദൻ മാസ്റ്റർ**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
ശാരദാ മുരളീധരൻ ഐ.എ.എസ്.
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
എസ്. ഹരികിഷോർ ഐ.എ.എസ്.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. എം. ഉഷ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സാബ്ലു തോമസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ഷിബു കെ.കെ.
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
എച്ച്. ദിനേശൻ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
എച്ച്. ദിനേശൻ ഐ.എ.എസ്.
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ഷിബു കെ.കെ.
Email: prmdp2020@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 9847235884

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത്‌രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

## എഡിറ്റോറിയൽ

# ഏകീകൃത തദ്ദേശസ്വയംഭരണ സർവ്വീസിന്റെ വിജയത്തിനായി ഒന്നിച്ച് നിൽക്കാം

സർക്കാർ ജനപക്ഷമായി മാറുന്നത് ഭരണയന്ത്രത്തിന്റെ നവീകരണത്തിലൂടെ ഉദ്യോഗസ്ഥ വൃന്ദത്തിന് തങ്ങളുടെ കടമകളും ചുമതലകളും നിർവ്വഹിക്കാൻ സാധ്യമാക്കുന്നതിലൂടെയാണ്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് യാഥാർത്ഥ്യമാക്കുന്നതും ഇത്തരം ഭരണ പരിഷ്കാരത്തിന്റെ ഭാഗമായാണ്. ഇതിലൂടെ ജനങ്ങൾക്ക് കൂടുതൽ കാര്യക്ഷമതയോടെയും വേഗത്തിലും അഴിമതി മുക്തമായും സേവനങ്ങൾ ലഭ്യമാക്കാനാവും.

തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് നിലവിൽ വരുന്നതോടെ സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളും നഗരസഭകളും ഉൾപ്പെടെ 1200 തദ്ദേശസ്ഥാപനങ്ങളിലായി 21000 ജനപ്രതിനിധികളും ആസ്ഥാന -ജില്ലാ-സ്ഥാപനതല കാര്യാലയങ്ങളിലായി ആകെ 31400-ലധികം ജീവനക്കാരും 7500-ലധികം കണ്ടിജന്റ് ജീവനക്കാരും ഉൾപ്പെടുന്ന വിപുലമായ ഭരണ നിർവ്വഹണ/സേവന ശൃംഖലയാണ് നിലവിൽ വരിക.

സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന പഞ്ചായത്ത്, ഗ്രാമവികസനം,നഗരകാര്യം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം , നഗരഗ്രാമാസൂത്രണം എന്നീ വകുപ്പുകളെ ഏകോപിപ്പിക്കുകയാണ് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിക്കുന്നതിലൂടെ യാഥാർത്ഥ്യമാകുന്നത്. അഞ്ച് വകുപ്പുകളിലൂടെ വിവിധ രീതിയിൽ നിർവ്വഹണം നടത്തി വരുന്ന വികസന പ്രവർത്തികൾ ഒരു കുടക്കീഴിൽ കൊണ്ടു വരുന്നതിലൂടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്ന പ്രാദേശിക വികസന പദ്ധതികൾ വളരെ ഫലപ്രദമായും ജനോപകാരപ്രദമായും നടപ്പാക്കാൻ കഴിയുമെന്നുള്ളതാണ് വകുപ്പുകളുടെ സംയോജനം വഴി സാധ്യമാകുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം. ജനക്ഷേമ പദ്ധതികൾ സർക്കാർ വിഭാവനം ചെയ്യുന്ന രീതിയിൽ അതിന്റെ പൂർണ്ണ അർത്ഥത്തിൽ കാലതാമസം കൂടാതെ നടപ്പാക്കുക വഴി പ്രാദേശിക വികസനം സമൂഹത്തിലെ എല്ലാവരിലും എത്തിക്കാൻ കഴിയും.

കേരളത്തിന്റെ സമഗ്രമായ വികസനത്തിന് കരുത്തേകാൻ ഉതകുന്നതും ജനകീയവും സേവന പ്രധാനവുമായ സർവ്വീസ് ഉറപ്പ് വരുത്തുന്നതുമായ ചരിത്രപരമായ കാൽ വയ്പാണ് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ രൂപീകരണത്തിലൂടെ സർക്കാർ യാഥാർത്ഥ്യമാക്കിയത്. ആയതിന്റെ വിജയത്തിനായി നമുക്ക് ഒന്നിച്ച് നിൽക്കാം.

**എച്ച്. ദിനേശൻ ഐ.എ.എസ്.**
പഞ്ചായത്ത് ഡയറക്ടർ

**നിങ്ങൾക്ക് സൂര്യനെപ്പോലെ തിളങ്ങണമെങ്കിൽ**
**ആദ്യം സൂര്യനെപ്പോലെ കത്തിജ്ജ്വലിക്കുക**
- എ.പി.ജെ. അബ്ദുൽ കലാം




# ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് യാഥാർത്ഥ്യമാവുമ്പോൾ



■ **എം.വി. ഗോവിന്ദൻ മാസ്റ്റർ**
**തദ്ദേശസ്വയംഭരണ, എക്സൈസ് വകുപ്പുമന്ത്രി**

'നികുതിപിരിവും സമാധാന പരിപാലനവും മാത്രമല്ല, എല്ലാ വിഭാഗങ്ങളിലും പെടുന്ന ജനങ്ങളുടെ, വിശേഷിച്ചും പാവപ്പെട്ടവരുടെ ക്ഷേമം വളർത്തലും കൂടിയാണ് ഗവൺമെന്റിന്റെ ലക്ഷ്യം. രീതി ജനാധിപത്യപരമാകണം. സ്വാതന്ത്ര്യം ലഭിക്കുന്നത് വരെ ഭരണയന്ത്രത്തിന്റെ കൂറ് ആത്യന്തികമായി വിദേശശക്തിയോടായിരുന്നെങ്കിൽ, ഇനിയങ്ങോട്ട് അതിന്റെ ഉത്തരവാദിത്തം ജനങ്ങളോടും ജനപ്രതിനിധികളോടുമായിരിക്കും എന്നുവന്നു. ഈ മാറ്റങ്ങൾ ഭരണ സംവിധാനത്തിനും ഉദ്യോഗസ്ഥവൃന്ദത്തിനും പുതിയ കടമകളും ചുമതലകളും സൃഷ്ടിച്ചിരിക്കുന്നു. ഇത് അവരുടെ മനോഭാവത്തിലും കാഴ്ചപ്പാടിലും വൈദഗ്ധ്യത്തിലും പരിശീലനത്തിലും സമഗ്രമായ നവീകരണം ആവശ്യമാക്കിതീർക്കുന്നു.'

## കേരള ഭരണപരിഷ്കാര കമ്മിറ്റി (1958)

ഉദ്യോഗസ്ഥരുടെ ഭരണത്തിൽ നിന്നും ജനങ്ങളുടെ ഭരണത്തിലേക്ക് എന്ന ലേഖനത്തിൽ സംസ്ഥാനത്തെ ആദ്യത്തെ ഭരണ




പരിഷ്കാരക്കമ്മിറ്റിയുടെ അധ്യക്ഷനായ ഇ എം എസ് ഉദ്ധരിച്ച പരാമർശമാണ് മുകളിലെഴുതിയത്. ആ കമ്മിറ്റി മുമ്പാകെ എത്തിയ സാക്ഷികളുടെ 'ഭരണവ്യവസ്ഥയ്ക്ക് എന്തെങ്കിലും തകരാറുണ്ടോ?' എന്ന ചോദ്യത്തിനുള്ള ഉത്തരം തേടുമ്പോഴാണ് മുകളിൽ പറഞ്ഞ നിരീക്ഷണമുണ്ടായത്. ഭരണയന്ത്രത്തിന്റെ നവീകരണത്തിലൂടെ മാത്രമേ തങ്ങളുടെ കടമകളും ചുമതലകളും നിർവഹിക്കാൻ ഉദ്യോഗസ്ഥവൃന്ദത്തിന് സാധിക്കുകയുള്ളൂ. അപ്പോഴാണ് അത് ജനപക്ഷമായി മാറുന്നത്. ഐക്യകേരളമുണ്ടായ കാലം മുതൽ നിലവിലുള്ള ഭരണ സംവിധാനത്തിൽ അന്നുവരെ ഇല്ലാതിരുന്ന നിരവധി സവിശേഷതകൾ പിന്നീട് സ്വീകരിച്ചിട്ടുണ്ട്. അവയെ ഉൾക്കൊള്ളാതെ ഭരണം മുന്നോട്ടുകൊണ്ടുപോകാനാവില്ല. അതാത് കാലത്തെ പരിതസ്ഥിതിയിലെ പുതിയ ഘടകങ്ങൾ കൃത്യമായും ഏവയെന്നും അവയെ എങ്ങനെ കൈകാര്യം ചെയ്യണമെന്നും കണ്ടുപിടിച്ച് മുന്നോട്ടുപോകാനാണ് ഇ എം എസിന്റെ നേതൃത്വത്തിലുള്ള ഒന്നാം ഭരണ പരിഷ്കാര കമ്മീഷൻ നിർദേശിച്ചത്. ഇത്തരത്തിലുള്ള ചിന്തകളും ഭരണ സംവിധാനത്തെ പരിഷ്കരിക്കാനുള്ള പരിശ്രമങ്ങളും ഇടതുപക്ഷ ഭരണകാലങ്ങളിലെല്ലാം ഉയർന്നുവന്നിട്ടുണ്ട്. രണ്ടാം പിണറായി വിജയൻ സർക്കാർ ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് യാഥാർത്ഥ്യമാക്കുന്നതും ഭരണപരിഷ്ക്കാരത്തിന്റെ ഭാഗമായാണ്.

●●●

**അധികാര വികേന്ദ്രീകരണ പ്രക്രിയയെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ശക്തിപ്പെടുത്താനുതകുന്ന രീതിയിലാണ് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിച്ചിരിക്കുന്നത്**

●●●

ഇതിലൂടെ ജനങ്ങൾക്ക് കൂടുതൽ കാര്യക്ഷമതയോടെയും വേഗത്തിലും അഴിമതിമുക്തമായും സേവനങ്ങൾ ലഭ്യമാക്കാനാവും.

അധികാര വികേന്ദ്രീകരണ പ്രക്രിയയെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ശക്തിപ്പെടുത്താനുതകുന്ന രീതിയിലാണ് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരിച്ചിരിക്കുന്നത്. സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം, നഗര-ഗ്രാമാസൂത്രണം എന്നീ വകുപ്പുകളെ ഏകോപിപ്പിക്കുകയാണ്. ഏകീകൃത വകുപ്പിൽ റൂറൽ, അർബൻ, പ്ലാനിംഗ്, എഞ്ചിനീയറിംഗ് എന്നീ നാലു വിഭാഗങ്ങളാണ് ഉണ്ടാവുക. റൂറൽ, അർബൻ വിഭാഗങ്ങളുടെ തലവന്മാർ ഐ എ എസ് തസ്തികയിലുള്ള ഡയറക്ടർമാരാണ്. പ്ലാനിംഗ് വിഭാഗത്തിന്റെ തലവൻ ചീഫ് ടൗൺ പ്ലാനറും എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ തലവൻ ചീഫ് എഞ്ചിനീയറുമായിരിക്കും. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പേരിലും മാറ്റമുണ്ടാകും. ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ആന്റ് എഞ്ചിനീയറിംഗ് എന്നാണ് ഇനി ആ വിഭാഗം അറിയപ്പെടുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനത്തിന് സഹായകരമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പബ്ലിക് ഹെൽത്ത് ആന്റ് എൻവയൺമെന്റ് മാനേജ്മെന്റ്, കമ്മ്യൂണിക്കേഷൻ, എംപവർമെന്റ്, ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് എന്നീ ഉപവിഭാഗങ്ങളും ഉണ്ടാവും. സംസ്ഥാന തലത്തിൽ പ്രിൻസിപ്പൽ ഡയറക്ടറേറ്റാണ് ഉണ്ടാവുക. തിരുവനന്തപുരത്തെ സ്വരാജ്ഭവൻ ഇതിനായി ഒരുങ്ങിക്കഴിഞ്ഞു. ഏകീകൃത വകുപ്പിന്റെ മേധാവി പ്രിൻസിപ്പൽ ഡയറക്ടറായിരിക്കും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഭരണപരമായ സഹായം എത്തിച്ചുകൊടുക്കുക എന്നതാണ് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രധാന ലക്ഷ്യം. മുപ്പത്തി ഒന്നായിരത്തിലധികം സ്ഥിരം ജീവനക്കാരും ഏഴായിരത്തോളം വരുന്ന കണ്ടിജന്റ് ജീവനക്കാരും ചേരുന്ന ഒരു പൊതുസർവ്വീസാണ് സംസ്ഥാനത്തും ജില്ലയിലും ഏകീകൃത കാര്യാലയങ്ങൾ സഹിതം നിലവിൽ വരുന്നത്. ഇവരെയെല്ലാം മേൽപ്പറഞ്ഞ ലക്ഷ്യം നേടുന്നതിനായി ജൈവികമായി ബന്ധിപ്പിക്കുകയും സാങ്കേതിക സഹായത്തോടെ ഏകോപിത പിന്തുണാസംവിധാനമായി മാറുകയും ചെയ്യും.

ഏകീകൃത തദ്ദേശ സ്വയംഭരണ കേഡറിനെ കുറിച്ച് സംസ്ഥാനത്തെ ഒന്നാം ഭരണ പരിഷ്കാര കമ്മീഷൻ സൂചിപ്പിച്ചിട്ടുള്ളത്, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായുള്ള ഗുണഫലങ്ങൾ സാധാരണക്കാരായ ജനങ്ങൾക്ക് കൂടുതൽ അനുഭവവേദ്യമാക്കുവാൻ വേണ്ടിയുള്ളതാവണം എന്നാണ്. സെൻ കമ്മറ്റിയും 2013ലെ മണിശങ്കർ അയ്യർ കമ്മീഷൻ റിപ്പോർട്ടും ഇതേക്കുറിച്ച്

വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്. സംസ്ഥാനത്തിനോ, ജില്ലയ്ക്കോ തദ്ദേശസ്വയംഭരണ ജീവനക്കാർക്കായുള്ള സർവ്വീസ് ഉണ്ടാക്കാം എന്ന് കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 179(3)ൽ പറയുന്നു. കേന്ദ്ര പഞ്ചായത്ത് മന്ത്രാലയം കേരളമടക്കം അഞ്ചു സംസ്ഥാനങ്ങളെ താരതമ്യം ചെയ്തു നടത്തിയ പഠനത്തിൽ വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ അനുയോജ്യമായ ഒരു കേഡർ എന്നതിനെ കുറിച്ച് വിഭാവനം ചെയ്യുന്നുണ്ട്. അതായത്, ഇത് സംബന്ധിച്ച പഠനങ്ങളും കാഴ്ചപ്പാടുകളും നേരത്തെ തന്നെ വിവിധ തലങ്ങളിൽ ഉരുത്തിരിഞ്ഞ് വന്നിട്ടുണ്ട്. എന്നിരുന്നാലും ഇപ്പോൾ മൂർത്തമാക്കിയ സ്റ്റേറ്റ്, സബോർഡിനേറ്റ് ചട്ടങ്ങൾ രൂപപ്പെടുത്തിയത് വളരെ നീണ്ട ചർച്ചകൾക്കും ആഴത്തിലുള്ള പഠന വിശകലങ്ങൾക്കും ശേഷമാണ്. ഒരു സർക്കാരിന് ജനപക്ഷത്ത് നിൽക്കാനാവണമെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തിയേ മതിയാവൂ. ജനങ്ങളുടെ ഏറ്റവും അടുത്തുനിൽക്കുന്ന പ്രാദേശിക സർക്കാരുകളാണ് അവ. ഇടതുപക്ഷ സർക്കാരിന്റെ പ്രഖ്യാപിത നയമാണ് ഈ ശക്തിപ്പെടുത്തൽ. ഇതിന്റെ ഭാഗമാണ് വ്യത്യസ്ത വകുപ്പുകളായി നിൽക്കുന്ന, എന്നാൽ ഒരേ സ്വഭാവമുള്ള അഞ്ചുവകുപ്പുകളെ ഏകോപിപ്പിക്കുന്ന നടപടി.

താഴെ തലം മുതൽ സെക്രട്ടറിയേറ്റ് വരെ ശക്തമായ ഒരു പിന്തുണാസംവിധാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമാണ്. വകുപ്പുകളുടെ ഏകോപനത്തിലൂടെ ഇത് ശക്തിപ്പെടുത്താനാവും. നേരത്തെ സെക്രട്ടറിയേറ്റിൽ ഉണ്ടായിരുന്ന ഗ്രാമവികസന വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയോജിപ്പിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരിച്ചത് ഈ കാഴ്ചപ്പാടിന്റെ ഭാഗമായാണ്. കൂടാതെ സമാന രീതിയിൽ പ്രവർത്തിക്കുന്ന സെക്ഷനുകളും അന്ന് പുനസംഘടിപ്പിച്ചു. സെക്രട്ടറിയേറ്റിൽ നടപ്പിലാക്കിയതുപോലെയുള്ള ഏകോപനം അഞ്ചുവകുപ്പുകളിലും നടപ്പിലാക്കുക എന്ന ഉദ്ദേശത്തോടെ 2011 ൽ ഒരു ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും അന്നത് നടപ്പിലാക്കാനായില്ല. 2016ലെ നയപ്രഖ്യാപന പ്രസംഗത്തിൽ ഗവർണർ ഇക്കാര്യം പ്രഖ്യാപിക്കുന്നുണ്ട്. തുടർന്നാണ് കരട് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ലോക്കൽ ഗവൺമെന്റ് കമ്മീഷനെ സർക്കാർ ചുമതലപ്പെടുത്തിയത്.

വിവിധ സർവീസ് സംഘടനകളുമായും ജനപ്രതിനിധികളുടെ സംഘടനകളുമായും ചർച്ച നടത്തി വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് ചട്ടങ്ങൾ ലോക്കൽ ഗവൺമെന്റ് കമ്മീഷൻ സർക്കാരിന് സമർപ്പിച്ചു. ചർച്ചയിൽ നിർദ്ദേശിക്കപ്പെട്ട ഭേദഗതികൾ പരിശോധിക്കുന്നതിനും അന്തിമമാക്കുന്നതിനും പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള ഒരു കമ്മിറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റിയുടെ നിർദേശങ്ങളും സർക്കാരിന് ലഭിച്ചു. ഏകീകൃത വകുപ്പ് രൂപീകരിക്കുന്നതിന് മുനിസിപ്പൽ കോമൺ സർവീസിലെ ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കിക്കൊണ്ട് കേരള മുനിസിപ്പാലിറ്റി (ഭേദഗതി) നിയമം പാസ്സാക്കി. ലോക്കൽ ഗവൺമെന്റ് കമ്മീഷൻ സമർപ്പിച്ച കരട് ചട്ടങ്ങളും തുടർന്ന് നിർദ്ദേശിക്കപ്പെട്ട ഭേദഗതികളും പരിശോധിച്ച് അഞ്ചുവകുപ്പുകളും ഏകോപിപ്പിച്ച് ലോക്കൽ സെൽഫ് ഗവൺമെന്റ് വകുപ്പ് രൂപീകരിക്കാനും വകുപ്പുതലവന്റെ പേര് പ്രിൻസിപ്പൽ ഡയറക്ടർ എന്നാക്കാനും മന്ത്രിസഭ തീരുമാനിച്ചു. സ്ഥാനക്കയറ്റവും സ്ഥലംമാറ്റവുമൊക്കെ സംബന്ധിച്ച് ജീവനക്കാർക്കുള്ള എല്ലാ ആശങ്കകളും പരിഹരിച്ചാണ് സർക്കാർ മുന്നോട്ടുപോവുന്നത്. വിശേഷാൽ ചട്ടങ്ങൾ പുറത്തിറക്കുന്ന തീയതിയ്ക്ക് മുമ്പ് സർവീസിൽ പ്രവേശിച്ച ഓരോ ജീവനക്കാരനും സർവീസിൽ നിന്ന് പിരിയുന്നതുവരെ പഴയ വകുപ്പുകളിലുള്ള സീനിയോറിറ്റിയും പരിഗണനയും നിലനിർത്തും. പഴയ വകുപ്പിൽ അർഹതപ്പെട്ട എല്ലാ പ്രൊമോഷനും ലഭിക്കുകയും ചെയ്യും.



ജനസൗഹൃദ ജനസേവനകേന്ദ്രം

ഏതെങ്കിലും തരത്തിൽ വ്യക്തിപരമായ പ്രശ്നങ്ങൾ ഉണ്ടാവുകയാണെങ്കിൽ അത് പരിഹരിക്കുന്നതിന് സമയബന്ധിതമായ ഒരു പരാതി പരിഹാര സംവിധാനവും ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അഞ്ച് വ്യത്യസ്ത വകുപ്പുകളെ ഏകീകൃതമാക്കിയപ്പോൾ വിവിധ വകുപ്പുകളിലെ ജീവനക്കാർ നിർവഹിച്ചുവന്നിരുന്ന ഉത്തരവാദിത്തങ്ങളുടെയും ചുമതലകളുടെയും സമാനത, ശമ്പള സ്കെയിലിന്റെ സമാനത എന്നീ ഘടകങ്ങൾ പൂർണമായും പരിഗണിച്ചുകൊണ്ടാണ്, വിവിധ വകുപ്പുകളിലെ നിലവിലുള്ള കേഡറുകൾ ഏകീകരിച്ചത്. തദ്ദേശ സ്വയംഭരണ പൊതുസർവ്വീസിലെ വിവിധ കേഡറുകൾ സംബന്ധിച്ച് തീരുമാനമെടുത്തതും തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ് ചട്ടങ്ങൾക്ക് രൂപം നൽകിയിട്ടുള്ളതും ആ വിധത്തിൽ തന്നെയാണ്. പ്രാദേശിക സർക്കാരുകളുടെ സേവന പ്രധാന പ്രവർത്തനങ്ങൾക്കനുസൃതമായി ജീവനക്കാരെ പുനക്രമീകരിക്കാനും വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ജീവനക്കാരുടെ പ്രവൃത്തിഭാരം ലഘൂകരിക്കാനും കൃത്യനിർവ്വഹണത്തിൽ കാര്യക്ഷമത വർധിപ്പിക്കാനുമാവും. നിലവിലുള്ള ജീവനക്കാരെ കൂടുതൽ ഫലപ്രദമായി വിന്യസിപ്പിച്ച് തദ്ദേശ സ്ഥാപനങ്ങളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും കാര്യക്ഷമമായി നിർവഹിക്കുന്നതിന് ആവശ്യമായ മനുഷ്യവിഭവശേഷി തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ആഭ്യന്തരമായി കണ്ടെത്തുന്നതിന്



പൊതുസർവ്വീസിലൂടെ സാധിക്കും.

ജനങ്ങളുമായി ഏറ്റവും അടുത്തുനിൽക്കുന്ന പ്രാദേശിക സർക്കാരുകൾക്ക് മുന്നിൽ സേവനങ്ങൾക്ക് വേണ്ടി സമീപിക്കുമ്പോൾ ചുവപ്പുനാടകളും ബ്യൂറോക്രാറ്റിക് തട്ടുകളും ഒരിക്കലും തടസമാവരുത്. കാത്തിരിക്കാതെ പ്രശ്നങ്ങൾ പരിഹരിക്കുന്ന സംവിധാനമാണ് ആവശ്യം. ഏകീകൃത വകുപ്പിൽ ഫയലുകളിൽ തീരുമാനം കൈക്കൊള്ളുന്നതിന് ഉദ്യോഗസ്ഥ തലത്തിലുള്ള തട്ടുകളുടെ എണ്ണം പരമാവധി കുറച്ചിട്ടുണ്ട്. അതിനാൽ വേഗത്തിൽ തീരുമാനങ്ങളുണ്ടാവും. സർക്കാരിന്റെ നയപരമായ തീരുമാനമോ, സ്പഷ്ടീകരണമോ, പ്രത്യേക സാങ്കേതികാനുമതിയോ ആവശ്യമുള്ള ഫയലുകൾ ഒഴികെ ബാക്കിയെല്ലാത്തിലും തീരുമാനമെടുക്കുന്നതിന് മൂന്ന് തട്ടിലുള്ള ഉദ്യോഗസ്ഥ സംവിധാനം മാത്രമേ ഇനി ഉണ്ടാവുകയുള്ളൂ. ഇത് ഫയൽ തീർപ്പാക്കുന്നതിൽ വലിയ രീതിയിലുള്ള മാറ്റമുണ്ടാക്കും. ജനങ്ങളുടെ കാത്തിരിപ്പിന് വിരാമമാവും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്ത നങ്ങൾ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകൾക്കിടയിലും മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും തമ്മിലും യോജിച്ചുകൊണ്ടുള്ള പ്രവർത്തനം ആവശ്യമാണ്. ഏകീകൃത വകുപ്പ് നിലവിൽ വരുന്നതോടെ ഇത് നടപ്പിലാവും. വിവിധ തട്ടുകളിൽ നടക്കുന്ന പ്രാദേശിക ആസൂ ത്രണ പ്രവർത്തന ങ്ങളുടെ ഏകോപനവും ഉണ്ടാവും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോ പനം ആസൂത്രണ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നതിന് അനിവാര്യമാണ്. ഓരോ ജില്ലയുടെയും മൊത്തത്തിലുള്ള ആസൂത്രണത്തിനും ഇത് സഹായകമാവും. പ്രാദേശിക ഭരണ നിർവ്വഹണത്തിലും വികസന ഭരണത്തിലും സർക്കാരിന്റെ പൊതുകാഴ്ചപ്പാടനുസരിച്ച് മാറ്റങ്ങളുണ്ടാക്കാൻ പൊതുസർവ്വീസ് രൂപീകരണത്തിലൂടെ കഴിയും. അതുവഴി ആസൂത്രണ പ്രക്രിയ മാത്രമല്ല, വിവിധ സേവന പ്രദാന പ്രവർത്തനങ്ങളും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ട നിയമപരവും അനിവാര്യവുമായ ഉത്തരവാദിത്തങ്ങളും, ഏകീകൃത സ്വഭാവത്തോടെയും നിശ്ചിത നിലവാരമുറപ്പുവരുത്തിയും നടപ്പിൽവരുത്താനാവും. തദ്ദേശ സ്വയംഭരണ പൊതുഭരണ സംവിധാനം ഏകോപിതമായി പ്രവർത്തിക്കുന്നതോടെ വിവിധ കേന്ദ്രാവിഷ്കൃത-സംസ്ഥാനാവിഷ്കൃത പദ്ധതികൾ ഫലപ്രദമായും പ്രാദേശിക പദ്ധതികളുമായി സംയോജിപ്പിച്ച് സമഗ്ര വികസന പദ്ധതികളാക്കി മാറ്റിയും വികസന നേട്ടമുണ്ടാക്കാൻ വഴിയൊരുക്കും.

**ജനങ്ങളുമായി ഏറ്റവും അടുത്തുനിൽക്കുന്ന പ്രാദേശിക സർക്കാരുകൾക്ക് മുന്നിൽ സേവനങ്ങൾക്ക് വേണ്ടി സമീപിക്കുമ്പോൾ ചുവപ്പുനാടകളും ബ്യൂറോക്രാറ്റിക് തട്ടുകളും ഒരിക്കലും തടസമാവരുത്. കാത്തിരിക്കാതെ പ്രശ്നങ്ങൾ പരിഹരിക്കുന്ന സംവിധാനമാണ് ആവശ്യം.**

ഏകീകൃത വകുപ്പിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ പൊതുവായ ഒരു വകുപ്പ് അദ്ധ്യക്ഷനും ജില്ലാതലത്തിൽ ഒരു മേധാവിയും നിലവിൽ വരുന്നതോടെ ജില്ലാ ആസൂത്രണ സമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുമെന്നതിൽ സംശയമില്ല. ജില്ലാ പദ്ധതിയും സംസ്ഥാന പദ്ധതിയും തമ്മിലുള്ള പരസ്പര പൂരകത്വം ഉറപ്പാക്കാനുമാവും. വകുപ്പിന്റെ ഭാഗമായ സാങ്കേതിക വിഭാഗം ജീവനക്കാരായ എഞ്ചിനിയറിംഗ്, നഗര-ഗ്രാമാസൂത്രണം, പൊതുജനാരോഗ്യം എന്നീ മേഖലകളിലെ ഉദ്യോഗസ്ഥരുടെ സേവനം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ആസൂത്രണ സമിതികൾക്കും മെച്ചപ്പെട്ട നിലയിൽ ലഭ്യമാവുന്ന നിലയുമുണ്ടാവും. ഇത്തരം സാങ്കേതിക വിഭാഗം ജീവനക്കാരുടെ ജനാധിപത്യപരമായ കടപ്പാടും ഉത്തരവാദിത്തവും തെരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കൗൺസിലുകൾക്ക് ഉറപ്പാക്കാനുമാവും. ഇതിന്റെയൊക്കെ ഗുണഫലം ലഭിക്കുന്നത് നാട്ടിലെ ജനങ്ങൾക്കാവുമ്പോൾ ഇടതുപക്ഷ ബദലിന്റെ പ്രസക്തി വർധിക്കുന്നു.

കേരളത്തിന്റെ സമഗ്രമായ വികസന കുതിപ്പിന് കരുത്തേകാൻ ഉതകുന്നതും ജനകീയവും സേവനപ്രദാനവുമായ സർവ്വീസ് ഉറപ്പുവരുത്തുന്നതുമായ ചരിത്രപരമായ കാൽവെപ്പാണ് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ രൂപീകരണം. സമകാലീന കേരളത്തിൽ പ്രാദേശിക സർക്കാരുകൾ അടക്കമുള്ള ഭരണസംവിധാനത്തെ നവീകരിക്കാനും കൂടുതൽ ജനപക്ഷമാക്കി മാറ്റാനും രണ്ടാം പിണറായി വിജയൻ സർക്കാരിന് സാധിക്കുമ്പോൾ, മലയാളിയുടെ കേരള മോഡലെന്ന കിരീടത്തിൽ ഒരു പൊൻതൂവൽ കൂടി ചേർക്കപ്പെടുകയാണ്. നവകേരളം സാധിതമാകുന്നത് ഇങ്ങനെയൊക്കെയാണ്. □




## തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണം

# പുതിയ സേവന സംസ്കാരം

■ ഡി. ബാലമുരളി ഐ.എ.എസ്.

രാഷ്ട്രപിതാവായ മഹാത്മാഗാന്ധി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് (അധികാരം ജനങ്ങൾക്ക്) നടപ്പാക്കുന്നതിനായിട്ടാണ് ഭരണഘടനയുടെ 73, 74 ഭേദഗതികളിലൂടെ പഞ്ചായത്ത്, നഗരപാലികാ സ്ഥാപനങ്ങൾ രൂപീകരിച്ചത്. ഈ സംവിധാനം നമ്മുടെ സംസ്ഥാനത്ത് രാജ്യത്തിനാകമാനം അഭിമാനിക്കത്തക്കവിധം കരുത്താർജ്ജിച്ചിട്ടുള്ളതും മാതൃകാപരമായ പ്രവർത്തനം നടത്തിവരുന്നതുമാണ്. എല്ലാ ജനക്ഷേമപദ്ധതികളുടെയും വികസന പ്രവർത്തനങ്ങളുടെയും ഗുണഭോക്താക്കൾ സാധാരണക്കാരായ ജനങ്ങളാണ്. ജനങ്ങൾക്ക് ഏറ്റവും കൂടുതൽ സേവനം പ്രദാനം ചെയ്യുന്നത് പ്രാദേശിക സർക്കാരുകളായ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളാണ്. എന്നാൽ ഈ പ്രാദേശിക ഗവണ്മെന്റുകൾ നിലവിൽ ഭരണപരമായും നിർവ്വഹണപരമായും മൂന്നു വകുപ്പുകളുടെ നിയന്ത്രണത്തിലാണ്. ഗ്രാമപഞ്ചായത്തുകളെ പഞ്ചായത്ത് വകുപ്പിനു കീഴിലും ബ്ലോക്ക് പഞ്ചായത്തുകളെ ഗ്രാമവികസന വകുപ്പിന്റെ നിയന്ത്രണത്തിലും മുനിസിപ്പാലിറ്റികളെയും മുനിസിപ്പൽ കോർപ്പറേഷനുകളെയും നഗരകാര്യ വകുപ്പിനു കീഴിലുമായാണ് ഭരണസൗകര്യാർത്ഥം വിന്യസിച്ചിട്ടുള്ളത്. ഇവയ്ക്കാവശ്യമായ സാങ്കേതിക സഹായം നൽകുന്നതും മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്നതും എഞ്ചിനീയറിംഗ് വിഭാഗവും, മാസ്റ്റർ പ്ലാനുകളും ആസൂത്രണവും നിർവ്വഹിക്കുന്നത് നഗര-ഗ്രാമാസൂത്രണ വിഭാഗവുമാണ്.

അഞ്ച് വകുപ്പുകളിലൂടെ വിവിധ രീതിയിൽ നിർവ്വഹണം നടത്തി വരുന്ന വികസന പ്രവൃത്തികൾ ഒരു കുടക്കീഴിൽ കൊണ്ടുവരിക വഴി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്ന പ്രാദേശിക വികസന പദ്ധതികൾ വളരെ ഫലപ്രദമായും ജനോപകാരപ്രദമായും നടപ്പാക്കാൻ കഴിയുമെന്നുള്ളതാണ് വകുപ്പുകളുടെ സംയോജനം വഴി സാധ്യമാകുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം. സർക്കാർ വിഭാവനം ചെയ്യുന്ന രീതിയിൽ ജനക്ഷേമപദ്ധതികൾ അതിന്റെ പരിപൂർണ്ണ അർത്ഥത്തിൽ കാലതാമസം കൂടാതെ നടപ്പാക്കുക വഴി പ്രാദേശിക വികസനം സമൂഹത്തിലെ എല്ലാ ആളുകളിലും എത്തിക്കാൻ സാധിക്കും. തദ്ദേശസ്വയം ഭരണ ഏകീകൃത സർവ്വീസ് യാഥാർത്ഥ്യമാകുന്നതോടെ വിവിധ വകുപ്പുകളുടെ നിയന്ത്രണത്തിലുണ്ടായിരുന്ന തദ്ദേശസ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനത്തിലുണ്ടായിരുന്ന അഭാവം പരിഹരിക്കാനും അതുവഴി പദ്ധതി രൂപീകരണം, നിർവ്വഹണം, ദുരന്തനിവാരണം, മാലിന്യ സംസ്കരണം, പകർച്ചവ്യാധി നിയന്ത്രണം തുടങ്ങിയ സുപ്രധാന ചുമതല



കൾ വളരെ മികച്ച രീതിയിൽ നടപ്പിലാക്കുന്നതിനും സാധിക്കും. മാത്രമല്ല പുതുതായി രൂപീകരിക്കുന്ന ജില്ലാ ഓഫീസുകളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ പ്രവർത്തന സഹായവും പിന്തുണയും ലഭ്യമാക്കാൻ കഴിയുന്നതോടൊപ്പം ജീവനക്കാർക്കുണ്ടാകാവുന്ന സംശയങ്ങളും ആശങ്കകളും ദൂരീകരിച്ച് അവരുടെ കാര്യക്ഷമത ഉയർത്തുന്നതിനും സാധിക്കും.

വകുപ്പ് ഏകീകരണം നടപ്പാകുന്നതോടെ തദ്ദേശസ്ഥാപനങ്ങളുടെ അധികാരത്തിനും പദവിക്കും കുറവ് വരുമെന്ന ആശങ്കയ്ക്ക് അടിസ്ഥാനമില്ല. ഭരണഘടനാ ഭേദഗതികളിലൂടെ പ്രാദേശിക സർക്കാരുകൾക്ക് കരഗതമായിട്ടുള്ള എല്ലാ അധികാരങ്ങളും അതേപടി നിലനിർത്തിക്കൊണ്ടും അവ ഏറ്റെടുക്കുന്ന ചുമതലകളും ഉത്തരവാദിത്തങ്ങളും കൂടുതൽ വേഗത്തിലും കാര്യക്ഷമമായും സുതാര്യമായും നിർവ്വഹിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങളെ പ്രാപ്തമാക്കുക എന്നതാണ് വകുപ്പ് ഏകീകരണത്തിന്റെ ഒരു സുപ്രധാന ലക്ഷ്യം.

ആധുനിക കാലത്തെ വെല്ലുവിളികളും ആവശ്യങ്ങളും നേരിടാൻ പ്രാദേശിക സർക്കാരുകളെ പ്രാപ്തമാക്കുന്ന രീതിയിൽ ബഹുമുഖ വികസന സമീപനമെന്ന സർക്കാർ ലക്ഷ്യത്തെ സാക്ഷാത്കരിക്കുകയാണ് വകുപ്പ് ഏകീകരണം വഴി സാധ്യമാകുക. ഈ ലക്ഷ്യത്തിനായി വിവിധ കാര്യങ്ങളിൽ സമഗ്രമായ സമീപനമാണ് വിഭാവനം ചെയ്യുന്നത്. നഗര-ഗ്രാമ ഭേദമന്യേ എല്ലാ തദ്ദേശ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളിൽ ആവശ്യമായ സഹായം ലഭ്യമാക്കുന്നതിനും ഏകീകരണത്തിലൂടെ സാധിക്കും.

**ആധുനിക കാലത്തെ വെല്ലുവിളികളും ആവശ്യങ്ങളും നേരിടാൻ പ്രാദേശിക സർക്കാരുകളെ പ്രാപ്തമാക്കുന്ന രീതിയിൽ ബഹുമുഖ വികസന സമീപനമെന്ന സർക്കാർ ലക്ഷ്യത്തെ സാക്ഷാത് കരിക്കുകയാണ് വകുപ്പ് ഏകീകരണം വഴി സാധ്യമാകുക.**

തദ്ദേശസ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന ജനക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട നയരൂപീകരണത്തിൽ സർക്കാരിന് ആവശ്യമായ വിവരങ്ങളും കണക്കുകളും യഥാസമയം ശേഖരിച്ച് നൽകുകയും സർക്കാർ നയങ്ങളും തീരുമാനങ്ങളും ഫലപ്രദമായ രീതിയിൽ നടപ്പാക്കി ജനക്ഷേമം ഉറപ്പ് വരുത്തുകയും ചെയ്യുകയെന്ന ലക്ഷ്യത്തിന് പ്രാമുഖ്യം നൽകുന്ന സംവിധാനമാണ് സംസ്ഥാന-ജില്ലാ തലങ്ങളിൽ നിലവിൽ വരുന്നത്.

തദ്ദേശസ്വയം ഭരണ പൊതുസർവ്വീസ് നിലവിൽ വരുന്നതോടെ, സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളും നഗരസഭകളും ഉൾപ്പെടെ 1200 തദ്ദേശസ്ഥാപനങ്ങളിലായി 21000 ജനപ്രതിനിധികളും ആസ്ഥാന-ജില്ലാ-സ്ഥാപനതല കാര്യാലയങ്ങളിലായി ആകെ 31400-ലധികം ജീവനക്കാരും 7500-ലധികം കണ്ടിജൻറ് ജീവനക്കാരും ഉൾപ്പെടുന്ന വിപുലമായ ഭരണ നിർവ്വഹണ/സേവന ശൃംഖലയാണ് നിലവിൽ വരിക.

വളരെ കാര്യശേഷിയുള്ള ഒരു കൂട്ടം ജീവനക്കാരാണ് തദ്ദേശസ്വയം ഭരണ വകുപ്പിനു കീഴിലുള്ള വിവിധ ഓഫീസുകളിൽ സേവനമനുഷ്ഠിക്കുന്നത്. അവർക്ക് യഥാസമയം പരിശീലനം നൽകുന്നതിനുള്ള സ്ഥാപനങ്ങളും വിപുലമായ സൗകര്യങ്ങളും വകുപ്പിന് സ്വന്തമായുണ്ട്. ജനങ്ങളുടെ ആവശ്യങ്ങൾ സമയബന്ധിതമായി നിറവേറ്റുന്നതിന് ആവശ്യമായ മികച്ച പരിശീലനം ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കൃത്യമായ ഇടവേളകളിൽ നൽകുന്നതിനും അതുവഴി പരമാവധി ഫലപ്രാപ്തിയുണ്ടാക്കുന്നതിനും സാധിക്കും. ഓഫീസുകളിൽ കൈകാര്യം ചെയ്യുന്ന വിവിധ വിഷയങ്ങളിൽ ജീവനക്കാർക്ക് കൃത്യമായ അറിവുണ്ടാക്കുന്നതിനും അതുവഴി അവരുടെ മാനസ്സിക സംഘർഷം കുറച്ച് കാര്യക്ഷമത ഉയർത്തുന്നതിനും പരിശീലനങ്ങൾ സഹായിക്കും.

സംസ്ഥാനത്തിൻറെ വാർഷിക പദ്ധതി വിഹിതത്തിൻറെ 26% ശതമാനം തുക ചെലവഴിക്കുന്നത് തദ്ദേശസ്ഥാപനങ്ങൾ മുഖേനയാണ്. വകുപ്പ് ഏകീകരണം വഴി വികസന പദ്ധതികളുടെ തിരഞ്ഞെടുപ്പ്, പദ്ധതി രൂപീകരണം ജില്ലാ ആസൂത്രണസമിതിയിൽ നിന്നുള്ള അംഗീകാരം വാങ്ങൽ, സാങ്കേതികാനുമതി വാങ്ങൽ, നിർവ്വഹണം, അവലോകനം, തുക വിനിയോഗം, കണക്കുകളുടെ പരിപാലനം എന്നീ കാര്യങ്ങൾ

സമയബന്ധിതമായി ചെയ്യാൻ പ്രാദേശിക സർക്കാരുകൾക്ക് ആവശ്യമായ സഹായം ഉറപ്പാക്കുന്ന രീതിയിലാണ് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഉദ്യോഗസ്ഥ സംവിധാനം രൂപീകരിക്കുന്നത്. കൂടാതെ നിലവിൽ വിവിധ തദ്ദേശസ്ഥാപനങ്ങൾ തമ്മിൽ പദ്ധതി രൂപീകരണത്തിലോ നിർവ്വഹണത്തിലോ കാര്യമായ ഏകോപനമില്ല. ഈ അപാകത പരിഹരിച്ച് തദ്ദേശസ്ഥാപനങ്ങൾക്കിടയിൽ മികച്ച ഏകോപനം ഉറപ്പാക്കുന്നതിനും കൂടുതൽ സംയുക്ത പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുള്ള അവസരം ഒരുക്കുകയും ചെയ്യാനാകും. ജലവിതരണം മാലിന്യസംസ്കരണം പോലുള്ള വലിയ പദ്ധതികൾ ഏറ്റെടുത്ത് നിർവ്വഹണം നടത്തുന്നതിൽ തദ്ദേശസ്ഥാപനങ്ങൾക്കിടയിൽ ചാലകമായി വർത്തിക്കാൻ ജില്ലാ നേതൃത്വത്തിനാകും.




പദ്ധതി നിർവ്വഹണം നടത്തുന്ന മറ്റ് സർക്കാർ വകുപ്പുകൾ, നിർവ്വഹണ ഏജൻസികൾ എന്നിവയുമായുള്ള മികച്ച ഏകോപനം ഉറപ്പുവരുത്തുകയും അതുവഴി പദ്ധതി രൂപീകരണം മുതൽ പൂർത്തീകരണം വരെയുള്ള എല്ലാ ഘട്ടങ്ങളിലും തദ്ദേശ സ്ഥാപനങ്ങൾക്കാവശ്യമായ സഹകരണം പ്രദാനം ചെയ്യുന്നതിനും പുതിയ സംവിധാനം പര്യാപ്തമാണ്.

കഴിഞ്ഞവർഷങ്ങളിൽ സംസ്ഥാനം നേരിട്ട മഹാപ്രളയം, കൊവിഡ്-19 പോലുള്ള സാഹചര്യങ്ങളിൽ കേരളത്തിലെ ജനങ്ങൾക്ക് താങ്ങും തണലുമായി അവരുടെ ഒപ്പം നിന്ന് ദുരിതത്തിൽ നിന്ന് അവരെ കൈപിടിച്ചുയർത്തിയത് തദ്ദേശസ്ഥാപനങ്ങളാണ് എന്നുള്ളത് തെളിയിക്കപ്പെട്ട വസ്തുതയാണ്. വരും കാലങ്ങളിൽ ദുരന്തനിവാരണം, പകർച്ചവ്യാധി നിവാരണം തുടങ്ങിയ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ ഏറ്റെടുത്ത് നടപ്പാക്കുന്നതിനായി തദ്ദേശസ്ഥാപനങ്ങളെ പ്രാപ്തമാക്കാൻ ഉതകുന്ന രീതിയിൽ ഭൗതിക സൗകര്യങ്ങൾ ഒരുക്കാനും പൊതുജനങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് സന്നദ്ധസേന രൂപീകരിക്കാനും അതിലെ അംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനും തദ്ദേശസ്ഥാപന തലത്തിൽ പുനരധിവാസ സംവിധാനം ഒരുക്കുന്നതിനും ആവശ്യമായ ഏകോപനം ഉറപ്പുവരുത്താനാകും. ഇതിനു പുറമെ സമാന മേഖലയിൽ പ്രവർത്തിക്കുന്ന പോലീസ്, അഗ്നിരക്ഷാസേന, ആരോഗ്യ, റവന്യൂ വകുപ്പുകളുമായി സഹകരിച്ച് സംസ്ഥാന-ജില്ലാ- തദ്ദേശസ്ഥാപന തലത്തിൽ ശക്തമായ ദുരന്ത നിവാരണ/ പ്രതിരോധ സംവിധാനം രൂപീകരിക്കാനും ഏകീകരണം വഴി സാധിക്കും.

ആധുനിക ലോകം നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്നാണ് മാലിന്യ പരിപാലനവും സംസ്കരണവും. വിശിഷ്യാ കേരളം പോലെ അതിവേഗതയിൽ നഗരവത്കരിക്കപ്പെടുന്നതും ജനസാന്ദ്രത ഏറിയതുമായ ഒരു പ്രദേശത്ത് ദിനംപ്രതി ഉത്പാദിപ്പിക്കപ്പെടുന്ന ഖര/ദ്രവമാലിന്യത്തോത് വളരെ ഉയർന്നതാണ്. ഈ പ്രശ്നം ഒരു വെല്ലുവിളിയായി ഏറ്റെടുത്ത് മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിൻറെ പ്രാധാന്യം സംബന്ധിച്ച അവബോധം ജനങ്ങൾക്കിടയിൽ നൽകുന്നതിനും പൊതു ഇടങ്ങളിൽ മാലിന്യനിക്ഷേപം നടത്തുന്ന പ്രവണത അവസാനിപ്പിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ തദ്ദേശസ്ഥാപനങ്ങൾക്കിടയിൽ നടത്തുന്നതിനും അതിനാവശ്യമായ പിന്തുണ നൽകുന്നതിനും പുതിയ സംവിധാനത്തിൽ നിലവിൽ വരുന്ന പബ്ലിക് ഹെൽത്ത് ആൻറ് എൻവയോൺമെൻറ് വിഭാഗത്തിന് സാധിക്കും.

വിവരസാങ്കേതിക വിദ്യയുടെയും ഇ-ഗവേണൻസിൻറെയും സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി എല്ലാ ഓഫീസുകളിലും ഇ-ഫയലിംഗ് സംവിധാനം ഒരുക്കുന്നതിനും അതിവേഗ ഫയൽ സഞ്ചാരം ഉറപ്പ് വരുത്തി പൊതു ജനങ്ങളുടെയും ജീവനക്കാരുടെയും ആവശ്യങ്ങൾക്ക് ദ്രുതഗതിയിൽ പരിഹാരം ഉണ്ടാക്കുന്നതിനുമാണ് ഏകീകരണത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. അതുപോലെ ആധുനിക സാങ്കേതിക വിദ്യയുടെ പിൻബലത്തിൽ ഓൺലൈൻ സേവനങ്ങൾ ഉപയോഗപ്പെടുത്തി സമയ ലാഭത്തെക്കുറിച്ചുള്ള അറിവ് ജനങ്ങളിലെത്തിക്കുന്നത് വഴി ഓഫീസുകളിലെ തിരക്ക് കുറയ്ക്കുവാനും സേവനങ്ങൾ അതിവേഗം പ്രദാനം ചെയ്യുന്നതിനും കഴിയുന്ന രീതിയിൽ ഓഫീസുകളെ മാറ്റുന്നതിനും സാധിക്കും. ഇലക്ട്രോണിക് വിദ്യയുടെ സഹായത്തോടെ ഓഫീസുകൾ പൂർണ്ണമായും കടലാസ് രഹിതമാക്കുന്നതിനും അതിനുള്ള നേതൃത്വം നൽകുന്നതിനും പുതിയ സംവിധാനം ലക്ഷ്യമിടുന്നു.

ഓഫീസുകളിലെ ഫയൽ സഞ്ചാരത്തിൽ തട്ടുകളുടെ എണ്ണം സാധാരണ നിലയിൽ മൂന്ന് ആയും കൂടുതൽ പരിശോധന ആവശ്യമുള്ള വിഷയങ്ങളിൽ മാത്രം ഏറിയാൽ നാല് തട്ടായി നിജപ്പെടുത്തുക വഴി ഫയലുകളിൽ വേഗത്തിൽ തീരുമാനം ഉണ്ടാകുന്നതിനും സേവനപ്രദാനത്തിൻറെ വേഗത വർദ്ധിപ്പിക്കുന്നതിനും സാധിക്കും. നിലവിൽ സേവനങ്ങൾ സർക്കാർ ഓഫീസുകളിൽ നിന്നും വിശിഷ്യാ തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ലഭിക്കാൻ കാലതാമസം നേരിടുന്നുവെന്ന പരാതിക്ക് പരിഹാരം കാണുന്നതിനും ഓഫീസുകൾക്ക് ജനപക്ഷമുഖം നൽകുന്നതിനും ഏകീകരണം വഴിയൊരുക്കും. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾക്കും സാക്ഷ്യപത്രങ്ങൾക്കും ഒരേതരത്തിലുള്ള ഫോമുകളും രേഖകളും മാത്രം




ഉപയോഗിക്കുന്ന രീതി അവലംബിക്കാനും അതുവഴി എല്ലാ സ്ഥാപനങ്ങൾക്കിടയിലും ഐക്യരൂപം സൃഷ്ടിക്കാനും സാധിക്കും.

തദ്ദേശസ്വയം ഭരണ വകുപ്പിനു കീഴിലെ പഞ്ചായത്ത് വകുപ്പിന് നിലവിൽ പഞ്ചായത്ത് രാജും ഗ്രാമവികസന വകുപ്പിന് ഗ്രാമഭൂമിയും പ്രസിദ്ധീകരണങ്ങളായുണ്ട്. ഇവയെ സംയോജിപ്പിച്ച് വകുപ്പിന് സ്വന്തമായി ഒരു പൊതു പ്രസിദ്ധീകരണം ആരംഭിക്കാനും അതിലൂടെ സംസ്ഥാന സർക്കാർ പ്രാദേശിക സർക്കാരുകൾ മുഖേന നടപ്പാക്കുന്ന വികസനപ്രവർത്തനങ്ങളും ക്ഷേമപദ്ധതികളും സംബന്ധിച്ച വിവരങ്ങൾ യഥാസമയം ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവർക്കിടയിൽ എത്തിക്കുന്നതിനും വിവിധ ജില്ലകളിലെ തദ്ദേശസ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്ന പുത്തൻ മാതൃകകളുടെയും വിജയഗാഥകളുടെയും പ്രചരണവും കൂടാതെ നവമാധ്യമങ്ങളിലൂടെയുള്ള പ്രചാരണ സാധ്യതകളും ഉറപ്പ് വരുത്തുന്നതിനും പുതിയ സംവിധാനത്തിൽ ആരംഭിക്കുന്ന കമ്മ്യൂണിക്കേഷൻ വിഭാഗത്തിന് സാധിക്കും.

തദ്ദേശസ്ഥാപനങ്ങളിലെ ജീവനക്കാരുടെ ജോലി സമയം ഏറ്റവും കൂടുതൽ അപഹരിക്കുന്ന ഒരു വിഷയമാണ് ഓഡിറ്റ് ഫയലുകളിലെ തുടർ നടപടികൾ. ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി ഓഡിറ്റ് തടസ്സങ്ങളുടെ എണ്ണം പരമാവധി കുറയ്ക്കുന്നതിനും പണമിടപാടുകൾ സംബന്ധിച്ച ഫയലുകൾ മികച്ച രീതിയിൽ കൈകാര്യം ചെയ്യുന്നതിനും നിലവിലുള്ള ഓഡിറ്റ് തടസ്സങ്ങൾ സമയബന്ധിതമായി നീക്കിക്കിട്ടുന്നതിനുള്ള നടപടികൾ സംബന്ധിച്ചുമുള്ള വിഷയങ്ങളിൽ ജീവനക്കാരെ പ്രാപ്തരാക്കുന്നതിന് ആവശ്യമായ പരിശീലനം നൽകുന്നതിനും ഓഡിറ്റ് വിഷയങ്ങൾ നല്ല രീതിയിൽ കൈകാര്യം ചെയ്യുന്നതിനുള്ള ഉപദേശങ്ങൾ ആവശ്യാനുസരണം നൽകുന്നതിനും സംസ്ഥാന-ജില്ലാ കാര്യാലയങ്ങളിൽ സംവിധാനം ഒരുക്കുന്നതിനും ഏകീകരണത്തിലൂടെ സാധ്യമാകും.

നിലവിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്ന പല പദ്ധതികളും ഓരോ തദ്ദേശസ്ഥാപനങ്ങളിലും പലരീതിയിലാണ് നടപ്പാക്കുന്നത്. ഇത്തരത്തിലുള്ള സമീപനം പദ്ധതി നിർവ്വഹണത്തെയും തുകവിനിയോഗത്തെയും ബാധിക്കുന്നുണ്ട്. ഇതിനു പകരമായി ഗ്രാമാധിഷ്ഠിത പദ്ധതികൾക്കും നഗരപ്രദേശങ്ങളിലെ പദ്ധതികൾക്കും പ്രത്യേകം ചുമതലപ്പെട്ട ഉദ്യോഗസ്ഥരെ ഒരു പൊതു സംവിധാനത്തിൻറെ നിയന്ത്രണത്തിൽ കൊണ്ടുവന്നതിലൂടെ ഈ പദ്ധതികളുടെയെല്ലാം നിർവ്വഹണവും അവലോകനവും ഒരേ കേന്ദ്രത്തിൽ നിന്നും നിയന്ത്രിക്കാനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം ലഭ്യമാക്കാനും സാധിക്കും. അതുപോലെ തുകവിനിയോഗം ഉറപ്പുവരുത്തി വരും വർഷങ്ങളിൽ കൂടുതൽ വിഹിതം നേടിയെടുക്കുന്നതിനും അതിനുള്ള പ്രൊപ്പോസലുകൾ യഥാസമയം തയ്യാറാക്കി സമർപ്പിക്കുന്നതിനും ഏകീകരണം സഹായകമാകും.

ഓഫീസുകളുടെ സുതാര്യമായ പ്രവർത്തനം ഉറപ്പ് വരുത്തി ജനക്ഷേമ പദ്ധതികളുടെ നിർവ്വഹണവും സേവനങ്ങളുടെ പ്രദാനവും സമയബന്ധിതമായി ചെയ്യാറുണ്ടെന്നും പൊതുപ്പണത്തിൻറെ വരവും ചെലവും സംബന്ധിച്ച കണക്കുകളും രേഖകളും സുതാര്യമായി പരിപാലിക്കപ്പെടുന്നുണ്ടെന്നും ഓഫീസ് സംവിധാനം മികച്ച രീതിയിലാണ് പ്രവർത്തിക്കുന്നതെന്നും ഉറപ്പാക്കുന്നതിനായി സംസ്ഥാന-ജില്ലാ തലങ്ങളിൽ കാര്യക്ഷമമായ ആഭ്യന്തര പരിശോധനാ സംവിധാനം നിലവിൽ വരുന്നതാണ്. ഇതിലൂടെ തദ്ദേശസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഏതെങ്കിലും വിഷയത്തിലുള്ള സംശയങ്ങളുടെയും പ്രയാസങ്ങളുടെയും നിവാരണം ഉറപ്പാക്കാനാവും.

വകുപ്പിന് കീഴിൽ വരുന്ന എല്ലാ ജീവനക്കാരുടെയും ഭരണ നിർവ്വഹണം നിലവിൽ വിവിധ രീതികളിലാണ് കൈകാര്യം ചെയ്ത് വരുന്നത്. ഇതിനു പകരമായി ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും പ്രത്യേകം ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഒരു പൊതുസംവിധാനത്തിൻറെ ഭാഗമായി ഈ വിഷയം കൈകാര്യം ചെയ്യുന്നതോടെ കൂടുതൽ കാര്യങ്ങൾ ജില്ലാ തലത്തിൽ കൈകാര്യം ചെയ്യാനാകുന്നതോടെ സമയം, പ്രയത്നം എന്നിവയിൽ കാര്യമായ കുറവ് വരുത്താനും ജീവനക്കാർക്ക് ലഭിക്കാനുള്ള സേവനങ്ങൾ സമയബന്ധിതമായി നൽകാനാകും.

പല തസ്തികകളിലെയും നിയമനമുൾപ്പെടെ ആസ്ഥാന ഓഫീസിൽ കൈകാര്യം ചെയ്ത് വരുന്ന പല കാര്യങ്ങളും ജില്ലകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതോടെ ഒഴിവുകൾ യഥാസമയം നികത്താനും സ്ഥാപനങ്ങളിൽ ജീവനക്കാർ ഇല്ലാത്ത സ്ഥിതി ഒഴിവാക്കാനുമാവും. ഈ നടപടി ഉദ്യോഗാർത്ഥികൾക്കും സഹായകരമാകും.

സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും ശക്തമായ ഭരണ-നിർവ്വഹണ-മേൽനോട്ട സംവിധാനം നിലവിൽ വരുന്നതോടെ പൊതുസമൂഹം ഒന്നാകെ ആകാംക്ഷയോടെ ഉറ്റുനോക്കുന്ന വകുപ്പ് ഏകീകരണം കേരള ജനതയ്ക്ക് പ്രാദേശിക സർക്കാരുകളിലൂടെ ജനനം മുതൽ മരണം വരെയുള്ള എല്ലാ വിഷയങ്ങളിലും മികച്ച സേവനം ലഭ്യമാക്കുന്നതിനും പുതിയ സേവനസംസ്കാരം അനുഭവവേദ്യമാകുമെന്നതിലും സംശയമില്ല. □

*(ലേഖകൻ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറാണ്.)*



# തദ്ദേശസ്വയംഭരണ പൊതു സർവീസും പൗരകേന്ദ്രീകൃത ഭരണ നിർവഹണവും

■ ഡോ. സി.പി. വിനോദ്

അഞ്ചു വകുപ്പുകൾ ഏകീകരിച്ച് ഒറ്റ തദ്ദേശസ്വയംഭരണ വകുപ്പും സർവീസും നിലവിൽ വരുന്ന പ്രഖ്യാപനം ഔദ്യോഗികമായി നടത്തി കഴിഞ്ഞിരിക്കുന്നു. പുതിയ വിങ്ങുകളായിതീരേണ്ട വകുപ്പുകൾ എല്ലാം തന്നെ സംസ്ഥാനതലത്തിൽ സ്വരാജ് ഭവനിലേക്ക് പ്രവർത്തന കേന്ദ്രം മാറ്റിയിരിക്കുന്നു. ജോയിന്റ് ഡയറക്ടർമാരുടെ ചുമതലയുള്ള വകുപ്പ് മേധാവികൾ ജില്ലാതല ഏകോപന ചുമതലയും ഏറ്റെടുത്തിരിക്കുന്നു. ജനങ്ങളുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമായ പ്രാദേശിക സർക്കാരുകൾക്ക് വേണ്ടി രൂപപ്പെടുത്തപ്പെട്ട ഒരു സർവീസിന്റെ പ്രവർത്തന സംസ്കാരവും പെരുമാറ്റചട്ടവുമാണ് ഇനി പ്രയോഗത്തിലൂടെ വെളിച്ചപ്പെടേണ്ടത്.

## സർവീസിന്റെ നാനാർത്ഥങ്ങൾ

തദ്ദേശസ്വയംഭരണ സർവീസ് എന്നത് നിയമപരമായ വായനയിൽ കേരള പൊതുസർവീസ് നിയമത്തിന് കീഴിൽ പ്രത്യേക ചട്ടങ്ങളാൽ നിർണയിക്കപ്പെടുന്ന യോഗ്യതയും സേവന വേതനവ്യവസ്ഥകളും അനുസരിച്ച് നിയമപരമായി രൂപീകരിക്കുന്ന കേഡർ എന്ന അർത്ഥമാണുള്ളത്. പൗരകേന്ദ്രീകൃതമായ വായനയിൽ ജനങ്ങൾക്ക് ഇത്തരമൊരു കേഡറിലൂടെ ലഭിക്കേണ്ട സർവീസ് എന്നാണർത്ഥം. ഒരു സർവകലാശാല മുഖ്യമായും ആർക്കാണ് എന്ന ചോദ്യത്തിന് ജീവനക്കാർക്കാണോ, അധ്യാപകർക്കാണോ, വിദ്യാർത്ഥികൾക്കാണോ ലഭിക്കുന്നതെന്ന ഉത്തരമനുസരിച്ച് സർവ്വകലാശാലയുടെ ഗുണനിലവാരം വ്യത്യാസപ്പെട്ടിരിക്കും എന്ന് പറയാറുണ്ട്. അതുപോലെ ഒരു വകുപ്പും സർവീസും അതിന്റെ മന്ത്രിയ്ക്കാണോ, മേധാവികൾക്കാണോ, ജീവനക്കാർക്കാണോ, നാട്ടുകാർക്ക് അഥവാ പൗരന്മാർക്കാണോ എന്ന ചോദ്യത്തിന്റെ ഉത്തരം ഒരു സർവീസിന്റെ ഗുണനിലവാരം ആളക്കുന്നതിന് പര്യാപ്തമായ മാനകമായിരിക്കും. വികേന്ദ്രീകൃത ഭരണ സംവിധാനത്തിനുള്ള പിന്തുണാസംവിധാനമായ ഒരു ഉദ്യോഗസ്ഥ കേഡർ പൗരകേന്ദ്രീകൃത മായിരിക്കും അല്ലെങ്കിൽ ആയിരിക്കണം എന്നതിൽ രണ്ടഭിപ്രായമില്ല. പൗരകേന്ദ്രീകൃതമായ സർവീസ് ആയിത്തിരാൻ എന്തുചെയ്യണം എന്നതുസംബന്ധിച്ച് ആശയപരമായി ഒട്ടേറെ സങ്കല്പങ്ങളും ഉപാധികളും സദ്ഭരണത്തെക്കുറിച്ചുള്ള




**പ്രധാനമായും വികസന, സേവന, ക്ഷേമ സന്നദ്ധ പ്രവർത്തനങ്ങളാണ് ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നിർവ്വഹിക്കാൻ ഉള്ളത്. തദ്ദേശസ്വയംഭരണ വകുപ്പ് ജീവനക്കാർ അതുകൊണ്ട്തന്നെ ജനപ്രതിനിധികളോടൊപ്പം ജനങ്ങളിലേക്ക് പടർന്ന് പരക്കുന്ന നാഡീവ്യൂഹങ്ങളാണ്.**

മാർഗരേഖകൾ ഉദ്ധരിച്ച ചൂണ്ടിക്കാണിക്കാനാവും. എന്നാൽ ഒരു സർവീസ് പൗരകേന്ദ്രീകൃതവും സൗഹൃദപരവുമായിത്തീരുന്നതിൽ നിന്നും ഓരോ ഉദ്യോഗസ്ഥനെയും തടയുന്ന ഘടകങ്ങൾ എന്തൊക്കെയെന്ന അന്വേഷണമായിരിക്കും പൗരകേന്ദ്രീകൃതമായ സർവീസ് രൂപപ്പെടുത്തുന്നതിനുള്ള ആദ്യഘട്ടം. ജീവനക്കാരും സംഘടനകളും രാഷ്ട്രീയ പാർട്ടികളും ജനങ്ങൾതന്നെയും പ്രത്യേകമായി ചിന്തിക്കേണ്ട ഒന്നാണിത്. തങ്ങളുടേതന്നെ മനോഭാവവും ശീലങ്ങളും സ്വയം വിമർശനപരമായ ചിന്തയ്ക്ക് വിധേയമാക്കേണ്ടത് സർവീസ് പൗരകേന്ദ്രീകൃതമാക്കിത്തീർക്കുന്നതിന് അനിവാര്യമായ പ്രവർത്തനമാണ്.

കൂടാതെ ബന്ധപ്പെട്ട എല്ലാവിഭാഗം ആളുകളെയും പൗരകേന്ദ്രീകൃതമായി ചിന്തിപ്പിക്കുന്നതിനും പ്രവർത്തിക്കുന്നതിനും പ്രേരിപ്പിക്കുന്ന വിധത്തിൽ സംവിധാനങ്ങൾ പുനഃക്രമീകരിക്കുക എന്നതാണ് മറ്റൊരു വഴി. ഇതിനാവശ്യമായ വിധം ഇ-ഗവേണൻസ് പ്ലാറ്റ്ഫോമുകൾ പുതിയ ചിട്ടവട്ടങ്ങൾക്കും മാർഗ്ഗരേഖകൾക്കും വിധേയമാക്കികൊണ്ട് ക്രമീകരിക്കുന്നത് പുതിയ മനോഭാവം സൃഷ്ടിക്കുന്നതിനു സഹായകരമാവും.

## തദ്ദേശസ്വയംഭരണ വകുപ്പും സർവ്വീസും മറ്റു വകുപ്പുകളും

ഓരോ വകുപ്പും ഓരോ പ്രത്യേക മേഖലകളിൽ സർവീസ് നല്കുന്നതിനുള്ള നിശ്ചിതമായ ഉദ്യോഗസ്ഥ ഘടനയാണ്. നിയതമായ കീഴ്മേൽ ബന്ധങ്ങളാൽ കൃത്യമായി നിർവചിക്കപ്പെട്ടിട്ടുള്ള ഒന്നാണ്. ഉത്തരവുകൾ പുറപ്പെടുവിക്കുകയും സ്വീകരിക്കുകയും നടപ്പാക്കുകയും നടപ്പാക്കിയതുമായി ബന്ധപ്പെട്ട് മുകളിലോട്ട് കൃത്യമായ മറുപടികൾ നൽകുന്നതിന് ഉത്തരവാദിത്തപ്പെട്ട യുക്തിഭദ്രമായ സംവിധാനമാണ്. ബന്ധപ്പെട്ട വിഷയങ്ങളിൽ ജനങ്ങളിൽ നിന്നു സ്വീകരിക്കുന്ന ആവശ്യങ്ങളും പരാതികളുമാണ് ഫയലുകളായിത്തീരുന്നത്. ഫയലുകളായിത്തീരുന്ന ഈ ആവശ്യങ്ങളിലും പരാതികളിലും കൃത്യമായി നടപടികളും തീരുമാനവും ഉണ്ടാക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യവസ്ഥാപിതമായി നിർണ്ണയിക്കപ്പെട്ടിട്ടുള്ളതാണ് ഒരു വകുപ്പ് സംവിധാനം.

കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, ജലസേചനം, തുടങ്ങി ജനജീവിതവുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ പ്രത്യേക ഇടപെടൽ നടത്തുന്നതിനുള്ള സവിശേഷമായി സൃഷ്ടിച്ചിട്ടുള്ള ഉദ്യോഗസ്ഥക്രമമാണ് വ്യത്യസ്ത ലൈൻ വകുപ്പുകൾ. എന്നാൽ പ്രാദേശികമായി തീരുമാനമെടുക്കേണ്ടതും ചെയ്യേണ്ടതുമായ പൊതുവായതും പ്രത്യേക വിഷയാധിഷ്ഠിതവുമായ മേഖലകളും വികസന പ്രവർത്തനങ്ങളും ചേർന്നതാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇടപെടുന്നതിനുള്ള ഇടം. ഇത്തരത്തിൽ ഭരണഘടനയിലെ 11 ഉം 12 ഉം പട്ടികകളും സംസ്ഥാനത്തെ അനുബന്ധ നിയമങ്ങളിലെ ബന്ധപ്പെട്ട പട്ടികകളും വിഷയപരമായ ചുമതലകൾ കൃത്യമായി വിവരിച്ചിട്ടുണ്ട്. വകുപ്പുകളെന്ന നിലയ്ക്കല്ല തെരഞ്ഞെടുക്കപ്പെട്ട ജനാധിപത്യ സ്ഥാപനങ്ങൾക്ക് ജനങ്ങളിലുള്ള ഉത്തരവാദിത്തമായിട്ടാണ് പ്രസ്തുത വിഷയമേഖലകളെ കാണേണ്ടത്. ജനപ്രതിനിധികൾ ദൈനംദിനം ഇടപെടേണ്ടുന്ന വിഷയങ്ങളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കൈകാര്യം ചെയ്യപ്പെടുന്നത്. ഒരു ലൈൻ വകുപ്പ് ഘടനയിലേ അല്ല തദ്ദേശ സ്ഥാപന ഉദ്യോഗസ്ഥ സംവിധാനവും ജനങ്ങളും തമ്മിലുള്ള ബന്ധം. ജനജീവിതവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർവഹിക്കേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം പൊതുധാരണയാവശ്യമുള്ളവരാണ് എല്ലാ ജീവനക്കാരും. ജനപ്രതിനിധികളോടൊപ്പം ജനങ്ങളുടെ പ്രശ്നങ്ങൾ ഫീൽഡ് തലത്തിൽ പരിഹരിക്കാൻ ചുമതലയുള്ളവർ.

പ്രധാനമായും വികസന, സേവന, ക്ഷേമ സന്നദ്ധപ്രവർത്തനങ്ങളാണ് ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് നിർവ്വഹിക്കാൻ ഉള്ളത്. തദ്ദേശസ്വയംഭരണ വകുപ്പ് ജീവനക്കാർ അതുകൊണ്ട് തന്നെ ജനപ്രതിനിധികളോടൊപ്പം ജനങ്ങളിലേക്ക് പടർന്ന് പരക്കുന്ന നാഡീവ്യൂഹങ്ങളാണ്. സർക്കാർ എന്ന ഭീമാകാരമായ യന്ത്രത്തെ മാനുഷികവും സചേതനവുമായി മാറ്റിത്തീർ

ക്കുന്ന ജനസൗഹൃദകേന്ദ്രങ്ങളാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ. തങ്ങളോട് ബന്ധപ്പെടുന്ന ഓരോ മനുഷ്യനെയും ഭരണ ഘടനാപരമായ അവകാശങ്ങളും അധി കാരങ്ങളുമുള്ള വ്യക്തിയും പൗരനുമായി അംഗീകരിക്കുക എന്നതാണ് തദ്ദേശസ്ഥാ പനവുമായി ബന്ധപ്പെട്ട എല്ലാവരുടെയും ആദ്യത്തെ കടമ. പ്രാദേശിക ജനാധിപ ത്യത്തിന്റെ പര്യായങ്ങളായ പ്രാദേശിക സർക്കാരുകളിൽ ജോലിചെയ്യുന്നവർക്ക് ഈ പ്രാഥമിക ജനാധിപത്യ മൂല്യമില്ലാതെ ഈ സർവീസിൽ പ്രവർത്തിക്കാൻ ആവില്ല. സേവനം പൗരന്മാരുടെ അവകാശമാണെ ന്നും അത് ചോദിക്കുന്നതിനുള്ള അധികാരം സ്വാഭാവികമാണെന്നും ജീവനക്കാർ അംഗീ കരിക്കേണ്ടതുണ്ട്. സേവനം വയ്യാത്തവർക്ക് മാത്രമല്ല എല്ലാ പൗരന്മാരുടെയും വാതിൽ പ്പടിയിൽ എത്തിക്കാൻ കഴിയുന്നതിനുള്ള ശേഷി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ക്കുണ്ട്. കേരളത്തിലെ തദ്ദേശസ്വയംഭരണ വകുപ്പിലെ ജീവനക്കാരുടെ ഒരു പ്രത്യേകത ജനകീയാസൂത്രണവും അധികാര വികേ ന്ദ്രീകരണപ്രസ്ഥാനവും വികേന്ദ്രീകൃത ബോധത്തോടെ പ്രവർത്തിക്കാൻ കഴിവുള്ള കുറച്ചേറെ ജീവനക്കാരെ സൃഷ്ടിച്ചിട്ടുണ്ട് എന്നതാണ്. ഇവരുടെ ശതമാനം നൂറിലേ ക്കെത്തിക്കുക എന്നതാണ് പൊതുസർവീസ് രൂപീകരണ ത്തോടെ നേടേണ്ടുന്ന ലക്ഷ്യം.

മുപ്പത്തിഒന്നായിരത്തോളം ജീവന ക്കാരുള്ള ഏകീകൃത തദ്ദേശസ്വയം ഭരണ വകുപ്പിൽ 93 ശതമാനം പേരുടെയും പ്രവർത്തന മേഖല തദ്ദേശസ്വയം ഭരണ സ്ഥാപന പ്രതിനിധികളോടൊപ്പം അതത് സ്ഥാപനത്തിന്റെ പരിധിയിലാണ്. അതായത് ജനങ്ങൾക്കിടയിലാണ്. ഏഴ് ശതമാനം പേർ മാത്രമാണ് സംസ്ഥാന – ജില്ലാ കാര്യാലയങ്ങളിൽ പ്രവർത്തിക്കു ന്നത്. ഏഴായിരത്തിൽപരം വരുന്ന കണ്ടി ജന്റ് ജീവനക്കാർ തങ്ങളുടെ സ്വന്തം തദ്ദേ ശസ്വയംഭരണ സ്ഥാപന അതിർത്തിയ്ക്കക ത്താണ് ജോലി ചെയ്യുന്നത്. മറ്റു വകുപ്പുക ളിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പിനെ തീർത്തും ഒരു ജനകേന്ദ്രീകൃത സർവീസാക്കി മാറ്റിത്തീർക്കുന്നത് ഈയൊരു ഘടനാപര മായ പ്രത്യേകതയാണ്.

### മേൽ - കീഴ് ഘടകങ്ങൾക്കിട യിലെ ബന്ധം

ഒരു പ്രിൻസിപ്പൽ ഡയറക്ടറുടെ നേതൃ ത്വത്തിൽ റൂറൽ, അർബൻ, ലോക്കൽ



ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് എഞ്ചിനീയറിംഗ്, പ്ലാനിംഗ്, എന്നീ മുഖ്യവിഭാഗങ്ങളും പബ്ലിക് ഹെൽത്ത് ആന്റ് എൻവയൺമെന്റ് മാനേ ജ്മെന്റ് വിങ്ങ്, കമ്മ്യൂണിക്കേഷൻ, ഹ്യൂമൻ റിസോഴ്സ്, എംപവർമെന്റ്, എന്നീ ഉപവി ഭാഗങ്ങളും ചേർന്നതാണ് വകുപ്പിന്റെ സംസ്ഥാന കാര്യാലയം. കൂടാതെ നിയമ ത്തിനും, ഐ.റ്റിക്കും, ഫിനാൻസിനുമൊ ക്കെ വ്യത്യസ്ത സെല്ലുകളുമുണ്ട്.

ഒരു ജില്ലാ ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ നഗര – ഗ്രാമഭരണവും സാങ്കേതിക വിഭാഗങ്ങളെയും ഏകോപിപ്പി ക്കുന്ന സംവിധാനമാണ് ജില്ലാ കാര്യാലയം. സാങ്കേതിക വിഭാഗങ്ങൾക്ക് തങ്ങൾ പ്ര തിനിധാനം ചെയ്യുന്ന വിഷയമേഖലയിൽ സ്വതന്ത്രമായ അധികാരം ഉണ്ടായിരിക്കും.

തദ്ദേശസ്ഥാപനങ്ങളുടെ വിഷയ – പ്ര വർത്തനമേഖലകളിൽ ആവശ്യമായിവരു ന്ന സഹായവും പിന്തുണയും നൽകുന്നതി നാണ് വ്യത്യസ്തങ്ങളായ ശേഷികളോടെ സംസ്ഥാന – ജില്ലാ കാര്യാലയങ്ങൾ സജ്ജമാക്കുന്നത്. ഭരണപരവും സാങ്കേതി കവുമായ സഹായങ്ങളാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ജില്ലാ – സംസ്ഥാന കാര്യാലയങ്ങളിൽ നിന്നും സ്വഭാവികമായും പ്രതീക്ഷിക്കുന്നത്. സാങ്കേതിക ശേഷിയുള്ള വരും ഭരണപരമായ ചുമതലയുള്ളവരും യോജിച്ച് കൊണ്ട് ആവശ്യമായ സഹായ ങ്ങൾ ആവശ്യമായ വിധത്തിൽ ആവശ്യമാ കുന്ന സമയങ്ങളിൽ എത്തിച്ചുകൊടുക്കുക എന്ന ചുമതലയാണ് സംസ്ഥാന - ജില്ലാ കാര്യാലയങ്ങൾ വഹിക്കേണ്ടി വരിക. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഘടകസ്ഥാപനങ്ങളുടെ വകുപ്പു കളുമായി ഉണ്ടാവേണ്ട ഏകോപനം ഉറപ്പുവ രുത്തേണ്ട ചുമതലയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി സംസ്ഥാന - ജില്ലാതലവകുപ്പ് നേതൃത്വം നിർവ്വഹി ക്കേണ്ടതുണ്ട്. ഇത്തരം ഒരു പ്രവർത്തന സംസ്കാരം നിരന്തരമുള്ള പ്രായോഗിക പ്രവർത്തനങ്ങളിലൂടെയാണ് രൂപപ്പെടുക. ജനങ്ങളും ജനപ്രതിനിധികളും ജീവനക്കാ രിൽ ഇത്തരമൊരു മനോഭാവം വളർത്തി എടുക്കുന്നതിന് സഹായിക്കുകയോ പ്രേരി പ്പിക്കുകയോ ചെയ്യേണ്ടതുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കേന്ദ്രീകരിക്കപ്പെട്ടിട്ടുള്ള 93 ശതമാന ത്തോളം ജീവനക്കാർ തങ്ങളുടെ സഹപ്ര വർത്തകരും പൊതു പ്രവർത്തകരും നേതാക്കളുമായിട്ടുള്ള ജനപ്രതിനിധിക ളോടൊപ്പം ജനങ്ങളുമായി ബന്ധപ്പെട്ട വികസന, സേവന, ക്ഷേമ, സന്നദ്ധ പ്രവർ ത്തനങ്ങളിൽ സജീവമായി പ്രവർത്തിക്കേ ണ്ടവരാണ്. ഈയൊരു സമഗ്രതയാണ് സ്ഥാപനതലത്തിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ സവിശേഷത. ജനങ്ങ ളുടെ വിഷമതകളെ നേരിട്ടും പരിഹരിച്ചും പ്രവർത്തിക്കുന്ന ഈ തലത്തിലെ ജീവന ക്കാരെ ഭരിക്കാൻ വരുന്ന ഒരു ഘടനയല്ല ജില്ലാതലത്തിൽ രൂപംകൊള്ളുക എന്ന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി തന്നെ ജില്ലാമേധാവികളുമായുള്ള ആദ്യയോഗത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഫയലുകളിലൂടെയുള്ള യാന്ത്രിക ബന്ധമല്ല മറിച്ച് ഫയലിലെ പ്രശ്നങ്ങൾ പരിഹരിക്കുന്ന തിലൂടെ ജനങ്ങളുമായി നേരിട്ടുണ്ടാവേണ്ടുന്ന വൈകാരിക ബന്ധമാണ് ജില്ലാതല ഉദ്യോ



*കയർ ഭൂവസ്ത്രം*

ഗസ്ഥർക്ക് ഉണ്ടാവേണ്ടതെന്നാണ് ജില്ലാ ഉദ്യോഗസ്ഥരോട് അദ്ദേഹം ആവശ്യപ്പെട്ടത്.

ചുരുക്കത്തിൽ, ഭരിക്കലോ "ഇൻസ്പെക്ഷനോ" അല്ല ജില്ലാതല ഉദ്യോഗസ്ഥർ നിർവ്വഹിക്കേണ്ട കടമ എന്നാണ് സർക്കാർ വ്യക്തമാക്കുന്നത്. വികസന, സേവന, സന്നദ്ധ, ക്ഷേമ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ജനപ്രതിനിധികളും ജീവനക്കാരും നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ചുകൊടുക്കുക എന്ന കടമയാണ് ജില്ലാതല നേതൃത്വത്തിനും അവരെ സഹായിക്കുന്ന സംസ്ഥാന നേതൃത്വത്തിനുമുള്ളത്. ഇത്തരമൊരു സമീപനം ഫയലുകൾ മുകളിലോട്ട്പോയി കെട്ടികിടക്കുന്ന അവസ്ഥ ഇല്ലാതാക്കുന്നതിന് സഹായിക്കും. പ്രശ്നപരിഹാരത്തിനായി ജനങ്ങൾക്കിടയിൽ നിറഞ്ഞുനിന്ന് അവരുടെ പ്രശംസയ്ക്ക് പാത്രമാകുന്നതിന് ഉദ്യോഗസ്ഥരെ സഹായിക്കും. ജനപ്രതിനിധികൾ അതനുസരിച്ചുള്ള ആദരവും ബഹുമാനവും ഉദ്യോഗസ്ഥർക്ക് നൽകും. കൂട്ടായ പ്രവർത്തനവും കൂട്ടായ പ്രശ്നപരിഹാരവുമെന്ന നിലയിലുള്ള പ്രവർത്തനം പൗര കേന്ദ്രീകൃത ജനപക്ഷ സർവീസ് സംസ്കാരം രൂപപ്പെടുത്തും. ഉദ്യോഗസ്ഥരുടെ പ്രവർത്തന മികവ് തന്നെ ഇതിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തപ്പെടേണ്ടതുണ്ട്. തദ്ദേശ സ്വയം ഭരണ പൊതുസർവീസ് കൊണ്ടുവരുന്ന ഈ മാറ്റം കേരളത്തിലെ പൊതുവായ ഭരണനിർവ്വഹണ സംസ്കാരത്തിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കും.

**മുപ്പത്തിഒന്നായിരത്തോളം ജീവനക്കാരുള്ള ഏകീകൃത തദ്ദേശസ്വയം ഭരണ വകുപ്പിൽ 93 ശതമാനം പേരുടെയും പ്രവർത്തന മേഖല തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികളോടൊപ്പം അതത് സ്ഥാപനത്തിന്റെ പരിധിയിലാണ്. അതായത് ജനങ്ങൾക്കിടയിലാണ്.**

## പ്രധാന നടപടികൾ

പുതിയ വകുപ്പിൽ പൊതുസർവീസിൽ പ്രവർത്തിക്കുന്ന മുപ്പത്തിഒന്നായിര ത്തോളം ജീവനക്കാർക്ക് ഉണ്ടാവേണ്ട മനോഭാവ പരിവർത്തനവും പുതിയ അന്തരീക്ഷവുമായി താദാത്മ്യപ്പെട്ട് പ്രവർത്തിക്കുന്നതിനുള്ള കഴിവും (Adaptability) വികസിപ്പിക്കുന്നതിനുള്ള ബോധവത്കരണ പ്രവർത്തനവും സമഗ്രവും ഉയർന്നതലത്തിലുമുള്ള പരിശീലന പരിപാടിയുമാണ് ഇതിൽ പ്രധാനം. വളരെ ബൃഹത്തായ ഒരു പഠന പരിശീലന പരിപാടി ഇതിനായി രൂപപ്പെടുത്തേണ്ടതുണ്ട്. ഇതിനായുള്ള പാഠ്യപദ്ധതി നവീനമാതൃകയിൽ രൂപപ്പെടുത്തേണ്ടതുണ്ട്. ഇതിലൂടെ കാര്യക്ഷമതയും പ്രവർത്തനമികവും വർദ്ധിപ്പിക്കുന്ന അന്താരാഷ്ട്ര നിലവാരത്തിലുള്ള പഠനപരിശീലന പരിപാടികൾ ജീവനക്കാർക്ക് ലഭ്യമാവണം. കൂടാതെ സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ജീവനക്കാരുടെ നിരന്തര നവീകരണം സാധ്യമാക്കുന്ന ഇ-ലേണിങ്ങ് വേദികൾ വികസിപ്പിക്കുകയും വേണം.

ഫയലധിഷ്ഠിതമല്ല, ഫീൽഡധിഷ്ഠിതമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ. ഫയൽരഹിതമാകുന്ന സാങ്കേതിക മാറ്റത്തിന് തദ്ദേശ സ്ഥാപന കാര്യാലയങ്ങൾ വിധേയമാകുന്നതോടെ പൂർണ്ണതോതിൽ ഫീൽഡധിഷ്ഠിതമായി വികസന, സേവന, സന്നദ്ധ, ക്ഷേമ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് ജീവനക്കാർക്ക് കഴിയും. ഇത്തരത്തിൽ പൂർണമായും ഇ-ഗവർണൻസ് സാധ്യമാക്കുന്ന ഒരു സമഗ്ര സാങ്കേതിക സംവിധാനവും ഉദ്ഘാടന പ്ലാറ്റ് ഫോമും സജ്ജമാക്കുന്നതോടെ ജീവനക്കാർക്ക് ജനങ്ങൾക്കിടയിലേക്ക് ഇറങ്ങിചെന്ന് പ്രവർത്തിക്കുന്നതിനുള്ള പുതിയ ഭൗതികാന്തരീക്ഷവും സൃഷ്ടിക്കപ്പെടും. ഇത്തരമൊരു അനുകൂല സാഹചര്യവും മനോഭാവത്തിൽ സമൂലമായ പരിവർത്തനം സംഭവിച്ച ജീവനക്കാരും ചേർന്നാൽ കേരളത്തിന്റെ പ്രാദേശിക ഭരണനിർവഹണത്തിൽ പുതിയ മാതൃകതന്നെ സൃഷ്ടിക്കാൻ കഴിയും. □

*(ലേഖകൻ ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ചെയർമാനാണ്.)*



# പ്രാദേശിക ഭരണ മികവ് കൈവരിക്കാൻ കരുത്തുറ്റ ഏകീകൃത ഭരണ വകുപ്പ്

■ ഡോ. എൻ. രമാകാന്തൻ

അധികാര വികേന്ദ്രീകരണവും ജനകീയാസൂത്രണവും ഉയർത്തിപ്പിടിക്കുന്ന മഹത്തായ ജനാധിപത്യമൂല്യങ്ങളും ഭരണ സംസ്കാരവും കൈവരിക്കുന്നതിന് സംസ്ഥാന-ജില്ലാ-പ്രാദേശിക തലങ്ങളിൽ കരുത്തുറ്റ ഭരണ സംവിധാനം അത്യന്താപേക്ഷിതമാണ്. അധികാര വികേന്ദ്രീകരണത്തിന്റെ ഭരണമൂല്യങ്ങളായ ജനകീയ പങ്കാളിത്തം, സുതാര്യത, ഉത്തരവാദിത്വം, സ്ത്രീ സൗഹൃദ വികസനം, ദുർബല വിഭാഗ പരിഗണന എന്നിവ വികസന ഭരണത്തിൽ ഉറപ്പുവരുത്തേണ്ടതാണ്. അതോടൊപ്പം തന്നെ ജനങ്ങളുടെ ദൈനംദിന ജീവിതം മെച്ചപ്പെടുത്തുന്നതിനാവശ്യമായ പ്രായോഗിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും വേണം. ഇതിന് കഴിയുംവിധം ഉല്പാദന സംവിധാനങ്ങളെ ശക്തിപ്പെടുത്തി ഭൗതിക പുരോഗതി കൈവരിക്കുകയും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ പ്രദാനം ചെയ്തുകൊണ്ട് ജീവിത ഗുണമേന്മ ഉയർത്തുകയും വേണം.

ഇത്തരം ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അവിടത്തെ ഭരണ സംവിധാനവും പരിശ്രമങ്ങൾ നടത്തിയതു കൊണ്ട് മാത്രം കഴിയില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണപരമായ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നതിന് ചുമതലയുള്ള തദ്ദേശ സ്വയംഭരണ വകുപ്പിനാകെ ഇക്കാര്യത്തിൽ ഉത്തരവാദിത്വമുണ്ട്. ചുരുക്കത്തിൽ, അധികാര വികേന്ദ്രീകരണ ലക്ഷ്യങ്ങൾ കൈവരിക്കുക എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാത്രം ചുമതലയല്ല. തദ്ദേശ ഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഭരണവകുപ്പുകളുടെ കൂടി ഉത്തരവാദിത്തമായി ഇത് മാറേണ്ടതുണ്ട്. ഇതിന് കഴിയണമെങ്കിൽ സമഗ്രമായ ഭരണപരിഷ്കാരം ഉണ്ടാകേണ്ടതുണ്ട്. അധികാര വികേന്ദ്രീകരണത്തോടൊപ്പം തന്നെ ഇത്തരമൊരു സമഗ്രമായ ഭരണപരിഷ്കാരം നടപ്പാക്കുന്നതിനാണ് ഡോ. സത്യബ്രത സെൻ ചെയർമാനായ അധികാര വികേന്ദ്രീകരണ കമ്മിറ്റിയെ ഇ. കെ. നായനാരുടെ നേതൃത്വത്തിലുള്ള





കേരള ഗവണ്മെന്റ് നിയോഗിച്ചത്. ഇതു സംബന്ധിച്ച് സുപ്രധാനമായ നിർദ്ദേശങ്ങളും ശുപാർശകളും സെൻ കമ്മിറ്റി നല്കുകയുമുണ്ടായി.

## 1. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക പ്രൊഫഷണൽ സഹായം

അധികാര വികേന്ദ്രീകരണത്തോടൊപ്പം തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജനങ്ങളുടെ പ്രതീക്ഷക്കനുസരിച്ച് ഉയർന്നു പ്രവർത്തിക്കുന്നതിന് ഭരണ സംവിധാനത്തിന്റെ സാങ്കേതികവും ഭരണപരവുമായ പിന്തുണയും സഹായങ്ങളും അത്യന്താപേക്ഷിതമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണപരമായ നിയന്ത്രണാധികാരങ്ങൾ പ്രധാനമായും തദ്ദേശ സ്വയംഭരണ വകുപ്പിലാണ് നിക്ഷിപ്തമായിട്ടുള്ളത്. വ്യത്യസ്ത തട്ടുകളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ട-നിയന്ത്രണാധികാരങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഭാഗമായുള്ള വിവിധ വകുപ്പുകളിലാണ് നിലനിന്നു പോന്നിരുന്നത്. അതുകൊണ്ടു തന്നെ അധികാര വികേന്ദ്രീകരണത്തിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്രാദേശിക ഭരണ സംവിധാനവും കൈവരിക്കേണ്ട ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാവശ്യമായ നയരൂപീകരണം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിനും കഴിഞ്ഞിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. മുൻപ് സൂചിപ്പിച്ചതുപോലെ അധികാര വികേന്ദ്രീകരണത്തിന്റെ ജനാധിപത്യ മൂല്യങ്ങളും ഭരണ സംസ്കാരവും ശക്തിപ്പെടുത്തി, തദ്ദേശ ഭരണവകുപ്പിന് കഴിയാതെ പോയതും ബന്ധപ്പെട്ട വ്യത്യസ്ത വകുപ്പുകൾ ഏകോപനമില്ലാതെയും പരസ്പരം യോജിച്ചും പ്രവർത്തിക്കാതിരുന്നതിനാലുമാണ്. അധികാര വികേന്ദ്രീകരണത്തിന്റെ കാലഘട്ടം ഏല്പിക്കുന്ന പുതിയ ചുമതലകളും ഉത്തരവാദിത്തങ്ങളും ഏറ്റെടുത്തുകൊണ്ട്, വിവിധ തട്ടുകളിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പുതിയ കാലത്തെ കേരളത്തെ സൃഷ്ടിക്കുന്നതിന് കഴിയും വിധം പ്രവർത്തിക്കുന്നതിനാവശ്യമായ പ്രൊഫഷണൽ-സാങ്കേതിക വൈദഗ്ധ്യം നല്കുന്നതിന് വകുപ്പിന് കഴിയേണ്ടതുണ്ട്. ഇത്തരമൊരു ഉത്തരവാദിത്വത്തിലേക്ക് ഉയരുന്നതിന് സമഗ്രമായ ഭരണ പരിഷ്കാരം ഉണ്ടായേ മതിയാകൂ. അത്തരമൊരു സമഗ്രമായ ഭരണ പരിഷ്കാരത്തിന്റെ പ്രായോഗിക പ്രവർത്തനമാണ് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ രൂപീകരണത്തിലൂടെ കേരളത്തിലെ ഗവണ്മെന്റ് പൂർത്തിയാക്കിയത്.

## 2. സമഗ്രമായ ഭരണ പരിഷ്കരണത്തിലൂടെ കരുത്തുറ്റ തദ്ദേശ ഭരണ സ്ഥാപനങ്ങൾ

കഴിഞ്ഞ കാൽനൂറ്റാണ്ടിന്റെ ജനകീയാസൂത്രണ അനുഭവങ്ങളുടെ കരുത്തോടെയാണ് കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇപ്പോൾ മുന്നോട്ട് പോകുന്നത്. അധികാര വികേന്ദ്രീകരണത്തിലും ആസൂത്രണ വികേന്ദ്രീകരണത്തിലും കേരളം രാജ്യത്തിനാകെ മാതൃകയാണ്. പ്രാദേശികാസൂത്രണത്തിന്റെ രീതി ശാസ്ത്രം പ്രയോഗവത്ക്കരിക്കുന്നതിവാശ്യമായ കാര്യശേഷി നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങൾ വലിയൊരളവിൽ നേടിക്കഴിഞ്ഞു. കഴിഞ്ഞ കാൽ നൂറ്റാണ്ടു കാലത്തെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ശ്രദ്ധ ഏറെ കേന്ദ്രീകരിച്ചതും പ്രാദേശികാസൂത്രണത്തിന്റെ നടപടിക്രമങ്ങൾ ചിട്ടപ്പെടുത്തുന്നതിനായിരുന്നു. എന്നാൽ, ഇനി അങ്ങോട്ട് അതുമാത്രം പോര. ഇക്കാര്യം ഗവണ്മെന്റിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് സമഗ്രമായ ഭരണ പരിഷ്കാരം പ്രാദേശിക ഭരണ സംവിധാനത്തിലും തദ്ദേശ ഭരണവകുപ്പിലും നടപ്പാക്കുന്നതിന് തീരുമാനമെടുത്തത്. പ്രാദേശിക വികസനവും ആസൂത്രണ പ്രക്രിയയും കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഭരണ സംവിധാനം ശക്തിപ്പെടുത്തേണ്ടതുണ്ട് എന്നതായിരുന്നു ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകരണം എന്ന തീരുമാനത്തിന്റെ അടിസ്ഥാനം. തദ്ദേശ ഭരണസ്ഥാപനങ്ങളുടെ ജനാധിപത്യവത്ക്കരണം ശക്തിപ്പെടുത്തി, സംയോജിത വികസന കാഴ്ചപ്പാടോടെ സുസ്ഥിരമായ വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സഹായകമായ വിധത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പും ബന്ധപ്പെട്ട വിവിധ സംവിധാനങ്ങളും മാറേണ്ടതുണ്ട്. അധികാര വികേന്ദ്രീകരണത്തിലൂടെ തദ്ദേശ ഭരണ

സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ചുമതലകളും ഉത്തരവാദിത്വങ്ങളും ഫലപ്രദമായും കാര്യക്ഷമമായും നിർവ്വഹിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുകയും സഹായിക്കുകയും ചെയ്യുക എന്നതായിരിക്കണം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മുഖ്യമായ ഉത്തരവാദിത്വം. ഇത്തരമൊരു ഉത്തരവാദിത്വം നിറവേറ്റുന്നതിന് സങ്കുചിതമായ വകുപ്പ് താല്പര്യങ്ങൾക്കുപരി, തസ്തികകളും പ്രൊമോഷനും എന്നതിനപ്പുറം വിശാലമായൊരു കാഴ്ചപ്പാടിലേക്ക് വകുപ്പ് മാറേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വിവിധ വിഭാഗങ്ങളിൽ ലഭ്യമായ മനുഷ്യവിഭവ ശേഷിയും ഉദ്യോഗസ്ഥ സംവിധാനവും ഏകോപിതമായി പ്രയോജനപ്പെടുത്താൻ കഴിയുന്നതോടെ വലിയ തോതിലുള്ള മാറ്റങ്ങൾ സൃഷ്ടിക്കുന്നതിന് കഴിയും. ഇത്തരമൊരു ലക്ഷ്യത്തോടെ വകുപ്പിന്റെ ഘടനയിലും പ്രവർത്തനത്തിലും ഭരണ സംസ്കാരത്തിലും സമഗ്രമായ മാറ്റങ്ങൾക്ക് വഴിയൊരുക്കുന്ന ഭരണ പരിഷ്ക്കാരമാണ് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ രൂപീകരണത്തോടെ സാദ്ധ്യമാകുന്നത്.

### 3. ഏകീകൃത തദ്ദേശഭരണ വകുപ്പ് രാജ്യത്തിനാകെ മാതൃക

ജനകീയാസൂത്രണത്തിലൂടെ പ്രാദേശിക വികസനത്തിൽ വിപ്ലകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞു. എങ്കിൽ പ്രാദേശിക ഭരണത്തിലും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വികസന ഭരണത്തിൽ വിപ്ലകരമായ മാറ്റങ്ങൾ സൃഷ്ടിക്കുന്നതിന് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ രൂപീകരണത്തിലൂടെ കഴിയുമെന്നുറപ്പാണ്. തദ്ദേശ ഭരണസംവിധാനം ശക്തിപ്പെടുത്തുന്നതിനും അധികാര വികേന്ദ്രീകരണത്തെ പുതിയൊരു വിതാനത്തിലേക്ക് ഉയർത്തുന്നതിനും രാജ്യത്തിനാകെ മാതൃകയായി ഇത്തരമൊരു ഭരണ പരിഷ്ക്കാരത്തിലൂടെ കേരളത്തിന് കഴിയും. രാജ്യത്തെ പ്രാദേശിക ഭരണ പരിഷ്ക്കരണത്തിനായി ആറാം ഭരണ പരിഷ്ക്കാര കമ്മീഷൻ മുന്നോട്ടുവച്ച ശുപാർശകൾക്കും നിർദ്ദേശങ്ങൾക്കുമപ്പുറം കേരളത്തിന് ഇത്തരമൊരു ഭരണ പരിഷ്ക്കാരത്തിലൂടെ പോകാൻ കഴിഞ്ഞു എന്നത് അഭിമാനകരമായ നേട്ടമാണ്.

അധികാര വികേന്ദ്രീകരണത്തിന്റെ ഇരുപത്തിയഞ്ച് വർഷങ്ങൾ പിന്നിട്ട കേരളം ഇതിന്റെ കൂടി അനുഭവങ്ങൾ ഉൾക്കൊള്ളുകൊണ്ട് പുതിയൊരു കേരളം സൃഷ്ടിക്കുന്നതിനായുള്ള പരിശ്രമത്തിലാണ്. ഇതിന്റെ ഭാഗമായി ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങളാണ് കേരളത്തിലെ ഗവണ്മെന്റ് തയ്യാറാക്കി നടപ്പിലാക്കി വരുന്നത്. നവകേരള സൃഷ്ടി എന്നത് കൂടുതൽ ജീവിത യോഗ്യമായതും ഉയർന്ന ജീവിത ഗുണമേന്മയുള്ളതും മെച്ചപ്പെട്ട സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കാൻ കഴിയുന്നതുമായ കേരളത്തെ രൂപപ്പെടുത്തുക എന്നതു തന്നെയാണ്. ഇതിൽ ഏറ്റവും പ്രധാനം എല്ലാ ആധുനിക ജീവിത സൗകര്യങ്ങളും പാവപ്പെട്ട മനുഷ്യർക്ക് ഉറപ്പുവരുത്തുകയും അവരുടെ അതിജീവന സുരക്ഷ ഭദ്രമാക്കുകയുമാണ്. ഇക്കാര്യത്തിൽ സുപ്രധാനമായ ഉത്തരവാദിത്വമാണ് തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് നിറവേറ്റാനുള്ളത്.

**നവകേരള സൃഷ്ടി എന്നത് കൂടുതൽ ജീവിത യോഗ്യമായതും ഉയർന്ന ജീവിത ഗുണമേന്മയുള്ളതും മെച്ചപ്പെട്ട സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കാൻ കഴിയുന്നതുമായ കേരളത്തെ രൂപപ്പെടുത്തുക എന്നതു തന്നെയാണ്.**

### 4. സ്ഥൂലതല വികസന ലക്ഷ്യങ്ങൾ ഏകീകൃത തദ്ദേശ ഭരണ വകുപ്പിലൂടെ

സംസ്ഥാന ഗവണ്മെന്റ് ഉയർത്തിപ്പിടിക്കുന്നതും സംസ്ഥാനത്താകെ കൈവരിക്കേണ്ടതുമായ പൊതുവായുള്ള സ്ഥൂലതല വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സൂക്ഷ്മ തലത്തിൽ ഇടപെടലുകൾ നടത്തുന്നതിന് തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് കഴിയേണ്ടതുണ്ട്. ഇതിനായി തദ്ദേശ ഭരണ സ്ഥാപനങ്ങളെ സജ്ജമാക്കുക എന്ന വലിയൊരു ഉത്തരവാദിത്വം ബന്ധപ്പെട്ട ഭരണവകുപ്പ് എന്ന നിലയിൽ തദ്ദേശ സ്വയംഭരണ വകുപ്പിനുണ്ട്. ഇക്കാര്യം ഫലപ്രദമായി നിർവ്വഹിക്കുന്നതിന് വകുപ്പുതലത്തിൽ കൂടുതൽ ഏകോപനവും സംയോജിതമായ പരിശ്രമങ്ങളും ഉണ്ടാകേണ്ടതുണ്ട് എന്ന കാഴ്ചപ്പാടോടെയാണ് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് രൂപീകൃതമാവുന്നത്. നവകേരള നിർമ്മിതി സാദ്ധ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കാൻ കഴിയും വിധം കരുത്തുറ്റ ഭരണ സംവിധാനം സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും പ്രാദേശിക തലത്തിലും സൃഷ്ടിക്കുന്നതിന് ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ രൂപീകരണത്തിലൂടെ നിശ്ചയമായും കഴിയും. അധികാര വികേന്ദ്രീകരണത്തിന്റെ വികസന-ഭരണ മൂല്യങ്ങൾക്കനുസരിച്ച് തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് കൂടുതൽ ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കുന്നതിന് ആവശ്യമായ സാങ്കേതിക-പ്രൊഫഷണൽ വൈദഗ്ദ്ധ്യവും സഹായവും ലഭ്യമാക്കുന്നതിന് ഏകീകൃത തദ്ദേശഭരണ വകുപ്പിന് കഴിയുന്നതോടെ തദ്ദേശ സ്ഥാപനങ്ങൾ കൂടുതൽ ജനകേന്ദ്രീകൃതവും ജനസൗഹൃദവുമായി മാറുകയും ചെയ്യുമെന്നുറപ്പാണ്.

പുതിയ കാലത്തെ വികസന വെല്ലുവിളികൾ ഏറ്റെടുക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കാൻ കഴിയുന്ന കരുത്തുറ്റ ഭരണവകുപ്പായി ഏകീകരണത്തിലൂടെ തദ്ദേശ സ്വയംഭരണ വകുപ്പ് മാറുകയാണ്. ഇത് അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനും പ്രാദേശിക വികസനത്തെ ജനപങ്കാളിത്തം കൊണ്ട് കൂടുതൽ ജനാധിപത്യവത്ക്കരിക്കുന്നതിനും ഏകോപിതവും സംയോജിതവുമായ വികസന കാഴ്ചപ്പാട് പ്രയോഗവത്ക്കരിക്കുന്നതിലും പുതിയ പ്രതീക്ഷകളാണ് നല്കുന്നത്. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ രൂപീകരണത്തിലൂടെ അധികാര വികേന്ദ്രീകരണത്തിലും പ്രാദേശിക ഭരണ പരിഷ്ക്കാരത്തിലും കേരളം രാജ്യത്തിന് മറ്റൊരു മാതൃക കൂടി സംഭാവന ചെയ്യുകയാണ്. □

*(ലേഖകൻ കേരള സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ഡയറക്ടറും, ലോക്കൽ ഗവൺമെന്റ് കമ്മീഷൻ മുൻ അംഗവുമാണ്)*



# ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ഡോക്യുമെന്റേഷൻ റിപ്പോർട്ട് സമർപ്പിച്ചു

അധികാരവികേന്ദ്രീകരണ സുസ്ഥിരമാക്കുന്നതിനാവശ്യമായ നയപരവും നിയമപരവുമായ പ്രവർത്തനങ്ങളിൽ സർക്കാരിനേയും തദ്ദേശസ്വയംഭരണ വകുപ്പിനേയും സഹായിക്കുന്നതിനുള്ള സംവിധാനമാണ് ലോക്കൽ ഗവൺമെൻറ് കമ്മീഷൻ. സെൻ കമ്മിറ്റി എന്നറിയപ്പെട്ട അധികാരവികേന്ദ്രീകരണകമ്മിറ്റിയുടെയും തുടർന്ന് രൂപീകരിച്ച കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെയും തുടർച്ച കൂടിയാണിത്. 2016 ൽ Dr. C. P. വിനോദ് ചെയർമാനായും Dr. N. രമാകാന്തൻ മെമ്പറായും പുനസംഘടിപ്പിക്കപ്പെട്ട നിലവിലുള്ള ലോക്കൽ ഗവൺമെൻറ് കമ്മീഷന്റെ പ്രധാനപ്പെട്ട ചുമതല, അഞ്ചു വകുപ്പുകൾ ഏകീകരിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിച്ച് പ്രാദേശിക സർക്കാരുകളുടെ ജനോപകാരപ്രദമായ പ്രവർത്തനം ശാക്തീകരിക്കുന്നതിനും കാര്യക്ഷമതയും സുതാര്യതയും ഉത്തരവാദിത്വവും വർദ്ധിപ്പിക്കുന്നതിനും അതനുസരിച്ച് നിലവിലുള്ള ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും അവലോകനം ചെയ്തു വേണ്ട മാറ്റങ്ങൾ അവതരിപ്പിക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലുള്ള വിവിധ വിഭാഗങ്ങൾ സംയോജിതമായി പ്രവർത്തിക്കുന്നതിനും സർക്കാരിന് മാർഗ്ഗനിർദ്ദേശങ്ങൾ നല്കുക എന്നതായിരുന്നു. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിക്കുന്നതിനുള്ള വിശേഷാൽ ചട്ടങ്ങൾ തയ്യാറാക്കുന്നതിനും സർക്കാർ ലോക്കൽ ഗവൺമെൻറ് കമ്മീഷനെ ചുമതലപ്പെടുത്തിയിരുന്നു. വിശദമായ ചർച്ചകൾക്കും പഠനങ്ങൾക്കും ശേഷം പുതിയ സംയോജിത വകുപ്പ് രൂപകല്പന ചെയ്ത് 2018 മാർച്ചിൽ കരട് ചട്ടങ്ങൾ കമ്മീഷൻ സർക്കാരിൽ സമർപ്പിച്ചു.

ഏകീകൃതസംവിധാനം രൂപകല്പനചെയ്തുകൊണ്ട് വിശേഷാൽ ചട്ടങ്ങൾ രൂപീകരിച്ചതു മുതൽ ചട്ടങ്ങൾ അന്തിമപ്പെടുത്തുന്നതു വരെയുള്ള പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിൽ ലോക്കൽ ഗവൺമെൻറ് കമ്മീഷൻ തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്നു പ്രവർത്തിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി സർക്കാർ നിർദ്ദേശപ്രകാരം ഏകീകൃതവകുപ്പിന്റെ പ്രവർത്തനസഹായിയായ ഒരു ഫംഗ്ഷണൽ മാന്വൽ രൂപപ്പെടുത്തുന്നതിനുള്ള രൂപരേഖയും കമ്മീഷൻ തയ്യാറാക്കി 2022 ഫെബ്രുവരി 3-ാം തീയതി സർക്കാരിന് സമർപ്പിച്ചു. വളരെ അപൂർവമായി മാത്രം സർവീസ് മേഖലയിലും വികേന്ദ്രീകരണ രംഗത്തും നടക്കുന്ന ഒരു പരിഷ്കരണ പ്രക്രിയ എന്ന നിലയിൽ ഏകീകൃത തദ്ദേശസ്വയംഭരണ സർവീസ് രൂപപ്പെടുത്തുന്നതിനായി നടത്തിയ പഠന വിശകലന പ്രവർത്തനങ്ങൾ രേഖപ്പെടുത്തി വയ്ക്കുന്നതിനാണ് ഡോക്യുമെന്റേഷൻ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. കൂടാതെ ഏകീകൃത വകുപ്പ് നിലവിൽ വരുന്നതോടൊപ്പം ഭരണനിർവഹണ സംവിധാനവുമായി ബന്ധപ്പെട്ട് വരുത്താൻ കഴിയുന്ന മാറ്റങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങളും കമ്മീഷൻ തയ്യാറാക്കിയ കരട് വിശേഷാൽ ചട്ടങ്ങളും ഫംഗ്ഷണൽ മാന്വലിന്റെ രൂപരേഖയും ചേർന്നതാണ് റിപ്പോർട്ട്.

കമ്മീഷന്റെ പ്രവർത്തനങ്ങളിൽ കൺസൾട്ടന്റുമാരായ ശ്രീ.ജോൺസിംഗ് ജയിംസ്, ശ്രീ.എൻ.കേശവൻ നമ്പൂതിരി, ശ്രീ.എം.വിജയകുമാരൻ നായർ, ശ്രീ.കെ.ദേവരാജൻ, ശ്രീ.കെ.റ്റി.ജോർജ്ജ്, പഞ്ചായത്ത് വകുപ്പ് സീനിയർ സൂപ്രണ്ട് ശ്രീമതി എസ്.എസ്.അജിത, എന്നിവർ സഹകരിച്ചിരുന്നു. □




# 2022-23 കേന്ദ്രബഡ്ജറ്റിലെ കാണാപ്പുറങ്ങൾ

■ ഹുസൈൻ എം. മിന്നത്ത്

കേന്ദ്ര ധനമന്ത്രി ശ്രീമതി നിർമലാ സീതാരാമൻ 2022-23 ധനകാര്യ വർഷത്തേക്കുള്ള കേന്ദ്ര ബഡ്ജറ്റ് 2022 ഫെബ്രുവരി ഒന്നിന് ലോകസഭയിൽ അവതരിപ്പിക്കുകയുണ്ടായി. സ്വാതന്ത്ര്യത്തിന്റെ 100 വർഷം തികയുന്ന അടുത്ത 25 വർഷക്കാലം അമൃത് വർഷമായിരിക്കുമെന്നും അതിന്റെ ഭാഗമായി സ്വകാര്യ മൂലധന നിക്ഷേപ സാധ്യതകൾ പരമാവധി വിനിയോഗിച്ച് അടിസ്ഥാന സൗകര്യം ഉൾപ്പെടെ സമഗ്ര വികസനം ലക്ഷ്യം വെച്ച് കൊണ്ടുള്ള ബഡ്ജറ്റാണിതെന്ന ആമുഖത്തോടെ അവതരിപ്പിച്ച ബഡ്ജറ്റിൽ ആകെ 39.44 ലക്ഷം കോടി രൂപയുടെ വിഹിതമാണ് വകയിരുത്തിയിരിക്കുന്നത്.

ബഡ്ജറ്റിൽ നടപ്പ് വർഷ (2021 -22) ബഡ്ജറ്റ് വിഹിതത്തേക്കാൾ 4.6% വർദ്ധനവും മൊത്തം ചെലവിൽ 8.2% വർദ്ധനവുമാണ് വന്നിരിക്കുന്നത്. 2022-23 കാല ഘട്ടത്തിൽ മൊത്തം ആഭ്യന്തര ഉൽപന്നത്തിൽ (GDP) പണപ്പെരുപ്പം കൂടി കണക്കിലെടുത്ത് കൊണ്ട് 11.1% വളർച്ചയാണ് ലക്ഷ്യം വെക്കുന്നത്. കടമെടുക്കുന്നത് ഒഴിവാക്കി നിർത്തിയാൽ 22.84 ലക്ഷം കോടി രൂപയുടെ വരവും പ്രതീക്ഷിക്കുന്നുണ്ട്. ഇതിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിൽപനയിൽ (Disinvestment) കൂടിയാണ് 65,000 കോടി രൂപ പ്രതീക്ഷിക്കുന്നത്. 16.61 ലക്ഷം കോടി രൂപയുടെ ധനക്കമ്മിയാണ് (Fiscal Deficit) വായ്പ വഴി നികത്തുവാൻ ലക്ഷ്യം വെക്കുന്നത്. നടപ്പ് വർഷത്തെ പുതുക്കിയ ബഡ്ജറ്റ് കണക്ക് (Revised Estimate) പ്രകാരം വായ്പ എടുക്കുന്നതിലും 4.4% വർദ്ധനവ് വരുത്തിയിട്ടുള്ളതായി കാണാം. കേന്ദ്ര സർക്കാർ നികുതി വഴി പ്രതീക്ഷിക്കുന്ന 19.35 ലക്ഷം കോടി രൂപയിൽ 8.17 ലക്ഷം കോടി രൂപ ധനകാര്യ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾക്ക് നൽകുന്നതിനായി മാറ്റി വെക്കുന്നുണ്ട്. സംസ്ഥാനങ്ങൾക്ക് കേന്ദ്രം നൽകുന്ന വിഹിതത്തിൽ മുൻ വർഷത്തെക്കാൾ (പുതുക്കിയ എസ്റ്റിമേറ്റ്) 9.6 % വർദ്ധനവ് വരുത്തിയതായും കാണാവുന്നതാണ്. നികുതി വഴി പ്രതീക്ഷിക്കുന്ന വരുമാന




### കേന്ദ്ര ബഡ്ജറ്റ് 2022-23 ഒറ്റ നോട്ടത്തിൽ (തുക കോടിയിൽ)

| ഇനം | ബഡ്ജറ്റ് 2021-22 (പുതുക്കിയത്) | ബഡ്ജറ്റ് 2022-23 | 2021-22 പുതുക്കിയ ബഡ്ജറ്റിൽ നിന്നും 2022-23 ലെ മാറ്റ ശതമാനം |
|---|---|---|---|
| റവന്യൂ ചെലവ് | 31,67,289.00 | 31,94,663.00 | 0.9% |
| മൂലധന ചെലവ് | 6,02,711.00 | 7,50,246.00 | 24.5% |
| ആകെ ചെലവ് | 37,70,000.00 | 39,44,909.00 | 4.6% |
| റവന്യൂ വരവുകൾ | 20,78,936.00 | 22,04,422.00 | 6.0% |
| മൂലധന വരവുകൾ | 99,975.00 | 79,291.00 | -20.7% |
| കടമെടുപ്പ് | 15,91,089.00 | 16,61,196.00 | 4.4% |
| **ആകെ വരവ്** | **37,70,000.00** | **39,44,909.00** | **4.6%** |

ത്തിൽ കോർപ്പറേഷൻ ടാക്സിൽ നിന്നും 7.20 ലക്ഷം കോടി രൂപയും വരുമാന നികുതിയിൽ നിന്നും 7.00 ലക്ഷം കോടി രൂപയും ചരക്ക് സേവന നികുതിയിൽ നിന്നും 7.8 ലക്ഷം കോടി രൂപയും കേന്ദ്ര എക്സൈസ് നികുതിയിൽ നിന്നും 3.35 ലക്ഷം കോടി രൂപയും കസ്റ്റംസ് നികുതി യിനത്തിൽ നിന്നും 2.13 ലക്ഷം കോടി രൂപയും, സേവന നികുതിയായി 2,000 കോടി രൂപയും പ്രതീക്ഷിക്കുന്നു. 2022-23 ൽ നികുതിയേതര (Non Tax Revenue) വരുമാനമായി 2.70 ലക്ഷം കോടി രൂപയും പ്രതീക്ഷിക്കുന്നുണ്ട്. സസൂക്ഷ്മം വിശകലന വിധേയമാക്കിയ കേന്ദ്രബഡ്ജറ്റിൽ കാണാവുന്ന ചില വസ്തുതകൾ താഴെ നൽകുന്നു.

## കേന്ദ്ര പദ്ധതികളും ബഡ്ജറ്റും

കേന്ദ്ര പദ്ധതികളുടെ ഘടനയിൽ 2015 മുതൽ ചില മാറ്റങ്ങൾ വരുത്തുകയുണ്ടായി. കേന്ദ്ര പദ്ധതികളെ മൂന്നായിട്ടാണ് തരം തിരിച്ചിരിക്കുന്നത്. a) കോർ (Core) സ്കീമുകൾ b) കോർ ടു കോർ (Core to Core) സ്കീമുകൾ c)ഓപ്ഷണൽ(Optional) സ്കീം എന്നിങ്ങനെയാണ് ക്രോഡീകരിച്ചിരിക്കുന്നത്. കേന്ദ്ര സർക്കാർ നേരിട്ട് നടത്തുന്ന കോർ സ്കീമുകൾക്ക് 100 % ഫണ്ടും കേന്ദ്ര സർക്കാർ വകയിരുത്തുകയും പദ്ധതി നടത്തിപ്പിനായി ഫണ്ട് സംസ്ഥാനങ്ങൾക്ക് നൽകുകയും ചെയ്യുന്നു. മഹാത്മാ ഗാന്ധി ദേശീയഗ്രാമീണ തൊഴിൽദാന പദ്ധതി, ദേശീയ സാമൂഹ്യ സുരക്ഷാ പദ്ധതികൾ, പട്ടികജാതി, പട്ടികവർഗ്ഗ, ന്യൂനപക്ഷ പിന്നോക്ക വിഭാഗക്ഷേമം എന്നിവയുമായി ബന്ധപ്പെട്ട പദ്ധതികൾ ഈ വിഭാഗത്തിൽ വരുന്നവയാണ്. കോർ ടു കോർ സ്കീമുകളിൽ പദ്ധതി നടത്തിപ്പ് തുകയുടെ 60% കേന്ദ്രസർക്കാർ നൽകുമ്പോൾ 40% സംസ്ഥാനങ്ങൾ കണ്ടെത്തേണ്ടതാണ്. ഓപ്ഷണൽ സ്കീമുകളിൽ സംസ്ഥാ നങ്ങൾക്ക് ആവശ്യമെങ്കിൽ ഏറ്റെടുക്കാവുന്ന പദ്ധതികളാണ് ഉൾപ്പെട്ടിരിക്കുന്നത്. ഈ പദ്ധതികൾ സംസ്ഥാനം ഏറ്റെടുക്കുമ്പോൾ പദ്ധതി വിഹിതത്തിന്റെ 50% തുക മാത്രമേ കേന്ദ്ര സർക്കാർ വഹിക്കുകയുള്ളൂ. കേന്ദ്ര പദ്ധതികളുടെ നിർവ്വഹണത്തിൽ 2022-23 ബഡ്ജറ്റിൽ നടത്തിയ ഇടപെടലുകൾ ശ്രദ്ധേയമാണ്. കേന്ദ്ര സർക്കാർ നേരിട്ട് നടപ്പിലാക്കുന്ന 100% കേന്ദ്ര സഹായമുള്ള Core Sector പദ്ധതികളുടെ വിഹിതത്തിൽ കുറവ് വരുത്തുകയുണ്ടായി. പുതുക്കിയ ബഡ്ജറ്റ് കണക്ക് പ്രകാരം 2021-22ൽ 11.95 ലക്ഷം കോടി രൂപയായിരുന്നു Core Sector പദ്ധതികൾക്കായി വകയിരുത്തിയിരുന്നത്. എന്നാൽ 2022-23 ലെ ബഡ്ജറ്റിൽ ഇതിൽ 1.2% കുറവ് വരുത്തി 11.81 ലക്ഷം കോടി രൂപയാണ് ഇതിനായ് വകയിരുത്തിയിട്ടുള്ളത്. വികസന പ്രവർത്തനങ്ങളിൽ നിന്നുള്ള കേന്ദ്രസർക്കാരിന്റെ പിൻമാറ്റം വളരെ വ്യക്തമായി കാണാം. ഉദാഹരണത്തിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ദാന പദ്ധതിക്കായി 2021-22 ലെ പുതുക്കിയ ബഡ്ജറ്റിൽ 98000 കോടി രൂപ വകയിരുത്തിയപ്പോൾ 2022-23 ബഡ്ജറ്റിൽ 25.5% കുറവ് വരുത്തി 73000 കോടി രൂപ മാത്രമാണ് വകയിരുത്തിയത്. കോവിഡ് 19 ന്റെ സാഹചര്യത്തിൽ തൊഴിലിനും ജീവ

നോപാധികൾക്കും പ്രഥമപരിഗണ നൽകേണ്ടിയിരുന്നപ്പോൾ പ്രാദേശിക തലത്തിൽ ഏറെ ഗുണഭോക്താക്കളും വികസന സാധ്യതയുമുള്ള ഒരു പദ്ധതിയെ ആണ് കേന്ദ്രം അവഗണിച്ചത്. എന്നാൽ കോർ ട്ട കോർ സ്കീമിന്റെ പരിധിയിൽ വരുന്ന പദ്ധതികൾക്കുള്ള വിഹിതത്തിൽ 6.6% വർദ്ധന വരുത്തി 2021-22 ലെ പുതുക്കിയ ബഡ്ജറ്റ് വിഹിതത്തേക്കാൾ 2022-23 ൽ കൂടുതൽ തുക വകയിരുത്തുകയുണ്ടായി. ഇത്തരം പദ്ധതികൾ ഏറ്റെടുക്കുന്നത് സംസ്ഥാനങ്ങളുടെ വലിയ ബാധ്യതയാവുകയാണ്. കേന്ദ്ര പദ്ധതികൾക്ക് 40% തുക സംസ്ഥാനം നിർബന്ധമായും വകയിരുത്തിയാൽ മാത്രമേ ബാക്കി 60% കേന്ദ്രം നൽകുകയുള്ളൂ. അധിക വിഭവസമാഹരണം അടക്കമുള്ളതിൽ ഏറെ ബുദ്ധിമുട്ടുന്ന കേരളത്തെപ്പോലുള്ള സംസ്ഥാനങ്ങൾ ഇത്തരം പദ്ധതികൾ ഏറ്റെടുക്കുമ്പോൾ കൂടുതൽ വിഭവങ്ങൾ കണ്ടെത്തേണ്ടതായിട്ടുണ്ട്.

**2022-23 ബഡ്ജറ്റും സബ്സിഡിയും**
(രൂപ കോടിയിൽ)

| സബ്സിഡി | ബഡ്ജറ്റ് 2021-22 (പുതുക്കിയത്) | ബഡ്ജറ്റ് 2022-23 | 2021-22 പുതുക്കിയ ബഡ്ജറ്റിൽ നിന്നും 2022-23 ലെ മാറ്റ ശതമാനം |
|---|---|---|---|
| ഭക്ഷ്യ സബ്സിഡി | 2,86,469 | 2,06,831 | -27.8% |
| വള സബ്സിഡി | 1,40,122 | 1,05,222 | -24.9% |
| പെട്രോളിയം സബ്സിഡി | 6,517 | 5,813 | -10.8% |
| മറ്റ സബ്സിഡികൾ | 54,763 | 37,773 | -31.0% |
| **ആകെ** | **4,87,871** | **3,55,639** | **-27.1%** |

## വെട്ടികുറക്കപ്പെട്ട സബ്സിഡികൾ

കോവിഡ്-19 മഹാമാരിയുടെ ഇക്കാലത്ത് രാജ്യം ഒട്ടനവധി പ്രതിസന്ധികളിലൂടെയാണ് കടന്ന് പോകുന്നത്. ജനങ്ങളുടെ തൊഴിൽ, ജീവനോപാധികൾ എന്നിവയ്ക്ക് വലിയ മുൻഗണനകൾ നൽകുന്ന തരത്തിലുള്ള ഇടപെടലുകൾ ഒന്നും ബഡ്ജറ്റിൽ ഇല്ലെന്ന് പറയാം. അതേപോലെ തന്നെ ഡിജിറ്റൽ ഇക്കണോമിയിലേക്ക് രാജ്യത്തെ മാറ്റുന്നതിനുള്ള ചില മുന്നൊരുക്കങ്ങളും ബഡ്ജറ്റിൽ കാണാമെങ്കിലും രാജ്യത്തെ വലിയൊരു വിഭാഗത്തിന്റെ ജീവനോപാധികളിൽ പരോക്ഷമായി സർക്കാർ നടത്തിയ ഇടപെടലുകളുടെ ആഘാതം വളരെ വലുതാണ്. ഭക്ഷ്യ സബ്സിഡി, രാസവള സബ്സിഡി, പെട്രോൾ, മണ്ണെണ്ണ, പാചകവാതകം എന്നിവയുടെ സബ്സിഡികളിൽ വലിയ വെട്ടിക്കുറച്ചിലുകളാണ് കേന്ദ്ര സർക്കാർ നടത്തിയിരിക്കുന്നത്. കഴിഞ്ഞ വർഷത്തെയും നടപ്പ് വർഷത്തെയും ബഡ്ജറ്റിൽ സബ്സിഡിക്ക് വകയിരുത്തിയ തുക പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാണ്.

ഭക്ഷ്യ സബ്സിഡിക്കായി വകയിരുത്തിയ തുകയിൽ 79,638 കോടി രൂപയാണ് വെട്ടിക്കുറച്ചിരിക്കുന്നത്. അതായത് നടപ്പ് വർഷത്തേക്കാൾ 27.8% കുറവാണിത്. അതേ പോലെ വളത്തിന്റെ സബ്സിഡിയിൽ 34.900 കോടി രൂപയും (നടപ്പ് വർഷത്തേക്കാൾ 24.9% കുറവ്), കുറച്ചിട്ടുണ്ട്. വളത്തിന്റെ വിലയിൽ ഭാവിയിൽ ഉണ്ടാകുന്ന വർദ്ധനവ് കോവിഡ് അതിജീവന പശ്ചാത്തലത്തിൽ കാർഷികമേഖലയെ മാത്രമല്ല കർഷകരുടെയും സാധാരണക്കാരുടെയും ജീവിതത്തെ ബാധിക്കുമെന്നതിൽ ഒരു സംശയവും വേണ്ട. പെട്രോളിയം, മണ്ണെണ്ണ പാചക വാതകം എന്നിവയുടെ സബ്സിഡിയിലും നടപ്പ് വർഷത്തിൽ നിന്നും 704 കോടി രൂപയുടെ അതായത് 10.8% കുറവാണ് വരുത്തിയിരിക്കുന്നത്. ഇതിനും പുറമേ വിവിധ കേന്ദ്ര



സർക്കാർ പദ്ധതികളിൽ നൽകുന്ന പലിശ സബ്സിഡി, താങ്ങ് വില, സംഭരണത്തിന് നൽകുന്ന പിന്തുണ എന്നിവയ്ക്ക് നൽകിയിരുന്ന സബ്സിഡിയിൽ നടപ്പ് വർഷ വകയിരുത്തലിനേക്കാൾ 31% കുറവാണ് വരുത്തിയിരിക്കുന്നത്. ഇത് ഏകദേശം 16,990 കോടി രൂപയോളം വരും എന്നതും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ചുരുക്കത്തിൽ നടപ്പ് വർഷ പുതുക്കിയ ബഡ്ജറ്റുമായി താരതമ്യം ചെയ്താൽ 2022-23 വർഷത്തേക്കുള്ള ബഡ്ജറ്റിൽ സബ്സിഡിയിൽ ആകെ മൊത്തം 27.1% കുറവാണ് വരുത്തിയിരിക്കുന്നത്. അതായത് 1.32

### പ്രധാന കേന്ദ്രസർക്കാർ ചെലവുകൾ - ബഡ്ജറ്റ് 2022-23

(തുക കോടിയിൽ)

| ഇനം | ബഡ്ജറ്റ് 2021-22 (പുതുക്കിയത്) | ബഡ്ജറ്റ് 2022-23 | 2021-22 പുതുക്കിയ ബഡ്ജറ്റിൽ നിന്നും 2022-23 ലെ മാറ്റ ശതമാനം |
|---|---|---|---|
| കേന്ദ്ര പദ്ധതികൾ (Core) | 11,95,078.00 | 11,81,085.00 | -1.2% |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ (Core to Core) | 415,351.00 | 442,781.00 | 6.6% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CSS) | 211,065.00 | 192,108.00 | -9.0% |
| ഗ്രാമീണ തദ്ദേശ സ്ഥാപന വിഹിതം | 42,623.00 | 46,513.00 | 9.1% |
| നഗര തദ്ദേശ സ്ഥാപന വിഹിതം | 14,614.00 | 22,908.00 | 56.8% |
| കേന്ദ്ര എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 700,541.00 | 692,214.00 | -1.2% |

ലക്ഷം കോടി രൂപയാണ് സബ്സിഡി ഇനത്തിൽ മാത്രം കേന്ദ്ര സർക്കാർ കുറവ് വരുത്തിയിരിക്കുന്നത്. പ്രത്യക്ഷത്തിൽ ഏറെ ഒന്നും ചർച്ച ചെയ്യപ്പെടാതെയും ശ്രദ്ധിക്കപ്പെടാതെയും പോയ ഇക്കാര്യം സമ്പദ് വ്യവസ്ഥയെയും സാധാരണക്കാരെയും വലിയ രീതിയിൽ ബാധിക്കുമെന്ന കാര്യത്തിൽ സംശയം വേണ്ട.

### സംസ്ഥാനത്തിന് പ്രതികൂലമാകുന്ന ധനകാര്യ മാനേജ്മെന്റ് പരിഷ്കാരങ്ങൾ

Fiscal Responsibility and Budget Management (FRBM) Act- 2003 നടപ്പിലാക്കുന്നതിന്റെ ഭാഗമായി ധനകാര്യകമ്മി, റവന്യൂ കമ്മി, പ്രാഥമിക കമ്മി എന്നിവ കുറക്കുന്നതിനുള്ള നടപടികൾ കേന്ദ്രം ശക്തിപ്പെടുത്തുമ്പോൾ അതിനൊപ്പം സംസ്ഥാനങ്ങളും നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. പുതുക്കിയ കണക്ക് പ്രകാരം 2021-22 ൽ ധനകാര്യകമ്മി, റവന്യൂ കമ്മി, പ്രാഥമിക കമ്മി എന്നിവ യഥാക്രമം 6.9%, 4.7%, 3.3% ഉം ആകുമ്പോൾ 2022-23 ലെ ബഡ്ജറ്റിൽ ലക്ഷ്യം വെക്കുന്നത് GDP യുടെ 6.4%, 3.8%, 2.8% എന്ന ക്രമത്തിലാണ്. ഇതിനായി ചില നിർദേശങ്ങൾ ബഡ്ജറ്റിൽ പരാമർശിക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ കടമെടുപ്പിനെയും വികസനത്തെയും വലിയ രീതിയിൽ ബാധിക്കുന്ന ചില നിർദ്ദേശങ്ങളും ഇതിൽ കാണാം. നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനങ്ങൾക്ക് ഉപാധികൾ ഒന്നും ഇല്ലാതെ (Untied) സംസ്ഥാന മൊത്തം ആഭ്യന്തര ഉൽപന്നത്തിന്റെ (GSDP) 4% ഉം ഉപാധികളോടെ 0.5 % ഉം വായ്പ എടുക്കാൻ അനുമതി നൽകുമ്പോൾ 2022-23 ൽ ഉപാധികളില്ലാതെ വായ്പ എടുക്കാനുള്ള പരിധി 3% ആക്കുകയും ഉപാധികളോടെ വായ്പ എടുക്കാനുള്ള 0.5% എന്ന പരിധിയിൽ മാറ്റം ഒന്നും തന്നെ വരുത്തുകയും ചെയ്തിട്ടില്ല എന്നു കാണാം. സംസ്ഥാനത്തിന്റെ വായ്പ എടുക്കാനുള്ള പരിധിയിൽ ഏകദേശം 4500 കോടി രൂപയോളം ഇത് വഴി കുറവ് വരുന്നതാണ്. വിഭവ സമാഹരണത്തിലും സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളിലും ഈ മാറ്റം പ്രതിഫലിക്കുക തന്നെ ചെയ്യും.

### ഫെഡറലിസത്തിന്റെ പൊളിച്ചെഴുത്തുകൾ

രാജ്യത്ത് മൂലധന ചെലവുകൾ നടത്തുന്നതിനായി 2022-23 ൽ 7.50 ലക്ഷം കോടി രൂപയാണ് കേന്ദ്ര ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. നടപ്പ് വർഷത്തേക്കാൾ 24.5% വർദ്ധനവോടെ 1.48 ലക്ഷം കോടി രൂപ അധികമായി ഇതിന് വകയിരുത്തിയിട്ടുണ്ട്. മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി ഒരു ലക്ഷം കോടി രൂപ എല്ലാ സംസ്ഥാനങ്ങൾക്കും മൂലധന നിക്ഷേപം നടത്തുന്നതിനുള്ള ധനസഹായമായി 50 വർഷക്കാലത്തേക്ക് പലിശരഹിത വായ്പ നൽകുന്നതിനായി നീക്കി വെച്ചിരിക്കുന്നു. ഈ തുകയുടെ 17.3% വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾക്കും 50% തുക മറ്റ് സംസ്ഥാനങ്ങൾക്കും 33.3% തുക ഉപാധികളോടെയുള്ള വായ്പ നൽകുവാനുമാണ് വകയിരുത്തിയിരിക്കുന്നത്. കേരളം ഉൾപ്പെടെയുള്ള പൊതു വിഭാഗത്തിൽ



പ്പെടുന്ന സംസ്ഥാനങ്ങൾക്ക് വകമാറ്റിയ 50,000 കോടി രൂപയിൽ സംസ്ഥാനത്തിന് ലഭിക്കുന്ന പരമാവധി തുകയുടെ മാനദണ്ഡം ആകട്ടെ 15-ാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് ശുപാർശ ചെയ്ത (കേന്ദ്ര നികുതിയുടെ) 1.925% മാത്രമാണ്. അപ്പോൾ കേന്ദ്ര സർക്കാർ 2022-23 ൽ വകയിരുത്തിയ ഫണ്ടിൽ നിന്നും വൻകിട മൂലധന നിക്ഷേപം നടത്താൻ കുറഞ്ഞത് 1000 കോടി രൂപ പോലും സംസ്ഥാനത്തിന് ലഭിക്കുകയില്ല എന്നതാണ് യാഥാർത്ഥ്യം. ഉപാധികളോടെ കേന്ദ്രം നൽകുന്ന വായ്പ സ്വീകരിക്കുന്ന സംസ്ഥാനങ്ങൾ കേന്ദ്ര സർക്കാർ മുന്നോട്ട് വെക്കുന്ന നിബന്ധനകൾ 50 വർഷത്തേക്ക് പാലിക്കാൻ ബാധ്യസ്ഥരാകും എന്ന് മാത്രവുമല്ല 50 വർഷക്കാലയളവിൽ കേന്ദ്രത്തോട് കടപ്പെട്ടിരിക്കുകയും ചെയ്യും. പിന്നീട് സംസ്ഥാനം നടത്തുന്ന ഓരോ കടമെടുപ്പിനും പ്രത്യേകം പ്രത്യേകം കേന്ദ്രാനുമതി സംസ്ഥാനങ്ങൾ തേടേണ്ട അവസ്ഥയും ഉണ്ടാകും. ഫെഡറൽ സംവിധാനത്തിൽ സംസ്ഥാനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന പല ധനകാര്യ അധികാരങ്ങളും കേന്ദ്രത്തിന് മുന്നിൽ അടിയറ വെക്കേണ്ട അവസ്ഥയിലേക്കാണ് കാര്യങ്ങൾ ചെന്നെത്തുവാൻ പോകുന്നത്.

## പ്രാധാന്യം കുറയ്ക്കപ്പെടുന്ന ഗ്രാമീണ മേഖല

സെൻസസ് 2011 പ്രകാരം രാജ്യത്ത് 83.30 കോടി ജനങ്ങൾ (69%) ഗ്രാമീണരും 37.71 കോടി ജനങ്ങൾ (31%) നഗരവാസികളുമാണ്. രാജ്യത്തെ 2,62,364 ഗ്രാമപഞ്ചായത്തുകളിലും 6673 ബ്ലോക്ക് പഞ്ചായത്തുകളിലും 660 ജില്ലാ പഞ്ചായത്തുകളിലും കേരള മാതൃകയിൽ ജനപങ്കാളിത്തത്തോടെ വികസനം സാധ്യമാക്കുവാൻ ഗ്രാമപഞ്ചായത്ത് വികസന പദ്ധതിക്ക് (GPDP) 2018 ൽ കേന്ദ്ര സർക്കാർ തുടക്കമിടുകയുണ്ടായി. ഗ്രാമീണ വികസനത്തിലൂടെ രാജ്യ വികസനം സാധ്യമാക്കുവാൻ ലക്ഷ്യം വെക്കുമ്പോഴും ഗ്രാമവികസന മന്ത്രാലയത്തിന് വിവിധ വികസന പ്രവർത്തനങ്ങൾക്കായി 2021-22 ൽ വകയിരുത്തിയ തുകയേക്കാൾ 10.9% കുറച്ചാണ് 2022-23 ലെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത് എന്നത് ശ്രദ്ധേയമാണ്. 2021-22 ഗ്രാമീണ മന്ത്രാലയത്തിന് വകയിരുത്തിയത് 1.55 ലക്ഷം കോടി രൂപ ആയിരുന്നെങ്കിൽ 2022-23 ൽ അതിൽ നിന്നും 16,839 കോടി




രൂപ കുറച്ച് 1.38 ലക്ഷം കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഗ്രാമീണ തദ്ദേശസ്ഥാപനങ്ങൾക്കായി 2022-23ൽ 46,513 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2021- 22 ൽ ഇത് 42,623 കോടി രൂപയായിരുന്നു. അതേ സമയം നഗര തദ്ദേശസ്ഥാപനങ്ങൾക്ക് 2021-22 ൽ വകയിരുത്തിയ 14,614 കോടി രൂപയിൽ 56.8% വർദ്ധനവോടെ 2022-23ൽ 22,908 കോടി വകയിരുത്തിയതായി കാണാം. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ആരോഗ്യ മന്ത്രാലയത്തിനും വേണ്ടത്ര പരിഗണന നൽകിയിട്ടില്ല എന്നതും ശ്രദ്ധേയമാണ്. 2021-22 ൽ ആരോഗ്യ മന്ത്രാലയത്തിന് വകയിരുത്തിയ 86,001 കോടി രൂപയിൽ 2022-23 ൽ 100 കോടി രൂപ മാത്രമാണ് അധികമായി വകയിരുത്തിയത്. അതായത് 0.2% വർദ്ധനവ് മാത്രമാണ് ആരോഗ്യ, കുടുംബക്ഷേമ മേഖലയിൽ വരുത്തിയ വർദ്ധനവ്.

മറ്റൊരു ശ്രദ്ധേയമായ വസ്തുത ഗ്രാമീണ വികസനവുമായി ബന്ധപ്പെട്ട പല പദ്ധതികൾക്കും പരിപാടികൾക്കും ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ 2021-22 മായി താരതമ്യം ചെയ്താൽ വലിയ കുറവ് വരുത്തിയതായും കാണാം. MGNREGS ന് 2021-22 ൽ 98,000 കോടി രൂപയാണ് (പുതുക്കിയ ബഡ്ജറ്റ്) വകയിരുത്തിയത് എന്നാൽ 2022-23 ൽ 25.5% കുറവോടെ ഇത് 73,000 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. അതേ പോലെ ദീൻ ദയാൽ അന്ത്യോദയ യോജന, നാഷണൽ റർബാൻ മിഷൻ, സ്വച്ഛ് ഭാരത് മിഷൻ തുടങ്ങി ഗ്രാമീണ മേഖലയിലെ ശ്രദ്ധേയമായ പല പദ്ധതികൾക്കുമായി 2022-23 ൽ വകയിരുത്തിയ വിഹിതത്തിൽ കുറവ് വന്നതായി കാണാവുന്നതാണ്.

വർദ്ധിച്ച് വരുന്ന തൊഴിലില്ലായ്മ, ദാരിദ്ര്യം, സാമ്പത്തിക അസമത്വം എന്നിവ ലഘൂകരിക്കുന്നതിനോ ഫലപ്രദമായി നേരിടുന്നതിനോ ആവശ്യമായ ഇടപെടലുകൾ ഒന്നും തന്നെ കേന്ദ്ര ബഡ്ജറ്റിൽ ഇല്ലായെന്നത് ശ്രദ്ധേയമാണ്. സേവനമേഖലകളിൽ നിന്നുള്ള കേന്ദ്ര സർക്കാരിന്റെ പിൻമാറ്റം, ഗ്രാമവികസനം, വിദ്യാഭ്യാസം, ഭക്ഷ്യ സബ്സിഡി, ആരോഗ്യ സുരക്ഷ, ക്ഷേമപദ്ധതികൾ എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ വന്നിട്ടുള്ള കുറവുകൾ എന്നിവയെല്ലാം ഇക്കാര്യം അടിവരയിട്ട് തന്നെ പറയുന്നുണ്ട്. രാജ്യം സ്വകാര്യവൽക്കരണത്തിന് കൂടുതൽ പ്രാധാന്യം കൊടുക്കുന്നു എന്ന് തന്നെയാണ് കേന്ദ്ര സർവ്വീസിൽ നികത്താതെ കിടക്കുന്ന 8.75 ലക്ഷം ഒഴിവുകളിൽ നിന്നും കേന്ദ്ര എസ്റ്റാബ്ലിഷ്മെന്റ് ചെലവിൽ വകയിരുത്തിയ തുകയിലെ കുറവും കാണിക്കുന്നത്. സംസ്ഥാനത്ത് നടപ്പിലാക്കിയ ജനകീയാസൂത്രണം അടക്കമുള്ള പല പദ്ധതികളും കേന്ദ്രം മാതൃകയാക്കുമ്പോഴും കോവിഡ്-19 മഹാമാരിയുടെ ഇക്കാലത്ത് താഴെത്തട്ടിലുള്ളവരെയും സാധാരണക്കാരെയും കൃഷിക്കാരെയും കൈപിടിച്ച് ഉയർത്തുന്നതിനുള്ള നിർദ്ദേശങ്ങളോ പരിപാടികളോ ബഡ്ജറ്റിൽ ഇല്ലായെന്നതും ഇവർക്കായി കൂടുതൽ ക്ഷേമ പദ്ധതികളും പരിപാടികളും സംസ്ഥാനങ്ങൾക്ക് വേണമെങ്കിൽ ഏറ്റെടുക്കാം എന്ന് തന്നെയാണ് ബഡ്ജറ്റ് പറയാതെ പറയുന്നത്. □

*(ലേഖകൻ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിലെ ഡെപ്യൂട്ടി ഡയറക്ടറാണ്)*



# പഞ്ചായത്ത് ഭരണവും സ്റ്റാന്റിംഗ് കമ്മിറ്റികളും

■ കെ.ആർ. രഞ്ജിത്ത്

1960ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൻറെ അടിസ്ഥാനത്തിൽ 1963 നവംബർ/ഡിസംബർ മാസങ്ങളിലാണ് കേരള സംസ്ഥാനമൊട്ടാകെയുള്ള ആദ്യ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നതും കേരളസംസ്ഥാനമൊട്ടാകെ ഒരു ഏകീകൃത നിയമത്തിൻറെ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ പ്രവർത്തിക്കാൻ തുടങ്ങിയതും, ഇന്ത്യൻ ഭരണഘടനയുടെ 73-ഉം 74 -ഉം ഭേദഗതികളിലൂടെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് ഭരണഘടനാ സ്ഥാപനമെന്ന നിലയിൽ വർദ്ധിച്ച പ്രാധാന്യം കൈവന്നു. ഈ പ്രാധാന്യം കൈവന്നതോടെ അതിനു മുൻപ് ഉണ്ടായിരുന്ന ഗ്രാമപഞ്ചായത്തുകളുടെ അധികാരത്തിലും പ്രവർത്തനത്തിലും വളരെയധികം മാറ്റങ്ങളാണ് സംഭവിച്ചിട്ടുള്ളത്. സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൻറെ 40 ശതമാനം തുക പഞ്ചായത്തുകൾക്ക് വികസന പ്രവർത്തനങ്ങൾക്കായി കൈമാറി കിട്ടി. പഞ്ചവത്സര പദ്ധതി ജനകീയാസൂത്രണ പദ്ധതിയായി നടപ്പിലാക്കുമ്പോൾ സംസ്ഥാന സർക്കാർ നിർദ്ദേശങ്ങളും പരിപാടികളും നടപ്പിലാക്കാനുള്ള ഏജൻസികൾ എന്ന പഴയ നിലയിൽ നിന്ന് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ മാറിയിരിക്കുന്നു.

കൂടാതെ വിവിധ വകുപ്പുകൾ കൈകാര്യം ചെയ്തിരുന്ന പല അനിവാര്യ ചുമതലകളും ഗ്രാമപഞ്ചായത്തുകൾക്ക് വിട്ടു നൽകിയപ്പോൾ ഈ ചുമതലകൾ നിർവഹിക്കുന്നതിനായി വിവിധ വകുപ്പുകളെയും അതാത് ഗ്രാമപഞ്ചായത്തുകൾക്ക് വിട്ട് നൽകിയിരുന്നു. സമ്പത്തും അധികാരവും താഴെ തട്ടിലേക്ക് ലഭിച്ചതോടെ ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനശൈലിയിലും കാര്യക്ഷമതയിലും വളരെയധികം മാറ്റങ്ങൾ അനിവാര്യമായിരുന്നു.

ഇതോടെ ഭരണസമിതികൾക്കും ചുമതലകൾ കൂടിവന്നു. ഭരണസമിതിക്കുള്ള ചുമതലകൾ നിറവേറ്റുന്നതിന് ഒട്ടേറെ സംവിധാനങ്ങൾ ഭരണസംവിധാനത്തിനകത്ത് ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് സ്റ്റാന്റിംഗ് കമ്മിറ്റികൾ. പഞ്ചായത്തുകളിൽ ഭരണസമിതിയെ സഹായിക്കുവാനായി ആദ്യകാലഘട്ടത്തിൽ നികുതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയെന്ന ഒരു സ്റ്റാന്റിംഗ് കമ്മിറ്റി മാത്രമേ നിലവിലുണ്ടായിരുന്നുള്ളൂ. തുടർന്ന് 1999 ൽ പഞ്ചായത്ത് രാജ് ആക്ടിൽ വരുത്തിയ ഭേദഗതി പ്രകാരം 2000 -ത്തിൽ നിലവിൽ വന്ന പുതിയ ഭരണസമിതിയിൽ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ ധനകാര്യം, വികസനം, ക്ഷേമം എന്നിങ്ങനെ 3 -ഉം ജില്ലാ പഞ്ചായത്തിൽ ധനകാര്യം, വികസനം, , പൊതുമരാമത്ത്, ആരോഗ്യവും വിദ്യാഭ്യാസവും , ക്ഷേമകാര്യം എന്നിങ്ങനെ 5- ഉം സ്റ്റാന്റിംഗ് കമ്മിറ്റികൾ നിലവിൽ വന്നു. 2009 ൽ ആക്ട് വീണ്ടും ഭേദഗതി ചെയ്തതനുസരിച്ച് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ ധനകാര്യം, വികസനം,

ക്ഷേമം, ആരോഗ്യവും വിദ്യാഭ്യാസവും എന്നിങ്ങനെ 4 എണ്ണമായി. ഇപ്രകാരം നിലവിൽ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ 4 ഉം ജില്ലാ പഞ്ചായത്തുകളിൽ 5 ഉം സ്റ്റാന്റിംഗ് കമ്മിറ്റികളാണ് ഉള്ളത്. പഞ്ചായത്തിന്റെ പ്രസിഡന്റ് ഒഴികെ എല്ലാ അംഗങ്ങളും ഏതെങ്കിലുമൊരു സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അംഗമാണ്. പ്രസിഡന്റ് എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളിലും വോട്ടവകാശം ഇല്ലാത്ത അനൗദ്യോഗിക അംഗമാണ്. സ്റ്റാന്റിംഗ് കമ്മിറ്റികൾ പാസ്സാക്കുന്ന ഓരോ പ്രമേയവും പഞ്ചായത്തിന്റെ അടുത്ത യോഗത്തിൽ സമർപ്പിക്കേണ്ടതാണ്. ആവശ്യമെങ്കിൽ പ്രമേയം ഭേദഗതി ചെയ്യാൻ പഞ്ചായത്ത് ഭരണസമിതിക്ക് അധികാരമുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിക്ഷിപ്തമായിട്ടുള്ള മുഴുവൻ ചുമതലകളും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾക്കായി വിഭജിച്ചു നൽകിയിരിക്കുന്നു. അതു കൊണ്ട് തന്നെ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലകൾ നിറവേറ്റേണ്ടത് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിലൂടെയാണ്. ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും സ്വതന്ത്ര സംവിധാനങ്ങളല്ല അവയ്ക്ക് സ്വതന്ത്ര അധികാരങ്ങളുംഇല്ല. ഭരണ സമിതിക്കു വേണ്ടി, നിയമ പ്രകാരം നൽകപ്പെട്ട ചുമതലകൾ ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും നിർവഹിക്കുമ്പോൾ ഭരണസംവിധാനം കാര്യക്ഷമമാകുന്നു.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ പഞ്ചായത്തിന്റെ വൈസ് പ്രസിഡന്റാണ്. 30.10.2010 ലെ 2405 നമ്പർ അസാധാരണ ഗസറ്റായി വിജ്ഞാപനം ചെയ്ത 30.10.2010 ലെ സ.ഉ(പി) 244/2010/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം 2010 ലെ കേരള പഞ്ചായത്ത് രാജ് സ്റ്റാന്റിംഗ് കമ്മിറ്റി ചട്ടങ്ങളിൽ ചട്ടം 3 എ കളുടെ മൂന്നാം ഉപചട്ടത്തിനു ഭേദഗതി വരുത്തുകയുമുണ്ടായി. ഈ ഭേദഗതി പ്രകാരം 2010 ലെ തെരഞ്ഞെടുപ്പിനു ശേഷം ആദ്യമായി വൈസ് പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുള്ള ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ സ്ത്രീകൾക്കാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ചെയർമാൻ സ്ഥാനം, വൈസ് പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടില്ലാത്ത ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ വികസനം, ആരോഗ്യവിദ്യാഭ്യാസവും എന്നീ 2 സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർമാൻ സ്ഥാനവും വനിതകൾക്കാണ്.

വൈസ് പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുള്ള ജില്ലാ




പഞ്ചായത്തുകളിൽ പൊതുമരാമത്ത്, ക്ഷേമകാര്യം എന്നീ 2 സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ചെയർമാൻ സ്ഥാനങ്ങളും അല്ലാത്ത സ്ഥലങ്ങളിൽ വികസനം, ക്ഷേമം, ആരോഗ്യ വിദ്യാഭ്യാസം എന്നീ 3 സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർമാൻ സ്ഥാനങ്ങളും സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതി ആദ്യമായി തെരഞ്ഞെടുപ്പിലൂടെ നിലവിൽ വന്നു കഴിഞ്ഞ ശേഷം പ്രസിഡന്റ്, വൈസ് പ്രസിഡന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞാൽ അടുത്ത കമ്മിറ്റിയിൽ ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ചെയർമാൻ ഉൾപ്പെടെ ആകെ അംഗസംഖ്യ എത്രയാണെന്നും തീരുമാനിക്കേണ്ടതാണ്. ഇപ്രകാരം ഒരിക്കൽ തീരുമാനിക്കപ്പെട്ട അംഗസംഖ്യ ആ കമ്മിറ്റിയുടെ കാലയളവിൽ ഭേദഗതി ചെയ്യാൻകഴിയില്ല. കൂടാതെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് ഒഴികെ തെരഞ്ഞെടുക്കപ്പെട്ട ബാക്കി അംഗങ്ങളിൽ നിന്നും ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയിലേക്കും നിശ്ചയിക്കപ്പെടുന്ന അംഗസംഖ്യ ഏകദേശം തുല്യമായിരിക്കണം. ഒരു സ്റ്റാന്റിംഗ് കമ്മിറ്റി അംഗത്തിന് ഒരേ സമയം ഒന്നിലധികം കമ്മിറ്റിയിൽ അംഗമാവാനും കഴിയില്ല.

## ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ

### ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ഗ്രാമപഞ്ചായത്തിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കേരള പഞ്ചായത്ത് രാജ് നിയമം 162 എ(1) വകുപ്പ് പ്രകാരം ധനകാര്യം, നികുതി, അക്കൗണ്ടിംഗ്, ഓഡിറ്റ്, ബഡ്ജറ്റ്, പൊതുഭരണം, നികുതി സംബന്ധിച്ച അപ്പീൽ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവയാണ്.

### വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

വികസന ആസൂത്രണം, സാമൂഹ്യവും സാമ്പത്തികവുമായ. പ്ലാനിംഗ്, സ്പെഷ്യൽ പ്ലാനിംഗ്, കൃഷി, മണ്ണ് സംരക്ഷണം, സാമൂഹ്യ വനവത്കരണം, മൃഗസംരക്ഷണം, ക്ഷീരവികസനം, ചെറുകിട ജലസേചനം, മത്സ്യബന്ധനം, ചെറുകിടവ്യവസായം, പൊതുമരാമത്ത്, പാർപ്പിട സൗകര്യം, കെട്ടിടനിർമ്മാണങ്ങളുടെ നിയന്ത്രണം, വൈദ്യുതി എന്നീ ചുമതലകൾ.

### ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

പട്ടികജാതി, പട്ടിക വർഗ്ഗ വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷാപ്രവർത്തനം, ചേരി പരിഷ്കരണം, ദാരിദ്ര്യനിർമ്മാർജനം, പൊതുവിതരണം, സമ്പ്രദായം തുടങ്ങിയവയാണ് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതല.

### ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി

പൊതുജനാരോഗ്യവും, ശുചീകരണം, ശുദ്ധജലവിതരണം, അഴുക്കുചാൽ പരിസ്ഥിതി, വിദ്യാഭ്യാസം , കലയും സംസ്കാരവും വിനോദം തുടങ്ങിയവയാണ് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതല






### വികസന സ്റ്റാന്റിംഗ് കമ്മിറ്റി

വികസന ആസൂത്രണവും, സാമൂഹ്യവും, സാമ്പത്തികവുമായ പ്ലാനിംഗ്, കൃഷി, മൃഗ സംരക്ഷണം, മത്സ്യബന്ധനം, ചെറുകിട വ്യവസായം, വൈദ്യുതി എന്നിവയാണ്.

### പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി

പൊതുമരാമത്താണ്, പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതല.

### ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി

പൊതുജനാരോഗ്യം, വിദ്യാഭ്യാസം എന്നിവയാണ്.

### ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

പട്ടികജാതി ,പട്ടിക വർഗ്ഗ വികസനം, പാർപ്പിടം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, സാമൂഹ്യക്ഷേമം എന്നിവ യാണ്.

## ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ

### ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ധനകാര്യം, അക്കൗണ്ടിംഗ്, ഓഡിറ്റ്, ബഡ്ജറ്റ്, പൊതുഭരണം മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കു നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവയാണ്.

### വികസന സ്റ്റാന്റിംഗ് കമ്മിറ്റി

വികസന ആസൂത്രണവും, സാമൂഹ്യവും, സാമ്പത്തികവുമായ പ്ലാനിംഗ്, കൃഷി, മൃഗ സംരക്ഷണം,മത്സ്യബന്ധനം, ചെറുകിട വ്യവസായം, പൊതുമരാമത്ത്, പാർപ്പിട സൗകര്യം, വൈദ്യുതി എന്നിവയാണ്.

### ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി

പട്ടികജാതി പട്ടികവർഗ്ഗ വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, സാമൂഹ്യക്ഷേമം, ദാരിദ്ര്യ നിർമ്മാർജനം, പൊതു വിതരണ സമ്പ്രദായം എന്നിവയാണ്.

### ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി

പൊതുജനാരോഗ്യം, പരിസ്ഥിതി, വിദ്യാഭ്യാസം, കലയും സംസ്കാരവും വിനോദവും എന്നിവയാണ്.

## ജില്ലാ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ

### ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ധനകാര്യം, അക്കൗണ്ടിംഗ്, ഓഡിറ്റ്, ബഡ്ജറ്റ്, പൊതുഭരണം മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കു നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവയാണ്.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഓരോ വിഷയത്തിലുമുള്ള ഭരണപരമായ കാര്യങ്ങൾ ആ തദ്ദേശ സ്ഥാപനത്തിലെ ആ വിഷയവുമായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി വിശദമായി ചർച്ച ചെയ്യപ്പെട്ട ശേഷം പാസ്സാക്കുന്ന പ്രമേയം അടുത്ത പഞ്ചായത്ത് യോഗത്തിൽ ഹാജരാക്കുന്നുവെങ്കിൽ കമ്മിറ്റിയോഗങ്ങൾക്ക് കൂടുതൽ സമയലാഭവും കൃത്യതയും കൈവരിക്കാനാകുന്നതാണ്. കൂടാതെ ആക്ടിലും നൽകപ്പെട്ട അധികാരവും ചുമതലകളും ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും നിറവേറ്റുന്നുവെങ്കിൽ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണം കാര്യക്ഷമമാകുകയുള്ളൂ. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും ഭൂരിഭാഗം പ്രവർത്തനങ്ങളും സ്റ്റാന്റിംഗ് കമ്മിറ്റികൾക്കായി വീതിച്ചു നൽകപ്പെട്ടിരിക്കുകയാണ്. ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും കാര്യക്ഷമതയോടെ പ്രവർത്തിച്ചാൽ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണം മികവുറ്റതാകുകയുള്ളൂ എന്ന ഉത്തമബോധ്യത്തോടെ കമ്മിറ്റികൾ പ്രവർത്തിക്കേണ്ടതാണ്. ☐

*(ലേഖകൻ വെള്ളിനേഴി ഗ്രാമപഞ്ചായത്ത് ഹെഡ്ക്ലർക്ക് ആണ്)*




# ആപ്പുകൾ ആപ്പാക്കുന്ന ലോകം

■ ടി. ഷാഹുൽ ഹമീദ്

ഭൗതിക ലോകത്തേക്ക് മനുഷ്യജീവിതത്തെ ബന്ധിപ്പിക്കുന്ന പാലമാണ് മൊബൈൽ, കേരളത്തിൽ മൊബൈൽ ഫോൺ സേവനം ആരംഭിച്ച് 25 വർഷം പിന്നിടുമ്പോൾ, സ്മാർട്ട് ഫോണിന്റെ ജീവനാഡിയായി, മനുഷ്യ ജീവിതത്തിന്റെ ഒഴിച്ചുകൂടാനാവാത്ത അവസ്ഥയായി ആപ്പുകൾ പരിണമിച്ചിരിക്കുന്നു. മൊബൈലിന്റെ ആരംഭഘട്ടത്തിൽ, ക്ലോക്കും കറൻസി കാൽക്കുലേറ്ററുമായി പരിമിതപ്പെട്ട മൊബൈൽ ഫോൺ ഇന്ന് വൈവിധ്യങ്ങളുടെ മായാപ്രപഞ്ചമാണ് സൃഷ്ടിച്ചിട്ടുള്ളത്. ഫോൺ, ടാബ്, വാച്ച് പോലുള്ള മൊബൈൽ ഉപകരണത്തിൽ പ്രവർത്തിക്കുവാൻ രൂപകൽപ്പന ചെയ്തിരിക്കുന്ന ഒരു കമ്പ്യൂട്ടർ പ്രോഗ്രാമാണ് മൊബൈൽ ആപ്പുകൾ .

## ഇന്നത്തെ അവസ്ഥ

എളുപ്പത്തിനും സമയ ലാഭത്തിനും കാര്യക്ഷമത, വ്യക്തിഗത സൗകര്യങ്ങൾ,പുതിയ ഉല്പന്ന വൈവിദ്ധ്യങ്ങൾ അനുഭവിക്കുന്നതിനും, ആശയവിനിമയ സമ്പുഷ്ടതക്കും വേണ്ടി ആപ്പുകളിൽ വിഹരിക്കുന്ന ലോകത്തെയാണ് നാം കാണുന്നത് ,"എല്ലാം ഞൊടിയിടക്കുള്ളിൽ കടലാസ് രഹിതമായി "എന്ന മുദ്രാവാക്യം സർക്കാറും മറ്റ് സ്വകാര്യ ഏജൻസികളും ഏറ്റെടുത്തതോടെ ആപ്പുകൾ സമ്പന്നമായി. സാധാരണ മൊബൈൽ ഫോൺ ഉപയോഗിക്കുന്നവർ 85% സമയവും ആപ്പുകളിൽ ചെലവഴിക്കുന്നു.2017 ൽ 178 മില്യൺ ജനങ്ങളാണ് ലോകത്തെ വിവിധ ആപ്പുകൾ ഉപയോഗിച്ചതെങ്കിൽ 2021 ൽ ഇത് 45% വളർച്ച നേടി 258 ബില്ല്യൺ ആയി വർധിച്ചു. ലോകത്ത് 3 തരം ആപ്പുകളാണുള്ളത്. ഒന്ന് ഐ ഫോണിൽ ഉപയോഗിക്കുന്നത് മറ്റൊന്ന് ആൻഡ്രോയിഡ് ഫോണുകളിലും മൂന്നാമത്തേത് ഇവ രണ്ടിലും ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിലുള്ള ആപ്പുകളുമാണ് . ഇന്ന് 442 ദശലക്ഷം ആപ്പുകൾ ലോകത്തുണ്ട്. ഓരോ മാസവും 30000 ത്തിലധികം പുതിയ ആപ്പുകൾ ഈ ഗണത്തിലേക്ക് കൂടിച്ചേരുകയും ചെയ്യുന്നു. നമ്മുടെ ജീവിതത്തിന്റെ ഭാഗമായ മൊബൈൽഫോണിലൂടെ പെട്ടെന്നുള്ള വിവരങ്ങൾക്കും ,ആവശ്യങ്ങൾക്കും, വിനിമയത്തിനും, ജോലിഭാരം ലഘൂകരിക്കുന്നതിനും, കാര്യക്ഷമത വർദ്ധിക്കുന്നതിനും, ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിനും



ആപ്പ് ഒരു സംസ്കാരമായി വളർന്ന പന്ത ലിച്ചു. ജനങ്ങൾ 88% മൊബൈൽ ആപ്പു കളിലും 12% വെബ്സൈറ്റുകളിലുമാണ് സമയം ചെലവഴിക്കുന്നത്. സാധാരണ ക്കാരൻ ഒരു ദിവസം 9 ആപ്പുകൾ എങ്കിലും ഉപയോഗിക്കുന്നു 30 എണ്ണം മാസത്തിൽ ഉപയോഗിക്കുന്നു. ഗൂഗിൾ മാപ്പിന് മുമ്പുള്ള ജീവിതം ഓർമ്മിക്കാനെ സാധിക്കുന്നില്ല. ദിവസവും മനുഷ്യൻ 50 തവണയെങ്കിലും ആപ്പുകൾ തുറക്കുന്നു. ആപ്പിൾ സ്റ്റോറിലെ 21.92 % വും ഗൂഗിൾ പ്ലേ സ്റ്റോറിലെ 22.96 % ആപ്പുകളും സൗജന്യമായതിനാൽ ആപ്പു കളിലേക്ക് ജനങ്ങൾ അതിവേഗം സഞ്ച രിക്കുന്നു.2010 ൽ അമേരിക്കൻ ഡയലക്ട് സൊസൈറ്റി 'വേർഡ് ഓഫ് ദി ഇയർ 'ആയി ആപ്പിനെ പട്ടികപ്പെടുത്തിയതോടെ ആപ്പുകൾക്ക് വൻ കുതിച്ചുചാട്ടം ഉണ്ടായി കണ്ണിമചിമ്മി തുറക്കുന്നതിന്റെ 400 ഇരട്ടി വേഗതയിൽ പ്രതികരിക്കുന്ന 5G, അഞ്ചാം തലമുറ നെറ്റ് കണക്ഷന്റെ കാലത്ത് 20 മുതൽ 100 ഇരട്ടി വേഗത്തിൽ വിവരങ്ങൾ ലഭിക്കുന്ന ഘട്ടത്തിൽ ആപ്പുകൾ ശരവേ ഗത്തിലാണ് മനുഷ്യനെ കീഴടക്കുന്നത്. "ഭാവന ബുദ്ധിയുള്ളവർക്കാണ് "എന്ന ഐൻസ്റ്റിന്റെ ആപ്തവാക്യം അന്വാർത്ഥ മാക്കുന്ന ചലനങ്ങളാണ് ആപ്പുകളുടെ ലോകത്ത് നടക്കുന്നത്.1950 ൽ ഒരു കോടി ജനസംഖ്യയുള്ള നഗരങ്ങൾ ന്യൂയോർക്ക്, ടോക്കിയോ മാത്രമായിരുന്നെങ്കിൽ ഇന്ന് അത് 30തിൽ അധികമാണ്. അതിവേഗം വികസിക്കുന്ന ലോകത്തോടൊപ്പം നമ്മെ സഞ്ചരിക്കുവാൻ ആപ്പുകൾ പര്യാപ്തമാക്കു ന്നു. ഏറ്റവും കൂടുതൽ വിവരശേഖരണം ഉള്ളവരാണ് വലിയ സമ്പന്നരും സ്വാധീന ശക്തിയുള്ള വരുമെന്നതിനാൽ വലിയ കിട മത്സരമാണ് ആപ്പിന്റെ ലോകത്ത് നമുക്ക് കാണാൻ സാധിക്കുന്നത്. കുട്ടികളാണ് മനു ഷ്യന്റെ അച്ഛൻ (The child is the father of the man)

എന്ന വില്യം വേർഡ്സ് വർത്തിന്റെ അഭിപ്രായം ശരിയായി പുലർന്ന് കുട്ടികളും യുവാക്കളുമാണ് ആപ്പിന്റെ ലോകത്ത് ഏറ്റവും കൂടുതൽ സമയം ചെലവഴിക്കു

**വെബ് സൈറ്റിൽ നിന്ന് മൊബൈൽ ആപ്പുകൾ സ്വീകരിക്കുന്നത് ഒഴിവാക്കി, അനുവാദം നൽകുമ്പോൾ ശ്രദ്ധിച്ച് ഏത് വിവരവും പങ്കുവെക്കുമ്പോൾ സൂക്ഷ്മത പുലർത്തി ഇടപെടേണ്ട ഒരു മേഖലയായി മൊബൈൽ ആപ്പുകളുടെ ലോകം മാറിയത് നാം ഓരോരുത്തരും ഉൾക്കൊള്ളേണ്ടതായിട്ടുണ്ട്**

ന്നവർ. മൊബൈൽഫോൺ നമ്മുടെ ജീവിതത്തെ കീഴ്പ്പെടുത്തിയെങ്കിൽ ആപ്പുകൾ അത് പുതിയ തലത്തിലേക്ക് എത്തിച്ചു. വേഗത, ലഘൂകരണം,വ്യക്തിത്വം എന്നിവയിൽ അധിഷ്ഠിതമായി ആപ്പുകൾ ലോകജനതയെ ആശ്ചര്യപ്പെടുത്തുകയും അത്ഭുതപ്പെടുത്തുകയും ചെയ്യുന്ന ഘട്ട ത്തിൽ ആപ്പിനോടൊപ്പം ജീവിക്കുക എന്ന സാമൂഹ്യ വിദ്യാഭ്യാസം കരസ്ഥമാക്കേണ്ട തായിട്ടുണ്ട്.

## സ്വകാര്യത നഷ്ടപ്പെടുന്നു

വെബ്സൈറ്റിനേക്കാൾ കമ്പ്യൂട്ടറി നെക്കാൾ എളുപ്പത്തിൽ മൊബൈൽ ആപ്പിലൂടെ വിവരങ്ങൾ ശേഖരിക്കുവാൻ സാധിക്കുന്നതിനാൽ എളുപ്പത്തിനും സമയം ലാഭത്തിനും ശ്രമിച്ച് എല്ലാ സ്വകാ ര്യതയും നഷ്ടപ്പെട്ടു പോകുന്ന കാഴ്ചയാണ് മൊബൈൽ ആപ്പിലൂടെ കാണുന്നത്. എല്ലാം ചൂഴ്ന്നെടുക്കുന്ന സ്വഭാവം ആപ്പു കൾക്കുണ്ട്.മുൻ നിരയിൽ നിൽക്കുന്ന 95% ആൻഡ്രോയ്ഡ് ആപ്പുകളും,40 % ആപ്പിൾ ഐഫോൺ ആപ്പുകളും അപക ടകാരികളാണ്. ആപ്പുകൾ ചില അനു വാദങ്ങൾ ചോദിക്കും നിർദോഷകരമല്ല എന്ന് വിചാരിച്ച് എല്ലാത്തിനും അനുവാദം കൊടുത്താൽ സ്വകാര്യത നഷ്ടപ്പെട്ടവരായി നാം മാറുന്നു. സ്റ്റീവ് ജോബ്സിന്റെ അഭിപ്രാ യത്തിൽ മാനവ വികസന സൂചികയിൽ നവ രീതികളാണ് ഒരു നേതാവിനെയും അനുയായിയേയും വേർതിരിക്കുന്നത് എന്നതിനാൽ പുതിയ രീതികൾ ഉള്ള ആപ്പുകൾ തലങ്ങുംവിലങ്ങും സുരക്ഷിതത്വ വും സ്വകാര്യതയും നോക്കാതെ നിർബാധം പ്രത്യക്ഷപ്പെടാൻ തുടങ്ങി, ആപ്പുകൾ നാം സ്വീകരിക്കുമ്പോൾ രണ്ടുവട്ടം ആലോചി ക്കണം ചൈനയുടെ 54 ആപ്പുകൾ രാജ്യ സുരക്ഷയെ ബാധിക്കുന്നതിനാൽ ഇന്ത്യ നിരോധിച്ചത് കഴിഞ്ഞദിവസമാണ്. 2020 ന് ശേഷം 385 ചൈനീസ് ആപ്പുകളാണ് ഇന്ത്യ ഇത്തരത്തിൽ നിരോധിച്ചത് എന്ന് കാണുമ്പോൾ രാജ്യസുരക്ഷക്ക് തന്നെ ഭീഷണിയായി ആപ്പുകൾ മാറുന്നു എന്നതി ന്റെ തെളിവാകുന്നു. 82 കോടിയിലധികം ഇന്റർനെറ്റ് ഉപയോഗിക്കുന്ന ഇന്ത്യയിൽ 44.48 കോടിയും സോഷ്യൽ മീഡിയ ഉപയോഗിക്കുകയും ശരാശരി ദിവസം 2.25 മണിക്കൂർ സോഷ്യൽ മീഡിയയിൽ ചിലവ ഴിക്കുകയും ചെയ്യുന്നു എന്ന് കാണുമ്പോൾ വ്യക്തി സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ട ഒരു മേഖലയായി മൊബൈൽ ആപ്പ്

നിർമാണമേഖല മാറിയിരിക്കുന്നു. കേരളത്തിലെ മൊബൈൽ സാന്ദ്രത 100 പേർക്ക് 95.7 ആയതിനാലും 2018 ൽ 280 സൈബർ കേസുകളിൽ ഉള്ള കേരളത്തിൽ 2021 ൽ അത് 903 ആയി വർദ്ധിച്ച ഒരു വലിയ ഭീഷണി നമുക്ക് മുൻപിൽ നിലനിൽക്കുന്നു. ആൻഡ്രോയ്ഡ് ഫോണിൽ നിന്നും 61% വിവര ചോർച്ചയും ആപ്പിൾ ഐഫോൺ നിന്ന് 36% വിവര ചോർച്ചയും ഉണ്ടായി എന്നത് ഇതിനോട് കൂട്ടി ചേർത്ത് വായിക്കാവുന്നതാണ്.

29 ശതമാനം മൊബൈൽ ആപ്പുകൾ മാത്രമേ ശരിയായ പരിശോധനകൾക്ക് ശേഷം പുറത്തു വരുന്നുള്ളൂ. ഒരു ആപ്പ് മൊബൈൽ ഫോണിൽ പ്രവേശിക്കുമ്പോൾ നാം അറിഞ്ഞോ അറിയാതെയോ ഒരു കൂട്ടം പരസ്യവും നമ്മളിലേക്ക് കടന്നു വരുന്നു. നമ്മുടെ ലൊക്കേഷൻ, ഇഷ്ടങ്ങൾ, വ്യക്തിപരമായ താൽപര്യങ്ങൾ എല്ലാം ആപ്പുകൾക്ക് പെട്ടെന്ന് മനസ്സിലാകുന്നു. സാമ്പത്തിക താല്പര്യം മാത്രം മുൻനിർത്തി ഒളിച്ചു വെച്ച ഒരു പ്രവർത്തിയും ആപ്പുകളിൽ ഉണ്ടാവാൻ പാടില്ല , നമ്മൾ നൽകുന്ന വിവരങ്ങൾ ,സന്ദേശങ്ങൾ, സുരക്ഷിതമായിരിക്കണം .ആൻഡ്രോയ്ഡ് ഫോണിലെ 61% വിവരങ്ങളും ആപ്പിൾ ഫോണിലെ 36% വിവരങ്ങളും വിദൂരമായ സർവ്വറിലാണ് സൂക്ഷിക്കുന്നത്. വിവരങ്ങൾ അയക്കുമ്പോൾ തന്നെ മാർക്കറ്റിംഗ് ലൈബ്രറികളിൽ വെച്ച് പരിശോധിക്കുന്നു കൂടാതെ 2023 ആകുമ്പോഴേക്കും മൊബൈൽ ആപ്പ് വ്യവസായം അതിന്റെ ഉച്ചസ്ഥായിയിൽ എത്തി 770 ബില്യൻ യൂറോ വരുമാനം ഉണ്ടാക്കും എന്ന് പ്രതീക്ഷിക്കുന്നു. എല്ലാ വിവരങ്ങളും സാമ്പ്രദായികമായുള്ള ഹാർഡ്‌വെയറിൽ സൂക്ഷിക്കുന്നതിന് പകരം ഇന്റർനെറ്റിൽ സൂക്ഷിക്കുന്ന കാലത്ത് സ്വകാര്യതയും സുരക്ഷിതത്വവും അടിസ്ഥാനപരമായ മനുഷ്യന്റെ മൂല്യങ്ങളായി കണക്കാക്കി ആപ്പ് നിർമ്മാതാക്കൾ മാനുഷിക മൂല്യങ്ങൾ മുറുകെ പിടിക്കേണ്ടതായിട്ടുണ്ട്. കുട്ടികളുടെ ജീവൻ കൊണ്ട് പന്താടി 153 പേരുടെ ജീവൻ അപഹരിച്ച ബ്ലൂ വെയിൽ ഗെയിം 50 ദിവസം 50 ഗെയിമുകൾ കളിച്ച് മനുഷ്യന്റെ അടിസ്ഥാനപരമായ മൂല്യങ്ങൾക്ക് വിഘാതം സൃഷ്ടിച്ചതും ,ഗൂഗിൾ ഫോട്ടോസിൽ രണ്ട് കറുത്ത വർഗക്കാരുടെ ഫോട്ടോ 'ഗൊറില്ല' എന്ന് വിശേഷിപ്പിച്ച് ടാഗ് ചെയ്തതും നമ്മുടെ മുമ്പിൽ ആപ്പിന്റെ മൂല്യച്യുതി വിളിച്ചോതി നിൽക്കുന്നു.

ലോകമെമ്പാടുമുള്ള സ്മാർട്ട്ഫോൺ ഉടമകളിൽ 85% വും ഉപയോഗിക്കുന്ന ഗൂഗിൾ ,മൊബൈൽ ആപ്പുകളിൽ കൂടുതൽ സ്വകാര്യത കൊണ്ട് വരുന്നതിന് തയ്യാറായി മുന്നോട്ട് വന്നത് ഈ മേഖലയിലെ ശുഭസൂചനയായി കണക്കാക്കാം. ഇതിനായി പ്രൈവസി സാൻഡ് ബോക്സ് കൊണ്ടുവരുമെന്നും ഗൂഗിൾ പ്രഖ്യാപിച്ചു. എതിരാളികളായ ആപ്പിൾ നേരത്തെതന്നെ ഉപഭോക്താക്കളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് മുൻമ്പ് അനുവാദം ചോദിക്കുവാൻ ആപ്പ് വികസിക്കുന്നവരെ നിർബന്ധിക്കുന്നുണ്ട്. ഉപഭോക്താക്കളുടെ പെരുമാറ്റം ട്രാക്ക് ചെയ്യുന്നതിന് ആപ്പുകളിൽ കോഡ് ഇടുന്ന 'മെറ്റ' പോലുള്ള സ്ഥാപനങ്ങൾ ഭീഷണിയാണ്, ഫേസ് ബുക്കിന്റെ മാതൃ കമ്പനി ആയ മെറ്റായുടെ ഉടമസ്ഥൻ സക്കർ ബർഗിന് ഒറ്റ ദിവസം 2900 കോടി ഡോളർ നഷ്ടം വന്നത് ഡാറ്റ കച്ചവടമാണ് അവിടെ നടക്കുന്നത് എന്ന് പറഞ്ഞു ന്യൂജെൻ തലമുറ വേറെ സാമൂഹിക മാധ്യമങ്ങളിലേക്ക് ചേക്കേറിയത് കൊണ്ടായിരുന്നു . 75,000 കോടി രൂപ ചിലവ് വഹിച്ച് ആപ്പുകളിൽ സ്വകാര്യത കൂടുതലായി ഉണ്ടാക്കുവാൻ ശ്രമിക്കുന്ന ആപ്പിളിന്റെ പ്രവർത്തനം ലോകം പ്രതീക്ഷയോടെയാണ് നോക്കുന്നത്.





## ഗെയിമുകൾ വില്ലനാകുന്നോ?

1970 ൽ നോക്കിയ വീഡിയോ ഗെയിം ആയ സ്നേക്ക് ആണ് ആദ്യം ഇറങ്ങിയ ഗെയിം ആപ്പ്, ഏറ്റവും കൂടുതൽ ജനങ്ങൾ പ്രത്യേകിച്ച് കുട്ടികൾ വിഹരിക്കുന്നത് ഗെയിമിലാണ്. ഇതിലൂടെയാണ് ആപ്പ് ഉണ്ടാക്കുന്നവർ വരുമാനം ഉണ്ടാക്കുന്നത്. ഗൂഗിൾ പ്ലേ സ്റ്റോറിൽ 3.48 ദശലക്ഷവും, ആപ്പ് സ്റ്റോറിലെ 2.22 ദശലക്ഷം ആപ്പുകളും ഗെയിമുമായി ബന്ധപ്പെട്ടതാണ്. സ്മാർട്ട്ഫോൺ ഉള്ളവരിൽ 66% ഏതെങ്കിലും ഒരു ഗെയിം ഫോണിൽ പ്രതിഷ്ഠിക്കുന്നു. ചെറിയ



സ്ക്രീനിൽ ഒരുപാട് സമയം നോക്കി വിഷാദരോഗികൾ ആയവരിൽ പലരും ആപ്പുകകളുടെ അടിമകളായിരുന്നു. വിഷാദരോഗികളിൽ ലോകത്തിൽ ആറാം സ്ഥാനമാണ് ഇന്ത്യക്ക്. രാജ്യത്ത് 5. 6 കോടി വിഷാദരോഗികളിൽ 3.8 കോടിയും ജീവിതത്തിൽ ഉത്കണ്ഠയോടെ കഴിച്ചുകൂട്ടുന്നവരാണ്.

73% ഇ കൊമേഴ്സ് ബിസിനസ് നടക്കുന്നതും ഫോണിലൂടെയാണ് എന്നതിനാൽ അതീവ ജാഗ്രത പുലർത്തേണ്ട മേഖലയാണ് ആപ്പുകളിലൂടെയുള്ള സഞ്ചാരം.

## ആപ്പിന്റെ ഭാവി

സമർത്ഥന്മാരെ ലോകത്ത് സൃഷ്ടിക്കുകയാണ് ആപ്പുകൾ ചെയ്യുന്നത്.സൂപ്പർ ആപ്പുകളും പത്തു കാര്യങ്ങൾ ഒരു ആപ്പിലൂടെ ചെയ്യാൻ സാധിക്കുന്ന മെഗാ ആപ്പുകളുമാണ് കടന്നുവന്നു കൊണ്ടിരിക്കുന്നത്, മുഖം ,കൈവിരലുകൾ എന്നിവകൊണ്ട് തുറക്കാൻ കഴിയുന്ന തരത്തിലുള്ള സുരക്ഷിതത്വം ആപ്പുകളിൽ ഉണ്ടാകുന്നു. വിവരങ്ങൾ മാഞ്ഞുപോയത് തിരിച്ചെടുക്കാൻ കഴിയുന്ന ആപ്പുകൾക്ക് വലിയ ഡിമാൻഡ് ആണുള്ളത്. കൃത്രിമ ബുദ്ധി വലിയതോതിൽ ആപ്പുകളിൽ സന്നിവേശിക്കുന്നു. ഞൊടിയിടയിൽ പ്രത്യേക കാര്യത്തിനുവേണ്ടി നിർമ്മിക്കുന്ന ആപ്പുകൾക്ക് ആവശ്യക്കാർ ഏറെയാണ്.2021 ൽ മൊബൈൽ ആപ്പ് ഉണ്ടാകുമ്പോൾ സുരക്ഷിതത്വം ആദ്യപരിഗണനയായി ആപ്പ് നിർമാതാക്കൾ പരിഗണിക്കുന്നു. ശരീരത്തിൽ ധരിക്കുന്ന വിവിധ ഉപകരണങ്ങളിൽ ആപ്പുകൾ സ്ഥാപിച്ച് സേവനങ്ങൾ, വിവരങ്ങൾ മനസ്സിലാക്കുന്ന അത്യാധുനിക തന്ത്രങ്ങൾ പുതിയ ആപ്പ് യുഗമായി പരിണമിച്ചിരിക്കുന്നു. ഒറ്റ ക്ലിക്കിലും ഒരു ശബ്ദ സന്ദേശത്തിലും അനന്തമായ ഷോപ്പിംഗ് അനുഭവം തീർക്കുന്ന ആപ്പുകൾ ആണ് കൂടുതലും കടന്നുവരുന്നത്, നാം ആഗ്രഹിച്ച ഏത് വസ്തുക്കളും ഉപകരണങ്ങളും ലോകത്തെ ഏത് സ്ഥലത്തുനിന്നും സംഘടിപ്പിച്ചു തരാൻ ഉള്ള സൗകര്യങ്ങൾ ആപ്പിലൂടെ ഇന്ന് ലഭ്യമാണ്. മാടിവിളിക്കുന്ന വിവിധ ആപ്പുകൾ ബീക്കൺ സാങ്കേതികവിദ്യ ഉപയോഗിച്ച് കളത്തിൽ ഇറങ്ങിയിട്ടുണ്ട്. മൊബൈലിന്റെ ഭാവി എന്നാൽ എല്ലാത്തിന്റെ ഭാവിയാണ് എന്ന തീമിലാണ് ആപ്പുകൾ പ്രവഹിക്കുന്നത്. മടക്കിയ ഫോണുകളിൽ സന്നിവേശിക്കുവാനുള്ള ആപ്പുകളും ധനകാര്യ ഇടപാടുകൾക്കായി വാലറ്റുകളും സുലഭമാണ്. 1.7 ബില്യൺ ജനങ്ങൾ സ്ഥിരമായി വാലറ്റിലൂടെയാണ് കച്ചവടം നടത്തുന്നത്. കോവിഡ് കാലത്ത് പടർന്നുപന്തലിച്ച വെർച്വൽ പ്ലാറ്റ്ഫോമുകൾ അഭംഗുരം തുടരുന്നു. മെഷീൻ ലേണിങ്ങിലൂടെ കൂടുതൽ വളർച്ച ഉണ്ടായി ആപ്പുകൾ വലിയ കുതിച്ചുചാട്ടമാണ് നടത്തുന്നത്. ആപ്പിലൂടെ ജീവിതം,എല്ലാം ആപ്പിലൂടെ, ആപ്പ് ഉണ്ടായാൽ എല്ലാമായി എന്ന ഒരു കാലഘട്ടത്തിലാണ് ജീവിക്കുന്നത്. പാമ്പിനെ പിടിക്കുവാൻ സർപ്പം ആപ്പും മദ്യം വാങ്ങാൻ ബെവ്ക്യൂവും അരങ്ങ് നിറഞ്ഞാടുന്ന കാലത്ത് 2022/23 ബഡ്ജറ്റ് എല്ലാം അറിഞ്ഞത് ആപ്പിലൂടെയാണ് എന്ന് ഓർക്കുക .സമർത്ഥമായി കാര്യങ്ങൾ ചെയ്യാൻ ആപ്പുകളിലൂടെ സേവകർ ധാരാളം ചുറ്റി കറങ്ങുന്നു. നമ്മുടെ സ്ഥിതിസ്ഥാപനത്തെ ഉപയോഗിച്ചുള്ള വിവിധ തരം സേവനം വിരൾത്തുമ്പിലായ സമയത്ത് സമചിത്തതയോടെ പെരുമാറിയില്ലെങ്കിൽ ജീവിതം ദുഷ്കരമാകുന്നതാണ്.

വെബ് സൈറ്റിൽ നിന്ന് മൊബൈൽ ആപ്പുകൾ സ്വീകരിക്കുന്നത് ഒഴിവാക്കി, അനുവാദം നൽകുമ്പോൾ ശ്രദ്ധിച്ച് ഏത് വിവരവും പങ്കുവെക്കുമ്പോൾ സൂക്ഷ്മത പുലർത്തി ഇടപെടേണ്ട ഒരു മേഖലയായി മൊബൈൽ ആപ്പുകളുടെ ലോകം മാറിയത് നാം ഓരോരുത്തരും ഉൾക്കൊള്ളേണ്ടതായിട്ടുണ്ട്. □

*(ലേഖകൻ അഴിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്)*

സ്ഥലപരിമിതി മൂലം ഡോ. എഴുമറ്റൂർ രാജ രാജ വർമ്മയുടെ 'എന്റെ മലയാളം' എന്ന പംക്തി ഈ ലക്കത്തിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. അടുത്ത ലക്കം മുതൽ തുടരുന്നതാണ്.

# വാർത്തകൾ വിശേഷങ്ങൾ

### 2021-22 വാർഷിക പദ്ധതി നിർവ്വഹണം -ഉത്തരവ് പുറപ്പെടുവിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2021-22 വാർഷികപദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.
സ.ഉ(സാധ) നം.474/2022/തസ്വഭവ തീയതി 26.02.2022

### വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ ലൈസൻസ് - ഉത്തരവ് പുറപ്പെടുവിച്ചു.

കോവിഡ് 19 വ്യാപന സാഹചര്യം പരിഗണിച്ച് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ 2022-23 വർഷത്തെ വിവിധ വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ ലൈസൻസ് പിഴ കൂടാതെ പുതുക്കുന്നതിനുള്ള കാലാവധി 31.03.2022 വരെ ദീർഘിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.
സ.ഉ(സാധ) നം.219/2022/ത.സ്വ.ഭ.വ തീയതി 03.02.2022

### ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൌണ്ട്- ഉത്തരവ് പുറപ്പെടുവിച്ചു

വ്യക്തിഗത ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൌണ്ടുകളിലെ പ്രതിദിന ഓൺലൈൻ ഇടപാടു നടത്താവുന്ന തുകയുടെ പരിധി 2 ലക്ഷം രൂപയിൽ നിന്നും 5 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.
സ.ഉ(അച്ചടി) നം.6/2022/ധന തീയതി 13.01.2022

### ഹരിത കർമ്മസേന – സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം ഉത്തരവ് പുറപ്പെടുവിച്ചു.

സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹരിതകർമ്മസേന അംഗങ്ങളുടെ വ്യക്തിഗത ഫോണിലേക്ക് നെറ്റ് കണക്ഷൻ റീ ചാർജ്ജ് ചെയ്യുന്നതിന് ഒരു വർഷകാലയളവിലേക്ക് ആവശ്യമായി വരുന്ന തുക വകയിരുത്തി പദ്ധതി ഭേദഗതി ചെയ്യുന്നതിന് തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.
സ.ഉ(സാധ)നം 173/2022/തസ്വഭവ തീയതി 23.01.2022

### അതിദാരിദ്ര്യ സർവ്വേ- ഉത്തരവ് പുറപ്പെടുവിച്ചു.

സംസ്ഥാനത്ത് അതീവ ദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങളെ കണ്ടെത്തുന്നതിനായി നടത്തിയ അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി 20 ശതമാനം സർവ്വെ വിവരങ്ങൾ സൂപ്പർ ചെക്ക് ചെയ്യുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.
സ.ഉ(കൈ)നം 1/2022/തസ്വഭവ തീയതി 02.01.2022

### തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരായ അതിക്രമം തടയൽ നിയമം- സർക്കുലർ പുറപ്പെടുവിച്ചു.

2013 ലെ സ്ത്രീകൾക്കെതിരെ തൊഴിലിടങ്ങളിലെ ലൈംഗികാതിക്രമം തടയൽ നിയമ പ്രകാരം ഇന്റേണൽ കംപ്ലയിൻറ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകി സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചു
നമ്പർ SJD/1115/2020/E5 തീയതി 07.02.2022

### പഞ്ചായത്തുകളുമായി ബന്ധപ്പെട്ട അച്ചടി മാധ്യമങ്ങളിലും ദൃശ്യമാധ്യമങ്ങളിലും വരുന്ന വാർത്തകൾ-സർക്കുലർ പുറപ്പെടുവിച്ചു.

പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് അച്ചടി മാധ്യമങ്ങളിലും ദൃശ്യമാധ്യമങ്ങളിലും വരുന്ന വാർത്തകളിൻമേൽ സ്വീകരിക്കേണ്ട സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി പഞ്ചായത്ത് ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചു.
നമ്പർ PAN/12767/2021/P1/DP തീയതി 27.01.2022

### സാമൂഹ്യസുരക്ഷ പെൻഷൻ - സർക്കുലർ പുറപ്പെടുവിച്ചു.

സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും വിവിധ കാരണങ്ങളാൽ ഒഴിവാക്കപ്പെട്ടവരുടെ പെൻഷൻ പുനഃസ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി ബഹു ധനകാര്യവകുപ്പ് 02.08.2021 ൽ 62/2021/ധന നമ്പരായി പുറപ്പെടുവിച്ചിരുന്ന സർക്കുലറിലെ നിർദ്ദേശങ്ങൾ പരിഷ്കരിച്ച് ബഹു ധനകാര്യ(എസ്.എഫ്.സി.ബി) വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചു.
സർക്കുലർ നമ്പർ 7/2022/ധന തീയതി 09.02.2022

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.



# വയലേലകളിൽ മാറ്റം വിതക്കുമ്പോൾ

■ അനീഷ് കുമാർ ബി.

ചൈന കഴിഞ്ഞാൽ ലോകത്ത് ഏറ്റവും കൂടുതൽ അരി ഉൽപ്പാദിപ്പിക്കുന്ന രാജ്യമാണ് ഇന്ത്യ. ഭൂ വിസ്തൃതിയിൽ ചെറുതും രാജ്യത്തെ നാലാമത്തെ ഉയർന്ന ജനസാന്ദ്രതയും ഉള്ള നമ്മുടെ കൊച്ചു കേരളം പരമ്പരാഗതമായി നെൽ ഉത്പാദനത്തിൽ അഭിമാനകരമായ സ്ഥാനം നേടിയിട്ടുണ്ട്. വ്യത്യസ്ത സാഹചര്യങ്ങളിൽ വളരാനുള്ള കഴിവ്, ആകൃതിയിലും പ്രകൃതിയിലുമുള്ള വൈജാത്യം എന്നിവയെല്ലാം നെല്ലിനു മാത്രമുള്ള പ്രത്യേകതകളാണ്. വൈവിധ്യമാർന്ന സാഹചര്യങ്ങളിലും വിവിധ തരം മണ്ണിലും, ഭിന്നരീതികളിലും കൃഷിചെയ്യാമെന്നുള്ളത് നെല്ലിന്റെ മാത്രം ഗുണവിശേഷമാണ്. നെൽവയലുകളുടെ പച്ചപ്പ് കേരളത്തിന്റെ ഭൂപ്രകൃതിയുടെ ഏറ്റവും ആകർഷകമായ സവിശേഷതയാണ്.

വളർച്ചയുടെ സമയത്ത് ധാരാളം വെള്ളം ആവശ്യമുള്ള ഒന്നാണ് നെൽച്ചെടി. കേരളത്തിൽ മഴ ധാരാളം കിട്ടുന്നതും പെയ്യുന്ന മഴവെള്ളം പാടങ്ങളിൽത്തന്നെ കെട്ടിനിർത്തി ഉപയോഗിക്കാവുന്നതുമായ സ്ഥലങ്ങളിലാണ് സാധാരണയായി നെൽക്കൃഷി ചെയ്യുന്നത്. “വിരിപ്പ്”, “മുണ്ടകൻ”, “പുഞ്ച” എന്നിങ്ങനെ കൃഷിചെയ്യുന്ന കാലയളവ് അനുസരിച്ച് പൊതുവേ മൂന്ന് തരം കൃഷി സമ്പ്രദായങ്ങൾ ആണ് അവലംബിച്ചുവരുന്നത്. ഇവക്കെല്ലാം സമയാസമയങ്ങളിൽ വേണ്ടത്ര ജലലഭ്യത ഉറപ്പു വരുത്തേണ്ടതുണ്ട്.

നെല്ലിന്റെ വളർച്ചയിൽ മണ്ണും കാലാവസ്ഥയും ഗണ്യമായ പങ്കാണ് വഹിക്കുന്നത്. സാധാരണ രീതിയിൽ വലിയ കുട്ടകളിൽ തുണിവിരിച്ച് അതിൽ വിത്ത്-നെല്ല് ഇട്ട് നനച്ചുവെച്ചാൽ രണ്ടോ മൂന്നോ ദിവസത്തിനുള്ളിൽ മുളപൊട്ടി വരും. ഇത്തരത്തിൽ മുളപൊട്ടിയ നെൽ വിത്തുകൾ പ്രത്യേകം തയ്യാറാക്കിയ കൃഷിയിടങ്ങളിൽ വിതറുകയാണു പതിവ്. 25-30 ദിവസം പ്രായമായ ഇളം നെൽച്ചെടികളെ ഞാറ് എന്നും പറിച്ച് കെട്ടുകളാക്കി വയ്ക്കുമ്പോൾ ഇതിനെ ഞാറ്റടികൾ എന്നും പറയുന്നു.

ഒരു ഹെക്ടർ കൃഷിസ്ഥലത്ത് പറിച്ചുനടുന്നതിന് 60-85 കി.ഗ്രാമും, വിതയ്ക്കുന്നതിന്




100 കി.ഗ്രാമും, നുരിവിത്തിടുന്നതിന് 80-90 കി.ഗ്രാമും വിത്ത് വേണ്ടിവരും. കുറഞ്ഞത് 80% മുളയ്ക്കുന്നതിനായിട്ടുള്ള വിത്തിന്റെ അളവാണിത്. നെൽച്ചെടിയുടെ പരാഗണം നടക്കുന്നത് കാറ്റുവഴിയാണ്. ഒരു മീറ്റർ മുതൽ രണ്ട് മീറ്റർ വരെ ഉയരത്തിലാണ് നെൽച്ചെടി വളരുക. അരികിന് മൂർച്ചയുള്ള നീണ്ട ഇലകളാണിവയ്ക്ക്. ഇലകൾ കൂടിച്ചേരുന്ന ഭാഗത്തുനിന്നും നെൽക്കതിരുകൾ രൂപം കൊള്ളുന്നു. പച്ചനിറത്തിലുള്ള നെന്മണികൾ മൂപ്പാകുന്നതോടെ സ്വർണ നിറമാകും. നെല്ലിൽ നിന്ന് തവിടും ഉമിയും കളഞ്ഞാണ് അരി എടുക്കുന്നത്. അരിയിൽ ധാരാളം കാർബോഹൈഡ്രേറ്റുകൾ അടങ്ങിയിരിക്കുന്നു. ചോറിനു മാത്രമല്ല, പലതരം പലഹാരങ്ങൾക്കും അരി ഉപയോഗിക്കുന്നു. ഇന്ത്യയിൽ ഐശ്വര്യത്തിന്റെ പ്രതീകം കൂടിയാണ് അരി.

ഭക്ഷ്യവസ്തുക്കളെക്കാളും വ്യാവസായിക പ്രാധാന്യമുള്ളവയാണ് നെല്ലിന്റെ ഉപോല്പന്നങ്ങളായ വയ്ക്കോൽ, ഉമി, തവിട് എന്നിവ. കാലിത്തീറ്റയ്ക്കു മാത്രമല്ല പുരമേയാനും ഉപയോഗിച്ചുവരുന്ന വയ്ക്കോൽ ഇന്ന് ശിരോലങ്കാരത്തിനു തൊപ്പിയായും ഗൃഹാലങ്കാരത്തിന് സ്ട്രോ-പിക്ചറായും ഉപയോഗിക്കുന്നു. സിമന്റിന്റെ നിർമ്മാണത്തിന് ഉമിയും ഭക്ഷ്യഎണ്ണയുടെ ഉത്പാദനത്തിന് തവിടും ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ഭക്ഷണത്തിനു പുറമേ മതപരമായ ചടങ്ങുകൾക്കും നെല്ലും അരിയും ഉപയോഗിക്കുന്നു.

**കഴിഞ്ഞ കുറച്ച് വർഷങ്ങളായി സംസ്ഥാന സർക്കാരിന്റെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നെൽകൃഷി വികസന പദ്ധതികൾ നെൽകൃഷി നിലനിർത്തുന്നതിനും കൂടുതൽ തരിശുനിലങ്ങളെ കൃഷിയിലേക്ക് കൊണ്ടുവരുന്നതിനും വളരെയധികം സഹായിച്ചിട്ടുണ്ട്.**

നെല്ല് നമ്മുടെ മുഖ്യ ഭക്ഷ്യവിളയാണെങ്കിൽകൂടിയും ഉത്പാദനത്തിൽ നമുക്ക് വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. ജനപ്പെരുപ്പവും, നഗരവത്ക്കരണവും മറ്റും നമ്മുടെ നെൽവയലുകൾ നികത്തുന്നതിന് കാരണമാകുന്നുണ്ട്.സംസ്ഥാന രൂപീകരണത്തിനു ശേഷമുള്ള ആദ്യ പതിനഞ്ചു വർഷങ്ങളിൽ നെൽകൃഷിയുടെ വിസ്തീർണ്ണം ഗണ്യമായി വർദ്ധിച്ചു. 1975-79 വർഷത്തിൽ 8.76 ലക്ഷം ഹെക്ടർ ആയിരുന്നു നെൽവിസ്തൃതി.1980 മുതൽ നെൽകൃഷിയിൽ തുടർച്ചയായ കുറവുണ്ടായി. നിലം ഭൂമിയുടെ കാർഷികേതര ഉപയോഗത്തിൽ വന്ന വർദ്ധനവാണ് ഇതിന് കാരണം. നെൽകൃഷിയുടെ വിസ്തൃതിയിലും സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന അരിയുടെ അളവിലും ഉണ്ടായ കുത്തനെയുള്ള ഇടിവ് കേരളത്തിന്റെ സാമ്പത്തിക, പാരിസ്ഥിതിക, സാമൂഹിക വികസനത്തിന് സുപ്രധാനമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ കഴിഞ്ഞ കുറച്ച് വർഷങ്ങളായി സംസ്ഥാന സർക്കാരിന്റെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നെൽകൃഷി വികസന പദ്ധതികൾ നെൽകൃഷി നിലനിർത്തുന്നതിനും കൂടുതൽ തരിശുനിലങ്ങളെ കൃഷിയിലേക്ക് കൊണ്ടുവരുന്നതിനും വളരെയധികം സഹായിച്ചിട്ടുണ്ട്.

1961-62 വർഷത്തിൽ 7.53 ലക്ഷം ഹെക്ടർ നെൽകൃഷിയായിരുന്നത്, 1975-76 വർഷത്തിൽ 8.76 ലക്ഷം ഹെക്ടറായി





വർദ്ധിച്ചെങ്കിലും തുടർന്ന് നെൽകൃഷിയിൽ ക്രമാനുഗതമായ കുറവുണ്ടായി 2.29 ലക്ഷം ഹെക്ടറിലെത്തി 2007-08 കാലഘട്ടത്തിൽ. മുപ്പത്തിരണ്ട് വർഷത്തെ കാലയളവിൽ നെൽകൃഷിയുടെ വിസ്തൃതി 73.86% ശതമാനം കുറഞ്ഞു.

2016-17 മുതൽ നെൽ വിസ്തൃതിയിൽ സംസ്ഥാനത്ത് ക്രമാനുഗതമായ വർദ്ധനവ് ഉണ്ടായതായി. 2020-21 കാർഷിക വർഷത്തെ നെൽകൃഷിയുടെ വിസ്തൃതി 201865 ഹെക്ടറാണ്. മുൻ കാർഷിക വർഷമായ 2019-20 നെ അപേക്ഷിച്ച് 10814 ഹെക്ടർ (5.66%) വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ 1975-76 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2020-21 വർഷത്തിൽ നെൽ വിസ്തൃതിയിൽ 97.33% കുറവുണ്ടായി എന്നത് പരിശോധിക്കപ്പെടേണ്ട വസ്തുതയാണ്.

സംസ്ഥാനത്തിന്റെ ഭൂരിഭാഗം നെൽകൃഷിയും മുണ്ടകൻ സീസണിലാണ്.

| വർഷം | വിരിപ്പ് | മുണ്ടകൻ | പുഞ്ച | ആകെ |
|---|---|---|---|---|
| 2010-11 | 70498 | 91556 | 51133 | 213187 |
| 2011-12 | 68135 | 92735 | 47290 | 208160 |
| 2012-13 | 63232 | 86751 | 47294 | 197277 |
| 2013-14 | 51922 | 100824 | 46865 | 199611 |
| 2014-15 | 63981 | 88990 | 45188 | 198159 |
| 2015-16 | 60418 | 89118 | 47334 | 196870 |
| 2016-17 | 56601 | 72253 | 42544 | 171398 |
| 2017-18 | 58278 | 81115 | 49693 | 189086 |
| 2018-19 | 60718 | 88450 | 48858 | 198026 |
| 2019-20 | 54694 | 80049 | 56308 | 191051 |
| 2020-21 | 56465 | 87244 | 58156 | 201865 |

## സീസൺ അടിസ്ഥാനത്തിലുള്ള നെൽകൃഷി വിസ്തൃതി

(വിസ്തൃതി ഹെക്ടറിൽ)

| വർഷം | ഉത്പാദനം (ടൺ) | ഉത്പാദനക്ഷമത (കി.ഗ്രാം /ഹെക്ടർ ) |
|---|---|---|
| 2010-11 | 522738 | 2452 |
| 2011-12 | 568993 | 2733 |
| 2012-13 | 508299 | 2577 |
| 2013-14 | 564325 | 2827 |
| 2014-15 | 562092 | 2837 |
| 2015-16 | 549275 | 2790 |
| 2016-17 | 436483 | 2547 |
| 2017-18 | 521310 | 2757 |
| 2018-19 | 578256 | 2920 |
| 2019-20 | 587078 | 3073 |
| 2020-21 | 626888 | 3105 |

ഒരു ദശാബ്ദം പിന്നിടുമ്പോൾ പുഞ്ച സീസണിൽ 13.73 % വർദ്ധനവാണുള്ളത്.

### സംസ്ഥാന ഉത്പാദനവും, ഉത്പാദനക്ഷമതയും

നെൽ ഉത്പാദനത്തിൽ ഗണ്യമായ വർദ്ധനവ് കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിട്ടുണ്ട്. ജലലഭ്യതയും ജലസേചന സൗകര്യവും ,അനുയോജ്യമായ മഴയും കാലാവസ്ഥയും, മണ്ണിന്റെ ഫലഭൂയിഷ്ഠതയുടെ അളവ്, എന്നിവയും രാസവളങ്ങളുടെയും കീടനാശിനികളുടെയും പ്രയോഗം തുടങ്ങിയവ നെൽ ഉത്പാദനത്തെ ബാധിക്കുന്ന പ്രധാന ഘടകങ്ങളാണ്. സംസ്ഥാന ഉത്പാദനത്തിൽ 2019-20 വർഷത്തെ അപേക്ഷിച്ച് 6.78% വർദ്ധനവ് 2020-21 ൽ ഉണ്ടായി. നെല്ലിന്റെ ഉത്പാദനക്ഷമത 2010-11 ൽ 2452 കി.ഗ്രാം/ഹെക്ടർ ആയിരുന്നത് 2020-21 ൽ 3105 കി.ഗ്രാം/ഹെക്ടർ ആയി വർദ്ധിച്ചു.

ഉത്പാദനക്ഷമതയിലെ പുരോഗതി നെൽക്കൃഷിയുടെ വിസ്തൃതിയിൽ ഉണ്ടായ കുറവും അതിന്റെ ഫലമായുണ്ടാകുന്ന ഉത്പാദന കുറവും നിർവീര്യമാക്കുന്നതിനു സഹായകമായി.

നമ്മുടെ എല്ലാ ജില്ലകളിലും നെൽ കൃഷി ചെയ്യുന്നുണ്ടെങ്കിലും നെൽ കൃഷി വ്യാപകമായി ചെയ്യുന്നത് പാലക്കാട് , ആലപ്പുഴ, തൃശ്ശൂർ,കോട്ടയം ജില്ലകളിലാണ്. 2019 -20 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2020 -21 വർഷത്തിൽ സംസ്ഥാനത്ത് നെൽ വിസ്തൃതിയിൽ 5.66% വർദ്ധനവ് ഉണ്ടായത് .എന്നാൽ ഇതേ കാലയളവിൽ നിലം ഭൂമി കുറവുള്ള കാസർകോട്, ഇടുക്കി എന്നീ ജില്ലകളിൽ യഥാക്രമം 34.46% , 33.33% വും വർദ്ധനവുണ്ടായി.നേരിയ തോതിലാണെങ്കിലും നെൽ വിസ്തൃതിയിൽ ഇടിവ് സംഭവിച്ചിട്ടുള്ളത് കോഴിക്കോട്, പാലക്കാട്, ജില്ലകളിലാണ്.ഉൽപ്പാദനത്തിൽ 6.78% വർദ്ധനവ്



സംസ്ഥാനത്ത് രേഖപ്പെടുത്തിയപ്പോൾ ഉല്പാദനക്ഷമതയിൽ 1.06% മാത്രമാണ് വർദ്ധനവ് ഉണ്ടായിട്ടുള്ളത്.

നമ്മുടെ കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും കാര്ഷികോത്പാദന വളർച്ച കൈവരിക്കുന്നതിനും മുഖ്യ പരിഗണന നൽകിക്കൊണ്ടാണ് നവകേരള സൃഷ്ടിക്കായുള്ള കർമ്മപരിപാടി സർക്കാർ തയാറാക്കിയിട്ടുള്ളത് .

ഭക്ഷ്യ സാധനങ്ങളുടെ ആഭ്യന്തര ഉത്പാദനം വർധിപ്പിക്കുന്നതിനും ഭക്ഷ്യ വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനും ആവിഷ്കരിച്ച പദ്ധതിയായ സുഭിക്ഷ കേരളം പോലുള്ള പദ്ധതികൾ വിജയം കാണിക്കുന്നു എന്ന് കാണാവുന്നതാണ്

നെൽവയലുകൾ തരിശ്ശായി ഇടുന്നതിനും, മറ്റ് വാണിജ്യ വിളകൾക്കായി വയലേലകൾ വഴിമാറുന്നതിനും മാറ്റം വരേണ്ടത് അനിവാര്യമാണ്.പ്രളയവും,പ്രകൃതിദുരന്തങ്ങളും, കാലാവസ്ഥ വ്യതിയാനവും മുൻപെങ്ങുമില്ലാത്ത വിധം ബാധിക്കുന്നതിനാൽ, കാർഷികമേഖലയിൽ ഉണർവ് വരുത്തുന്നതിനായി തരിശ് ഭൂമിയിൽ കൃഷിയിറക്കിയും, കർഷകർക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള പദ്ധതികൾ കാര്യക്ഷമമാക്കേണ്ടതുണ്ട്.

തണ്ണീർത്തടങ്ങൾ കൂടിയായ വയലേലകൾ സംരക്ഷിക്കുന്നതിനും നെൽകൃഷി വ്യാപിപ്പിക്കേണ്ടതിന്റെ അവശ്യകത സംബന്ധിച്ച അവബോധം ഉണ്ടാക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതിനൊപ്പം പ്രാദേശികമായ വിത്തിനങ്ങളുടെ സംരക്ഷണത്തിനും വ്യാപനത്തിനും കർമ്മ പദ്ധതികൾ ആവിഷ്കരിക്കേണ്ടതായിട്ടുണ്ട് .

മിക്ക സ്ഥലങ്ങളിലും നെൽകൃഷി കൂട്ടായ്മയിലൂടെയാണ് നടക്കുന്നത്. പാടശേഖരസമിതികളിൽ കൂടുതൽ യുവാക്കളെ ഉൾപ്പെടുത്തി കാര്യക്ഷമമായ പ്രവർത്തനം നടത്തേണ്ടത് അനിവാര്യമായ ഒന്നാണ്. ഇത്തരം കൂട്ടായ്മകൾക്ക് പ്രത്യേക അവാർഡുകൾ നൽകുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുന്നതും കൃഷിയെക്കുറിച്ച് വേണ്ടത്ര അവബോധം സൃഷ്ടിക്കുന്നതിനും പുതിയ തലമുറയെ കൃഷിയിലേയ്ക്ക് കൊണ്ടുവരുന്നതിനും സഹായകരമാകും.

തെങ്ങിൻ തോപ്പുകളാൽ സമൃദ്ധമായ നമ്മുടെ നാട്ടിൽ ഏറെ സാധ്യതയുള്ള ഒന്നാണ് കരനെൽകൃഷി. അനുയോജ്യമായ സ്ഥലങ്ങളിൽ കരനെൽകൃഷി കൊണ്ടുവരുവാൻ തദ്ദേശഭരണസ്ഥാപനാടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

### സംസ്ഥാന നെൽ വിസ്തൃതി, ഉത്പാദനം, ഉത്പാദനക്ഷമത




### ജില്ല തിരിച്ചുള്ള ഏരിയ, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത

| ജില്ല | വിസ്തൃതി ( ഹെക്ടർ) | | ഉത്പാദനം (ടൺ) | | ഉത്പാദനക്ഷമത (കി.ഗ്രാം /ഹെക്ടർ ) | |
|---|---|---|---|---|---|---|
| | 2019-20 | 2020-21 | 2019-20 | 2020-21 | 2019-20 | 2020-21 |
| തിരുവനന്തപുരം | 1810 | 2130 | 4540 | 5660 | 2508 | 2657 |
| കൊല്ലം | 2097 | 2355 | 4183 | 5219 | 1995 | 2216 |
| പത്തനംതിട്ട | 3502 | 3751 | 11383 | 11144 | 3250 | 2971 |
| ആലപ്പുഴ | 35654 | 40048 | 112592 | 125803 | 3158 | 3141 |
| കോട്ടയം | 17625 | 18491 | 50051 | 54268 | 2840 | 2935 |
| ഇടുക്കി | 603 | 804 | 1467 | 1900 | 2433 | 2363 |
| എറണാകുളം | 4644 | 4719 | 10860 | 10971 | 2339 | 2325 |
| ത്രിശ്ശൂർ | 22633 | 23902 | 76556 | 87655 | 3382 | 3667 |
| പാലക്കാട് | 76783 | 76754 | 248199 | 246992 | 3232 | 3218 |
| മലപ്പുറം | 8625 | 9379 | 28214 | 30504 | 3271 | 3252 |
| കൊഴുക്കോട് | 2128 | 2097 | 2867 | 2663 | 1347 | 1270 |
| വയനാട് | 7326 | 8065 | 19513 | 23088 | 2664 | 2863 |
| കണ്ണൂർ | 5352 | 6319 | 11804 | 14408 | 2206 | 2280 |
| കാസറഗോഡ് | 2269 | 3051 | 4849 | 6611 | 2137 | 2167 |
| ആകെ | 191051 | 201865 | 587078 | 626888 | 3073 | 3105 |

- 2020-21 വർഷത്തിൽ സംസ്ഥാനത്തെ നെൽ വിസ്തൃതി 201865.00 ഹെക്ടർ ആണ് . 2019-20 വര്ഷവുമായി താരതമ്യം ചെയ്യുമ്പോൾ 5.66% വർദ്ധനവ് ഉണ്ടായി
- 2020-21 വർഷത്തെ സംസ്ഥാന നെൽ ഉത്പാദനം 6.27 ലക്ഷം ടൺ ആണ്, കഴിഞ്ഞ പത്തു വർഷത്തെ ഉത്പാദനത്തിൽ ഏറ്റവും ഉയർന്നതാണ് ഇത് .
- സംസ്ഥാന ഉത്പാദനത്തിൽ 2019-20 നെ അപേക്ഷിച്ച 6.78% വർദ്ധനവ് രേഖപ്പെടുത്തി
- ഉല്പാദനക്ഷമതയിൽ സംസ്ഥാനത്ത് 1.06% വർദ്ധനവാണ് മുൻവർഷത്തെ അപേക്ഷിച്ചുണ്ടായത്. ☐

*ലേഖകൻ സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്, തിരുവനന്തപുരം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറാണ്.*



# കുന്നത്തൂർ

■ ഡോ. വിളക്കുടി രാജേന്ദ്രൻ

കൊല്ലം ജില്ലയിൽ ശാസ്താംകോട്ട ആസ്ഥാനമായ താലൂക്ക്. കുന്നത്തൂർ വില്ലേജും പഞ്ചായത്തുമുണ്ട്. 1983 ജൂലൈ മാസത്തിൽ പത്തനംതിട്ട ജില്ല രൂപവത്കരിച്ചപ്പോൾ പഴയ കുന്നത്തൂർ താലൂക്കിനെ അടൂർ, കുന്നത്തൂർ എന്നിങ്ങനെ രണ്ടായി വിഭജിച്ചു. അടൂർ താലൂക്കിനെ പത്തനംതിട്ടയിലും കുന്നത്തൂരിനെ കൊല്ലത്തും ഉൾപ്പെടുത്തി. മൈനാഗപ്പള്ളി, പടിഞ്ഞാറെ കല്ലട, ശാസ്താംകോട്ട, പോരുവഴി, കുന്നത്തൂർ, ശൂരനാട് നോർത്ത്, ശൂരനാട് സൗത്ത് എന്നീ ഏഴ് വില്ലേജുകൾ ചേർന്ന കുന്നത്തൂർ കേരളത്തിലെ ഏറ്റവും ചെറിയ താലൂക്കാണ്. ഏറെക്കാലം കുന്നത്തൂർ ആയിരുന്നു താലൂക്കാസ്ഥാനം. കായംകുളം രാജാവും ഇവിടെ ആസ്ഥാനമാക്കിയിരുന്നു. താലൂക്കു കച്ചേരിക്കു പുറമെ രാജാവിന്റെ മുളക് കോട്ടയും (Pepper godown) ഇവിടെ ഉണ്ടായിരുന്നു. കല്ലടയാറിന്റെ എക്കൽ മണ്ണടിഞ്ഞ് കനകം വിളയുന്ന മണ്ണും നെടുകെയും കുറുകെയുമായി ഒഴുകുന്ന ഒട്ടേറെ ചെറുപുഴകളും വയലേലകളും നിറഞ്ഞ ഈ താലൂക്ക് കാർഷികസമൃദ്ധമാണ്. ശാസ്താംകോട്ട ശുദ്ധജലതടാകം പ്രസിദ്ധം. ഇവിടത്തെ ശാസ്താക്ഷേത്രവും ചരിത്രപ്രാധാന്യമുള്ളതാണ്. 1949 ഡിസംബർ 31-നു നടന്ന ശൂരനാട് ലഹള ഈ നാടിന്റെ വീരേതിഹാസമാണ്. കൗരവമുഖ്യൻമാർ ആരാധനാമൂർത്തികളായുള്ള ഏതാനും ക്ഷേത്രങ്ങൾ ഇവിടെയുള്ളത് അവശജനവിഭാഗങ്ങളുടെ മുന്നേറ്റത്തിന്റെ കഥ പറയുന്നു. ദുര്യോധനൻ (പോരുവഴി പഞ്ചായത്ത്), ദുശ്ശള, ദുശ്ശാസനൻ (ശൂരനാട് വടക്ക് പഞ്ചായത്ത്), കർണ്ണൻ (കുന്നത്തൂർ പഞ്ചായത്ത്) എന്നിവരുടെ മലനടകൾക്ക് പ്രത്യേകം ആരാധനാക്രമങ്ങളാണുള്ളത്. താലൂക്കിനോടു ചേർന്ന് ശകുനിക്കും ഒരു മലനടയുണ്ട്. കുന്നത്തൂർ താലൂക്കിലെ പള്ളിക്കൽ നിന്നു കണ്ടെത്തിയ തലയില്ലാത്ത ബുദ്ധവിഗ്രഹം (പുത്തരച്ചൻ) തിരുവനന്തപുരം ആർക്കിയോളജിക്കൽ മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്നു. സ്ഥലനാമപ്പൊരുൾ ദേശസംജ്ഞകളിലധികവും പ്രകൃതിയുമായി ബന്ധപ്പെട്ടതാവും. കുന്നത്തൂരും ഇതിന് അപവാദമല്ല. കുന്നുകൾ ഉണ്ടായിരുന്ന പ്രദേശമാണിത്. ഇപ്പോൾ അവയിൽ പലതിനും രൂപഭേദം വന്നിട്ടുണ്ടാവാം. എങ്കിലും സ്ഥലനാമം കുന്നുകളെ ഓർമിപ്പിച്ചു നിൽക്കുന്നു. കുന്ന്+അത്ത്+ഊർ=കുന്നത്തൂർ. അത്ത്=ഇടനില. കുന്നുള്ള സ്ഥലം എന്നർഥം. കന്യാകുമാരി വിളവങ്കോട് താലൂക്കിലും കുന്നത്തൂർ വില്ലേജുണ്ട്.



# എള്ളുകൃഷി എള്ളോളമില്ലാതെയാകുമോ?

■ മുരളീധരൻ തഴക്കര

ഇത്തിരി എള്ളും പൂവും ചന്ദനവും എടുത്തു പിതൃക്കളെ ധ്യാനിച്ചു സമർപ്പിക്കു എന്ന് പറയുമ്പോഴും, പിതൃപൂജയ്ക്കായി തിലഹവനം നടത്തുമ്പോഴും, ശാസ്താക്ഷേത്രങ്ങളിൽ എള്ളുപായസം കഴിക്കുമ്പോഴുമൊക്കെയേ ഇപ്പോൾ നാം എള്ളിനെക്കുറിച്ച് ഓർക്കാറുള്ളൂ. 'എള്ളിൻ പൂ പോലെയുള്ള മൂക്ക്' എന്ന പഴയ സൗന്ദര്യസങ്കല്പവും ഇന്നില്ല. 'എള്ളെണ്ണ തൻമണം പൊങ്ങും കുന്തലിൽ' എന്നും കവി പാടിയിരുന്നു. സ്ത്രീകളുടെ മുടിയഴകിനും ഓർമ്മയിലെ സുഗന്ധത്തിനും എള്ളെണ്ണ അത്യാവശ്യമായിരുന്ന ഒരു കാലമുണ്ടായിരുന്നു. നാടൻ ചക്കുകളിൽ എള്ളാട്ടിയിരുന്ന കാലം ഓർമ്മയിൽ നിന്നു തന്നെ മാഞ്ഞു തുടങ്ങിയിരിക്കുന്നു. എണ്ണ കിനിയുന്ന എള്ളിൻപിണ്ണാക്ക് കന്നുകാലികൾക്കും കോഴികൾക്കും ഇഷ്ടഭക്ഷണമായിരുന്നു. ശുദ്ധമായ എള്ളെണ്ണയ്ക്ക് നിറമില്ല- എന്നാൽ ആട്ടിയെടുക്കുമ്പോൾ നേർത്ത മഞ്ഞയോ കറുപ്പോ നിറമായിരിക്കും - എണ്ണക്കറുപ്പെന്ന പ്രയോഗം തന്നെയുണ്ടല്ലോ.

എള്ളു കൃഷിക്ക് പണ്ടുപണ്ടേ പുകൾപെറ്റ നാടാണ് ഓണാട്ടുകര. രണ്ടു പൂവിൽ നെല്ലും മൂന്നാം വിളയായി എള്ളും കൃഷി ചെയ്യുന്ന വിരിപ്പു പാടങ്ങൾ ഓണാട്ടുകരയുടെ കാർഷിക സമൃദ്ധിയുടെ മുഖശ്രീയായിരുന്നു. രണ്ടാം വിള കൊയ്തൊഴിഞ്ഞ പാടങ്ങളിൽ എള്ളു കൃഷി ചെയ്യുകയെന്നത് ഇവിടെ പതിവായിരുന്നു. കാലാവസ്ഥ ഒത്തു കിട്ടിയാൽ എള്ളിൽ നിന്നുള്ള ആദായം കൃഷിക്കാർക്ക് ഒരു ബോണസ്സായിരുന്നു. മാത്രമല്ല അധികരിച്ച കൂലിച്ചെലവോ നിരന്തരം കൃഷിപ്പണികളോ ആവശ്യമില്ലാത്ത കുടുംബകൃഷിയായിരുന്നു എള്ളുകൃഷി. കൊയ്തൊഴിഞ്ഞ പാടങ്ങളിലെ കച്ചിക്കുറ്റി പെറുക്കി മാറ്റുന്നതും, എള്ളു വിതക്കുന്നതും, കൊച്ചു തൂമ്പ കൊണ്ട് ഇട കിളയ്ക്കുന്നതും വിളഞ്ഞു പാകമെത്തിയ എള്ളു പറിച്ചെടുക്കുന്നതും, ചുവടുവെട്ടുന്നതും, ഇല കുടഞ്ഞുവൃത്തിയാക്കുന്നതും, വെയിലിൽ ഉണക്കുന്നതുമെല്ലാം വീട്ടുകാർ തന്നെയാണ്. ഇതിനൊന്നും ആരെയും കൂലി കൊടുത്തു നിർത്തിയിരുന്നില്ല. അതുകൊണ്ടുതന്നെ കിട്ടുന്നത് ലാഭം, അതായിരുന്നു എള്ളുകൃഷിയുടെ സവിശേഷത.

വെളിച്ചെണ്ണയും കടുകെണ്ണയും നിലക്കടലയെണ്ണയും സൂര്യകാന്തിയെണ്ണയും തവിടെണ്ണയും ഒലിവെണ്ണയും തുടങ്ങി ഭക്ഷ്യ- പാചക എണ്ണകൾ നിരവധിയാണ്. പക്ഷേ മലയാളിയ്ക്ക് 'നല്ലെണ്ണ' എള്ളെണ്ണ തന്നെയാണ്. തീപ്പൊള്ളലേറ്റാൽ എള്ള് അരച്ചു പുരട്ടിയിരുന്നു. എള്ളിൻറെ ഇല വയറിൻറെ അസുഖങ്ങൾക്ക് പ്രതിവിധിയാണെന്നും അരച്ചുപുരട്ടിയാൽ ദേഹത്തിന് മൃദുത്വം ഉണ്ടാകുമെന്നും പഴമക്കാർ വിശ്വസിച്ചു. ഓണാട്ടുകരയിലും മറ്റും മകരം, കുംഭം, മീനം മാസങ്ങളിൽ എള്ള് വളർന്നുനിൽക്കുന്ന വയലുകളിലൂടെയായിരുന്നു എല്ലാവരുടെയും സഞ്ചാരം. അതിനാലാകാം 'എള്ളിന് ഏഴു വഴി' എന്ന് കാരണവന്മാർ പറഞ്ഞു

വെച്ചിരിക്കുന്നത്. എള്ളിൻപാടങ്ങളിലൂടെ നടന്നു നടന്ന് നെടുകയും കുറുകയും വഴിത്താരകൾ ഏറെയുണ്ടാകും. എള്ളിനിടയിലൂടെ നടക്കാമെന്നത് ഒരു സാമ്പ്രദായിക രീതിയായിരുന്നു. ഇങ്ങനെ നടന്നിട്ടുള്ളവർക്കറിയാം അതൊരനുഭവമാണ്. ഹൃദ്യമായൊരു സുഗന്ധം നമുക്ക് അനുഭവവേദ്യമാണ്. കിങ്ങിണി തൂങ്ങിയ പോലെയുള്ള എള്ളിൻ പൂവിൽ നിന്നും തേൻ നുകരാനെത്തുന്ന തേനീച്ചകളും നാനാജാതി ശലഭങ്ങളും തുമ്പികളും എള്ളിനിടയിൽ സദാ പാറി പറന്നു നടക്കുന്നുണ്ടാകും. മഞ്ഞണിഞ്ഞ പ്രഭാതങ്ങളിലാണ് എള്ളിനിടയിലൂടെ നടക്കുന്നതെങ്കിൽ എള്ളിൻറെ ഇലയിൽ പറ്റി നിൽക്കുന്ന മഞ്ഞുകണങ്ങൾ നമ്മുടെ ദേഹത്ത് ഉരുമി ശീതളിമയുടെ ഒരു ഇളം സ്പർശമായിട്ടാണ് അത് അനുഭവപ്പെടുക.

ആയുർവേദവിധിപ്രകാരം കുഴമ്പും എണ്ണയും തയ്യാറാക്കുന്നതിൽ എള്ളെണ്ണ പ്രധാന ചേരുവയാണ്. അത് ഓണാട്ടുകര എള്ളിൻറെ എണ്ണയാണെങ്കിൽ അതിന് ഇരട്ടി ഗുണമെന്നാണ് പരമ്പരാഗത വിശ്വാസം. ഓണാട്ടുകരയിലെ എള്ളെണ്ണ തേച്ചാൽ തലമുടിയ്ക്ക് എണ്ണക്കറുപ്പും ഏഴഴകുമെന്നാണ് പറഞ്ഞു പതിഞ്ഞ വിശ്വാസം. എള്ളെണ്ണയൊഴിച്ച് തിരി കത്തിച്ച് അതിൻറെ കരി പിഞ്ഞാണത്തിൽ ശേഖരിച്ചു സൂക്ഷിച്ചാണ് പണ്ട് കണ്ണെഴുതാനും പൊട്ടുകുത്താനും കണ്മഷി ഉണ്ടാക്കിയിരുന്നത്. എള്ളിൻറെ വിളവെടുപ്പുകാലമായാൽ എള്ളിടിച്ചതും, എള്ളുണ്ടയും മറ്റും ഇവിടെ സാർവ്വത്രിമായ ഭക്ഷ്യവിഭങ്ങളായിരുന്നു. എള്ളും കരുപ്പെട്ടിയും കൂടി ഉരലിലിട്ട് ഇടിച്ച് ഉണ്ടാക്കുന്ന എള്ളുണ്ടയുടെ രുചി ഒന്ന് വേറെ തന്നെയാണ്. എള്ളും കരുപ്പെട്ടിയും കൂടി ചേർത്ത് ഇടിച്ചെടുത്താൽ അത് ഏറ്റവും രുചിദായകവും ആരോഗ്യദായകവുമായ ഭക്ഷണപദാർത്ഥമാണ്. ഇപ്പോൾ നാം വിപണിയിൽ നിന്നും വാങ്ങുന്ന എത്ര വില കൂടിയ എള്ളുണ്ടക്കും ഈ സ്വാദുകിട്ടില്ല.

തകഴി ധർമ്മശാസ്താക്ഷേത്രത്തിലെ പ്രധാന വഴിപാടാണ് എണ്ണസേവ. പല മാരക രോഗങ്ങൾക്കും ഒരു സിദ്ധൗഷധമായി ഇവിടെ നിവേദിച്ച എള്ളെണ്ണ ഇപ്പോഴും ഉപയോഗിച്ചു പോരുന്നുണ്ട്. ഓണാട്ടുകരയിലെ എള്ളുകൃഷിയുടെ പ്രാമുഖ്യം പരമ്പരാഗത ആയുർവേദ വൈദ്യന്മാരുടെ സംഖ്യാബലം, തകഴി ധർമ്മശാസ്താക്ഷേത്രത്തിലെ ഔഷധ എണ്ണ വഴിപാടുമെല്ലാം പണ്ടു പണ്ടേ ഈ പ്രദേശത്തുണ്ടായിരുന്ന ബുദ്ധമത സ്വാധീന







## ...എന്ന് വായനക്കാർ

കേരളത്തിലെ ഭവനരഹിതരായ എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി വീടെന്ന സ്വപ്നം സാക്ഷാത്കരിക്കുക എന്ന മഹത്തായ ലക്ഷ്യം മുൻനിർത്തി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ ലൈഫ് ഭവനപദ്ധതിയുടെ, ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസം ലക്ഷ്യമിടുന്ന, മൂന്നാംഘട്ടത്തിൽ പൊതുജനപങ്കാളിത്തത്തോടെ ആരംഭിച്ചിട്ടുള്ള 'മനസ്സോടിത്തിരി മണ്ണ്' ജനകീയ ക്യാമ്പയിൻറെ പ്രാധാന്യം വിശദീകരിച്ചും ഭൂമി സംഭാവന ചെയ്തവരെ പരിചയപ്പെടുത്തിയും ബഹു തദ്ദേശസ്വയംഭരണ,എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. എം.വി ഗോവിന്ദൻ മാസ്റ്റർ പ്രസിദ്ധീകരിച്ച് ലേഖനം സർക്കാരിന്റെ ലക്ഷ്യം സൂചിപ്പിക്കുന്നതും പൊതുജനങ്ങൾക്ക് പ്രചോദനമേകുന്നതുമായി. ജനകീയ ഇടപെടലിന്റെ ഭാഗമായി പദ്ധതി പൂർണവിജയത്തിലെത്തിക്കുന്നതിന് ജനങ്ങൾ ഇതേറ്റെടുക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുപോലെ ഗ്രാമപഞ്ചായത്തുകളുടെ വരുമാനസ്രോതസ്സുകളെ പരിചയപ്പെടുത്തി ശ്രീ.എം ഗോപകുമാർ പ്രസിദ്ധീകരിച്ച ലേഖനവും വളരെയധികം അറിവ് പകരുന്നതും പ്രയോജനകരവുമായിരുന്നു. ഇ- ഗ്രാം സ്വരാജ് പോർട്ടലിന്റെ സവിശേഷതകളെ കുറിച്ചും പ്രവർത്തനത്തെകുറിച്ച് പ്രസിദ്ധീകരിച്ച ലേഖനവും കാലികപ്രസക്തവും ജീവനക്കാർക്ക് അറിവ് പകരുന്നതുമായി എന്നു പറയട്ടെ. ചുരുക്കത്തിൽ പഞ്ചായത്ത് രാജ് മാസികയുടെ ഡിസംബർ ലക്കം മികച്ചതും അറിവ് പകരുന്നതുമായിരുന്നു. സർക്കാരിന്റെ ജനക്ഷേമപ്രവർത്തനങ്ങൾ ജനങ്ങളിലും ജീവനക്കാരിലും എത്തിക്കുന്നതിൽ മുൻനിരയിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് രാജ് മാസികയുടെ അണിയറയിൽ പ്രവർത്തിച്ച എല്ലാപേർക്കും അഭിനന്ദനങ്ങൾ.

**പി. ബാബുരാജ്**
മലപ്പുറം

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2020@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്.

ത്തെയാണ് ഓർമിപ്പിക്കുന്നത്. ബുദ്ധവിഹാരങ്ങളോടനുബന്ധിച്ചുള്ള ചികിത്സാലയങ്ങളിൽ എണ്ണയും തൈലവുമൊക്കെയടങ്ങുന്ന പ്രാചീന ചികിത്സാ രീതികൾ നിലനിന്നിരുന്നുവെന്ന് ചരിത്ര സൂചനകളുണ്ട്. ഹോമപൂജാദികർമങ്ങളിലും എള്ളിന് വളരെയധികം പ്രാധാന്യമാണുള്ളത്. പിതൃപൂജാ ചടങ്ങുകളിലെല്ലാം എള്ള് അനിർവ്വാര്യമാണ്. പിതൃശുദ്ധി ചടങ്ങിൽ എള്ളുകൊണ്ട് ഹോമിക്കുകയാണ് ചെയ്യുന്നത്. എള്ളും വെള്ളവും കയ്യിലെടുത്തു മരിച്ചുപോയ പിതൃക്കൾക്കായി നടത്തുന്ന തിലോദക സമർപ്പണത്തിലും എള്ള് കൂടിയേതീരൂ. ഹൈന്ദവാചാരപ്രകാരം അസ്ഥി സഞ്ചയനകർമ്മങ്ങളുടെ ഭാഗമായി പട്ടടയിൽ നവധാന്യങ്ങൾ വിതയ്ക്കുമ്പോൾ അതിലും എള്ള് പ്രധാനം തന്നെ.

എള്ളുമായി ബന്ധപ്പെട്ട നിരവധി ചൊല്ലുകളും ശൈലികളും മലയാളിക്ക് ഏറെ പരിചിതമാണ്.

- എണ്ണ ചോരുന്നതറിയാം
  എള്ള് ചോരുന്നതറിയില്ല!
- എള്ള് കൊറിച്ചാൽ എള്ളോളം
- എള്ളിട തെറ്റിയാൽ വില്ലിട
- എള്ളിലെ ലാഭം - കൊള്ളിലെ ചേതം
- എള്ളിന് ഏഴുവഴി
- എള്ളോളമില്ല പൊളിവചനം
- എള്ളുവിത്തില്ലെന്ന് - പറയുവാനവകാശം കാരണവർക്കല്ലേയുള്ളൂ?

**ആയുർവേദവിധിപ്രകാരം കുഴമ്പും എണ്ണയും തയ്യാറാക്കുന്നതിൽ എള്ളെണ്ണ പ്രധാന ചേരുവയാണ്. അത് ഓണാട്ടുകര എള്ളിന്റെ എണ്ണയാണെങ്കിൽ അതിന് ഇരട്ടി ഗുണമെന്നാണ് പരമ്പരാഗത വിശ്വാസം**

ഇങ്ങനെ എത്രയെത്ര പഴമൊഴികളും ശൈലികളും!

ചെട്ടികുളങ്ങര ഭരണി നാളിൽ ഉത്സവം കണ്ടു മടങ്ങുമ്പോൾ' മലയാളിക്ക് പ്രിയങ്കരനായ ഓണാട്ടുകരയുടെ കവി ശ്രീകുമാരൻതമ്പിയുടെ വരികളാണിത്. അതെ, ഓണാട്ടുകരയുടെ ഉത്സവമായ കുംഭഭരണിയ്ക്കും എള്ളുമായി ഇഴചേർന്ന ചില ബന്ധങ്ങളുണ്ട്. ചെട്ടികുളങ്ങരയിലെ ഈ ഉത്സവകാലം ഇവിടുത്തെ നെൽപ്പാടങ്ങളിലാകെ എള്ള് പൂത്തു നിൽക്കുന്ന കൃഷിക്കാലത്താണ്. എള്ളിൻ കണ്ടങ്ങളിലൂടെയാണ് അംബരചുംബികളായ തേരും കുതിരയും വടം കെട്ടി വലിച്ചു കൊണ്ടുപോയിരുന്നത്. തടികൊണ്ടുണ്ടാക്കിയ കൂറ്റൻ ചാടുകൾക്ക് അഥവാ ചക്രങ്ങൾക്ക് നല്ല ഉരുളിച്ചയും ഇളക്കവും കിട്ടാൻ എള്ളുതന്നെയാണ് ലൂബ്രിക്കൻറായി ഉപയോഗിക്കുന്നത്. ചാക്കിനിടയിലേക്ക് എള്ള് ചുവടോടെ പിഴുതുവയ്ക്കുമ്പോൾ അത് ചതഞ്ഞരഞ്ഞ് ഗ്രീസ്സുപോലെയാകുന്നതിനാൽ ടൺ കണക്കിന് ഭാരമുള്ള കമനീയമായ ഈ അമെയ്പ്പുകൾ അനായാസേന വലിച്ചുകൊണ്ടു പോകുവാൻ കഴിയുന്നു.

ആഹാരമായും ഔഷധമായും ആചാരാനുഷ്ഠാനപരമായുമെല്ലാം ഏറെ പ്രാധാന്യമുള്ള എള്ളു കൃഷി എള്ളിൻറെ തറവാടായ ഓണാട്ടുകരയിൽ നിന്നു പോലും അന്യമാകുമോ? നെൽപ്പാടങ്ങളുടെ ശോഷണവും കാലാവസ്ഥാ വ്യതിയാനവും അതിലുപരി കൃഷിയോടുള്ള ആഭിമുഖ്യകുറവുമെല്ലാം എള്ളുകൃഷിയുടെ തിരോധാനത്തിന് കാരണമായി. സമാനതക ളില്ലാത്ത സവിശേഷതകൾ കണക്കിലെടുത്ത് 'ഓണാട്ടുകര എള്ളിന്' ഭൂമിശാസ്ത്ര സൂചിക ലഭിക്കാനുള്ള നടപടിക്രമങ്ങൾ ഏറെക്കുറെ അന്തിമഘട്ടത്തിലാണത്രേ! ഭൗമശാസ്ത്ര സൂചിക ലഭിക്കുമ്പോഴേക്കും എള്ളുകൃഷി എള്ളോളമെങ്കിലും അവശേഷിക്കുമോ ആവോ? മലയാളിയുടെ മാറുന്ന ശീലങ്ങൾ ഔഷധ-പോഷക മേന്മകളുള്ള എള്ളിനെയും വിസ്മൃതിയിലാക്കുമോ.




## പരസ്യ നിരക്ക്

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |

**പഞ്ചായത്ത്‌രാജ്**

വാർഷിക വരിസംഖ്യ ₹ 120



PANCHAYAT RAJ (Monthly) January 2022
Annual Subscription ₹120, Published on 20 January 2022 RNI. No. : 7959/61




Printed & Published by H. Dineshan IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: H. Dineshan IAS